കോളാമ്പിച്ചെടിയുടെ അടുത്തേയ്ക്കു് ചെന്നു. ഇറുത്തിട്ടുകൊടുക്കുന്ന കോളാമ്പിപ്പൂക്കളെ ആഹ്ലാദത്തോടുകൂടി പെറുക്കിക്കൂട്ടുന്ന, വട്ടമുഖവും ഉണ്ടക്കണ്ണുകളുമുള്ള ആ കൊച്ചു പെൺകുട്ടിയെ നോക്കിക്കൊണ്ടു നിന്നപ്പോൾ അനേകമനേകം നാഴിക അകലെയിരിക്കുന്ന കുഞ്ഞനുജത്തിയെയാണു് ഓർമ്മ വന്നതു്. അവളും ആവശ്യപ്പെട്ടും.

"വാസ്വേട്ടാ..."

"മതിയായോ?" ചോദിച്ചു.

മതിയായി എന്നർത്ഥത്തിൽ അവൾ തലകുലുക്കിയപ്പോൾ കഴുത്തുവരെ ഇറക്കി വെട്ടിയിരുന്ന തലമുടി അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടി ഇരു കവിളിലും വന്നലച്ചു.

അണിഞ്ഞിരുന്ന ഉടുപ്പിന്റെ ഒരറ്റത്തു് പൂക്കളെല്ലാം വാരിയെടുത്തു് ചുണ്ടിലൊരു കുസൃതിച്ചിരിയുമായി നടന്നുപോകുന്ന ആ 'കുഞ്ഞനുജത്തി'യെ കണ്ണിമയ്ക്കാതെ നോക്കി നിന്നു. പെട്ടെന്നു് എന്തോ ഓർത്തിട്ടെന്നവണ്ണം അവൾ തിരിഞ്ഞുനിന്നു സാവധാനം അടുത്തുവന്നു.

"വാസ്വേട്ടാ...എന്റെ അമ്മ എവ്ട്യാ ജോലി ചെയ്ണ്ത്?"

"അങ്ങു് ദൂരെയൊരടത്താ" ഒരു നുണ പറയുകയാണെന്നുള്ള മനസ്സാക്ഷിക്കുത്തുകൂടാതെ, കിഴക്കോട്ടു നീണ്ടുപോകുന്ന റോഡിലേക്കു് വിരൽചൂണ്ടിക്കൊണ്ടാണു് പറഞ്ഞതു്.

"പിന്നെ കമല പറഞ്ഞല്ലോ. വാസേട്ടാ ...നിക്ക് അമ്മയില്ലന്ന്."

ഇടറുന്ന സ്വരത്തിലാണവൾ ആ ആവലാതി പറഞ്ഞത്.

ആ പെണ്ണ് നുണ പറഞ്ഞതാണു തങ്കം, ...പിന്നെ അച്ഛൻ ഓണത്തിനു വന്നപ്പോൾ എന്തെല്ലാം കൊണ്ടുവന്നു തങ്കം?"

എന്തെല്ലാം കൊണ്ടുവന്നെന്ന് എത്രയോ തവണ വിസ്തരിച്ചു പറഞ്ഞിരിക്കുന്നു അവൾ. എങ്കിലും ചോദിച്ചു. വെറുതെയല്ല. പിന്നെ...

പക്ഷെ തങ്കം മറുപടി പറഞ്ഞില്ല. അവൾ ഒരു മറുചോദ്യം ചോദിച്ചു.

"എന്താ വാസേട്ടാ, അച്ഛൻ ഓണംകഴിയണമുന്പ് പോയെ?"

"അതോ...അച്ഛന് ഒരുപാട് ജോലി ചെയ്യാനുണ്ട്. അതുകൊണ്ട് നേരത്തെ പോയി"

വേറെ ഒന്നുംതന്നെ ചോദിക്കുവാനുണ്ടായിരുന്നില്ല, അവൾക്ക്. ഇല്ലിമരങ്ങളുടെ തണലും തളംകെട്ടി നില്ക്കുന്ന വെയിലും കെട്ടിപ്പിണഞ്ഞു കിടക്കുന്ന ഇടവഴിയിലൂടെ നടന്നു പോകുന്ന ആ കൊച്ചുകുട്ടിയെ നോക്കി നിന്നപ്പോൾ ഉള്ളിൽ സഹതാപം ഉറഞ്ഞുകൂടുകയായിരുന്നു.

അതിനേക്കാൾ സഹതാപാർഹരായി എത്രയോ പേർ ചുററുപാടുമുണ്ട്. മാതാപിതാക്കൾ നഷ്ടപ്പെട്ട് അനാഥരായിട്ടുള്ളവർ. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി വിശന്നു നിലവിളിക്കുന്ന പിഞ്ചു കുഞ്ഞുങ്ങൾ......

എങ്കിലും...

വിശപ്പുണ്ടായിരുന്നില്ലെങ്കിലും നായരുടെ കഫേയിലേയ്ക്ക് നടന്നു. വർത്തമാനപ്പത്രവും നിവർത്തി പിടിച്ചുകൊണ്ട് രാഷ്ട്രീയം പറയുകയാണ് രാമകൃഷ്ണൻ.

ഉറിപ്രദേശ് ഭാഗം ഇന്ത്യൻ സേനയുടെ കൈവശത്തിൽ.

ശത്രുവിന്റെ ടാങ്കുകൾക്കും വിമാനങ്ങൾക്കും വന്പിച്ച നാശനഷ്ടങ്ങൾ.

എല്ലാവരും അഭിമാനിക്കുകയാണ് ഭാരതത്തിന്റെ നേട്ടത്തിൽ. നല്ലെണ്ണയിൽ കടലയെണ്ണ കലർത്തി വിററ് ജനങ്ങളെ വഞ്ചിക്കുന്ന രാമകൃഷ്ണനും കഠിനമായ വെറുപ്പുതോന്നി.

കട്ടപ്പത്തിലുള്ള ചായ വലിച്ചുകുടിച്ച്, കണക്കെഴുതി പുറത്തു കടന്നു. റോഡിലൂടെ നടന്നു. കിഴക്കോട്ടേയ്ക്ക് നീണ്ടുപോകുന്ന നിഴലുകളിൽ ചവുട്ടി നടന്നു.

തെങ്ങോലകൾ തണൽവിരിച്ച നിരത്തിലൂടെ ലക്ഷ്യമില്ലാതെ നടക്കുമ്പോൾ മനസ്സു സ്വസ്ഥമായിരുന്നു.

മുട്ടിയുരുമ്മിക്കൊണ്ട് ഒരു സ്ത്രീയും പുരുഷനും വരുന്നു. (മധുവിധുവിന്റെ ലഹരി കഴിഞ്ഞിട്ടില്ലാത്തതിനാലാവാം അവർ 'ഇവനിംഗ് വാക്കിനും' മററും ഇറങ്ങിത്തിരിച്ചിരിക്കുന്നത്.) പുരുഷൻ എന്തോ ഫലിതം പറഞ്ഞു. സ്ത്രീ ചുണ്ടിലൂടെ വിതുമ്പിയെത്തിയ ചിരി കടിച്ചമർത്തിക്കൊണ്ട് കുസൃതി നിറഞ്ഞ കണ്ണുകളുമായി ഭർത്താവിന്റെ മുഖത്തേയ്ക്കു നോക്കി. അപ്പോൾ ആ സ്ത്രീയുടെ മുഖത്തെ മാംസപേശികൾ മനോഹരമായി വളഞ്ഞൊടിഞ്ഞു.

പെട്ടെന്ന് റീത്തയെക്കുറിച്ചോർത്തു. എന്തെങ്കിലും തമാശ പറയുന്നതു കേട്ട് തെട്ടിവരുന്ന പൊട്ടിച്ചിരി കടിച്ചമർത്തി എന്റെ നേരെ നോക്കുമ്പോൾ അവളുടെ മുഖത്തെ മാംസപേശികളും ഇതുപോലെ മനോഹരമായി വളഞ്ഞൊടിയുമായിരുന്നു.

അന്ന്...

പകലുകളിൽ നിറഞ്ഞുനിന്നതു് സംതൃപ്തിയാണ്...

രാത്രികളിൽ ഇക്കിളിപ്പെടുത്തുന്ന കിനാക്കളും...

എങ്ങും നിറഞ്ഞു നിന്നതു് പുഞ്ചിരിയാണ്...

പിന്നാലെ കണ്ണീരും വന്നു. അതിന്റെ പേരാണല്ലോ ജീവിതം!

കൊല്ലമൊന്നു തികയാറായിരിക്കുന്നു; അവളുടെ വിവാഹം കഴിഞ്ഞിട്ട്.

കഴിഞ്ഞ ഓണത്തിനു വീട്ടിൽ പോയില്ല. അച്ഛന് എഴുതി. ജോലിത്തിരക്കാണ്. മൈലുകൾക്കകലെ തന്നെ സ്നേഹിക്കുന്ന



ഒരു കൊച്ചനുജത്തി ഉണ്ടായിരുന്നെങ്കിലും വീട്ടിൽ പോകാൻ തോന്നിയില്ല. മടികൊണ്ടല്ല......

മുന്നിൽക്കൂടി റീത്ത മറെറാരുവനുമായി ഒട്ടിച്ചേർന്ന് നടക്കുന്നതു് കാണാനുള്ള വിമുഖതകൊണ്ട്.

ശബ്ദമുണ്ടാക്കിക്കൊണ്ട് മീൻ നിറച്ച വല്ലവുംകൊണ്ട് ഒരു സൈക്കിൾ കടന്നുപോയി.

കിളിർത്തുവരുന്ന നെൽച്ചെടികൾ നിറഞ്ഞ പാടത്തിന്നരികേയുള്ള മെററൽ വിരിച്ച നിരത്തിലൂടെ മുണ്ടും മടക്കിക്കുത്തിക്കൊണ്ട് നടക്കുമ്പോൾ വിചാരധാരകൾ ഉറഞ്ഞു നിന്നിരുന്നതു് തങ്കത്തിനു ചുററുമായിരുന്നു.

മിക്കവാറും മുറിയിൽ കടന്നു വരും. ഭാസിയുണ്ടെങ്കിൽ ചോദിക്കും.

"ങ്ഹാ! ഈ ചെക്കന്റെ പേരെന്താ?"

"ങ്ഹും...ഞാൻ ചെക്കനല്ലല്ലോ" മുഖം വീർപ്പിക്കുവാൻ തങ്കം മറക്കുകയില്ല.

"അയ്യയ്യേ...ഈ ചെക്കനെന്താ പെണ്ണുങ്ങളിടുന്ന ഉടുപ്പിടുന്നതു്." ഭാസി എളുപ്പം വിട്ടുകൊടുക്കുന്ന മട്ടുകാരൻ അല്ല.

തങ്കം ഒന്നുകൂടി മുഖം വീർപ്പിച്ചു ചിണുങ്ങും പിന്നെ...

ഉണ്ടക്കണ്ണുകളിൽനിന്ന് ആലിപ്പഴം പൊഴിയുന്നതുപോലെ നീർത്തുള്ളികൾ പൊഴിയുന്നതിന് അധിക സമയം വേണ്ട.

ഒരു കിലുക്കാംപെട്ടിപോലെ അവൾ ഓടിനടക്കും. അവൾക്കു വേണ്ടതു് സിഗററുകൂടിനകത്തുള്ള നേർത്ത വെള്ളിക്കടലാസോ അതുപോലെയുള്ള സാധനങ്ങളോ ആയിരിക്കും.

ഓണത്തിനു നാട്ടിൽ വന്ന തങ്കത്തിന്റെ അച്ഛനുമായി പരിചയപ്പെടാൻ സാധിച്ചു.

ആഫീസിലെ വിരസതനിറഞ്ഞ ജോലി കഴിഞ്ഞ് മടങ്ങുകയായിരുന്നു. ദൂരെ വച്ചേ കണ്ടു. അടുത്തു ചെന്നപ്പോൾ തങ്കം വിളിച്ചു പറഞ്ഞു.

"ദാ...വരുന്നതാ, അച്ഛാ..."

ഒരു ചെറുപ്പക്കാരൻ.

അപ്പുക്കുട്ടനെന്നു പേരുള്ള ആ യുവാവ് ഭാരതത്തിന്റെ അതിർത്തി കാക്കുന്ന ഒരു പട്ടാളക്കാരനായിരുന്നു.

ഓണത്തിനു വീട്ടിൽ പോകാതെയിരുന്നതുകൊണ്ട് കൂടെക്കൂടെ ഒരു നല്ല കൂട്ടുകാരനായിരുന്നു.

ശീട്ടുകളിക്കുന്നതിന്

തമാശ പറയുന്നതിന്

...എല്ലാററിനും.

എല്ലായ്പ്പോഴും ചിരിച്ചും രസിച്ചും കഴിഞ്ഞിരുന്ന ആ നല്ല മനുഷ്യന്റെ ഉള്ളിൽ ഒരു ദുഃഖകഥ വീർപ്പടക്കിപ്പിടിച്ചു നിൽപ്പുണ്ടായിരുന്നുവെന്ന് അറിഞ്ഞില്ല.

തെളിഞ്ഞ ആകാശം ഉടുത്ത സന്ധ്യയെയും കൂട്ടിവന്ന ഒരു ദിവസം, പ്രകാശം കുറഞ്ഞ വെയിലും കട്ടി കുറഞ്ഞ നീണ്ട നിഴലുകളും രാത്രിക്കു വഴി മാറിക്കൊടുക്കുന്ന നേരത്ത് ആ നല്ല സ്നേഹിതൻ ഒരു ദുരന്ത കഥ പറഞ്ഞു.

അയാളുടെ ജീവിതകഥ.

ദിവസങ്ങളോളം എന്റെ വിചാരധാരകൾക്ക് ദഹിപ്പിക്കാനാവാതെ മനസ്സിൽ അതു മുഴച്ചുകിടന്നു.

അയാളും ഒരു പ്രേമത്തെ താലോലിച്ച് വളർത്തിയെടുത്തിരുന്നു. രണ്ടു മാസത്തെ അവധിക്കു വന്നപ്പോൾ അവരുടെ വിവാഹം നടന്നു. ഇക്കിളിപ്പെടുത്തുന്ന ഒരു സങ്കല്പത്തിന്റെ സാക്ഷാത്കാരത്തിൽ കുറെ പുത്തൻ പ്രതിജ്ഞകളും പ്രതീക്ഷകളുമായി ഒരു ജീവിതം ആരംഭിക്കുകയായിരുന്നു.

അവധി കഴിഞ്ഞ് മടങ്ങി: അടുത്ത അവധിക്കു കാണാമെന്നുള്ള പ്രതീക്ഷയുമായി. പക്ഷെ അന്ന് അവനു് അറിവില്ലായിരുന്നു, അതു്...

മാസം പത്തു കഴിയുന്നതിനു മുന്പുതന്നെ കമ്പി കിട്ടി. വൈഫ് സീരിയസ്. സ്റ്റാർട്ട് ഇമ്മീഡിയററ്ലി.

ഇല്ലിമരങ്ങളുടെ നിഴലും അവയുടെ ഇടയിലൂടെ ഊർന്നുവീഴുന്ന ചൂടു കുറഞ്ഞ

വെയിലും തളർന്നുറങ്ങുന്ന ഇടവഴിയിൽനിന്നും വീടിന്റെ മുറ്റത്തേക്ക് വേദന നിറഞ്ഞ ജിജ്ഞാസയും ഉള്ളിൽ ഒതുക്കിപ്പിടിച്ചുകൊണ്ട് കയറുമ്പോൾ കാലുകൾ അറിയാതെ ഇടറുന്നുണ്ടായിരുന്നു.

വീട്ടിലെല്ലായിടത്തും വേദന നിറഞ്ഞ നിശ്ശബ്ദതയല്ലേ?

നിലവിളക്കിന്റെ മഞ്ഞ കലർന്ന പ്രകാശത്തിൽ കോടിമുണ്ടുകൊണ്ടു പുതച്ച അവളുടെ ശരീരം കണ്ടു. കൂടെ അമ്മയുടെ കയ്യിൽ പഴന്തുണിയിൽ പൊതിഞ്ഞ, നിറുത്താതെ കരയുന്ന ഒരു ചോരക്കുഞ്ഞിനെയും.

ഒരു വെള്ളിടിയേറ്റതുപോലെ നടുങ്ങിപ്പോയി. ഹൃദയത്തിന്റെ നേർത്ത അറകളിൽ താലോലിച്ചു വളർത്തിയെടുത്ത സ്വപ്നങ്ങൾ പെട്ടെന്ന് തകർത്തെറിയപ്പെട്ടപ്പോൾ, മനസ്സിന്റെ ഓരോ കണികയിലും ജീവിതത്തോടുള്ള വെറുപ്പ് മുറ്റിനില്ക്കുകയായിരുന്നു.

അന്ന് ഇന്ത്യയുടെ മണ്ണും കൊതിച്ചുവന്ന ചൗവ്വിന്റെ പട്ടാളവുമായി നേഫായിലും ലഡാക്കിലും യുദ്ധം നടക്കുകയായിരുന്നു. യുദ്ധസ്ഥലത്തേയ്ക്കു മടങ്ങുമ്പോൾ ഒരൊറ്റ ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. അതിർത്തിയിലെ മരവിച്ച മഞ്ഞു മലകളിൽനിന്നും എന്റെ ജീവനും ശരീരവും തിരിച്ചുപോരരുതേ എന്ന്.

മനുഷ്യരക്തം ഉറഞ്ഞു കിടക്കുന്ന വെണ്മയേറിയ മഞ്ഞുകട്ടകൾ...

മനുഷ്യമാംസം കരിഞ്ഞ മണം മുറ്റിനില്ക്കുന്ന വായു...

മനുഷ്യശവങ്ങളുടെ പുറത്തുകൂടി മാർച്ചു ചെയ്തു. പക്ഷേ അന്നു മരിച്ചില്ല.

പറഞ്ഞു നിർത്തിയപ്പോൾ ആ നല്ല സുഹൃത്തിന്റെ കണ്ണുകളിൽ നനവു പറ്റിപ്പിടിച്ചിരിക്കുന്നതായി തോന്നി. പിന്നീട് ഒത്തിരി കാര്യങ്ങൾ പറഞ്ഞു.

ആകെയുള്ള ഒരു മകളെക്കുറിച്ച്...

അവളുടെ ഭാവിയെക്കുറിച്ചുള്ള സുന്ദര പ്രതീക്ഷകളെക്കുറിച്ച്.

തിരുവോണമായിരുന്നു. തലേ ദിവസം വന്ന ക്ഷണം നടത്തിട്ടുണ്ടായിരുന്നു.

“നാളെ തിരുവോണമാണ്. ഊണ് വീട്ടിലാകാം. ഞാൻ അമ്മയോട് പറഞ്ഞിട്ടുണ്ട്.”

ഊണ് കഴിഞ്ഞ് പലതും സംസാരിച്ചുകൊണ്ടിരുന്നപ്പോഴാണ്...

ചുവന്ന ചായമടിച്ച സൈക്കിളിൽ പോസ്റ്റുമാൻ!

ടെലഗ്രാം!!

അവധി റദ്ദു ചെയ്തിരിക്കുന്നു. ഉടൻ മടങ്ങുക.

വികസിച്ചിരുന്ന തങ്കത്തിന്റെ അമ്മൂമ്മയുടെ മുഖം പെട്ടെന്ന് വാടിപ്പോയി.

“എന്താ...വാസു. ഇങ്ങനെ തുറിച്ചുനോക്കിക്കൊണ്ടു നടക്കുന്നത്?” തടിച്ച മേനോനാണ്. കൂടെ പരിവാരങ്ങളും ഉണ്ട്.

“എവിടേയ്ക്കാ ഇത്ര ധൃതിയിൽ?” ലോഹ്യത്തിനുവേണ്ടിയാണ് ചോദിച്ചത്.

“ഞങ്ങളൊന്നു സിനിമയ്ക്കു പോകുന്നു... വരുന്നോ?”

“ഓ ഇല്ല...നടന്നോ. ഞാൻ വരുന്നില്ല”

ഈയിടെയായി ഒന്നിലും താത്പര്യമില്ല. മുമ്പായിരുന്നെങ്കിൽ ഒരൊറ്റ സിനിമപോലും കാണാതെ വിടുകയില്ലായിരുന്നു.

വഴിയരികിൽ ഉണക്കപ്പുല്ലു തിന്നുകൊണ്ടിരുന്ന പശുവിന്റെ പുറത്തിരുന്ന നീണ്ട വാലുള്ള കാക്കത്തമ്പുരാട്ടി പെട്ടെന്ന് എങ്ങോട്ടോ പറന്നുപോയി.

സമയം സന്ധ്യയാകാൻ തുടങ്ങുന്നു. നെൽച്ചെടികൾക്ക് ഇക്കിളി പകർന്നുകൊണ്ടു കടന്നുവന്ന കാറ്റിൽ ഇരുളിന്റെ നേർത്ത അലകൾ ഇഴുകിപ്പിടിച്ചിട്ടുണ്ടായിരുന്നു. തിരിച്ചു നടക്കാമെന്നു കരുതി. വന്ന വഴിയേ മടങ്ങി. അപ്പോൾ ദൃഷ്ടികൾ ചക്രവാളച്ചെരിവിൽ അലയുകയായിരുന്നു.

സൂര്യന്റെ വെളിച്ചം ഭൂമിയിൽനിന്നും നിശ്ശേഷം മാഞ്ഞിരിക്കുന്നു. എങ്കിലും ചക്രവാളത്തിൽ തുടുപ്പ് ബാക്കിനിന്നു.

നേരത്തേ വഴിയരികിൽ കണ്ട പശുവിനെയും തെളിച്ചുകൊണ്ട് ഒരു പെൺകുട്ടി



ഒഴുകിപ്പോകുന്നതു കണ്ടു. യുവത്വം വിതുമ്പിനില്ക്കുന്ന ആ യുവതിയെ നോക്കി നടക്കുന്നതിൽ അല്പം രസം തോന്നാതിരുന്നില്ല.

“വാസുദേവൻ നായരെവിടെ പോയ് വരുന്നു?” എതിരെ വന്നിരുന്ന കമ്പി ശിപായിയാണ്.

“വെറുതെയിങ്ങനെ നടക്കാനിറങ്ങി... എവിടെ പോയ്‌വരുന്നു?”

“ങ്ഹാ!...നിങ്ങളുടെ ലോഡ്ജിനടുത്തുള്ള വീട്ടുവരെ...പിന്നെ യുദ്ധസ്ഥലത്തുവച്ച് ആ കൊച്ചൻ മരിച്ചു——”

“ഏതു കൊച്ചൻ ???”

“ അപ്പു !!! ”

ഒരു കൊള്ളിമീൻ! ഹൃദയത്തിലെവിടെയോ എന്തോ ഇടഞ്ഞു വീണതുപോലെതോന്നി. മനസ്സിൽ തെളിഞ്ഞുനിന്ന രൂപം തങ്കത്തിന്റേതായിരുന്നു.

അപ്പനും അമ്മയും നഷ്ടപ്പെട്ട കുട്ടി!

മങ്ങിയ ഇരുട്ട് പടർന്നു കിടക്കുന്നു. ടാറിടാത്ത റോഡിലൂടെയും, ചെമ്മണ്ണും പൂഴിയും നിറഞ്ഞ ഇടവഴിയിലൂടെയും വേവലാതി നിറഞ്ഞ അനവധി കാൽപ്പാടുകൾ പതിഞ്ഞു. കാലുകളുടെ ചലനം നിന്നതു തങ്കത്തിന്റെ വീട്ടുപടിക്കലാണ്.

നിറഞ്ഞ നിശ്ശബ്ദത!

വിതുമ്പാൻ തിങ്ങിവിങ്ങി നില്ക്കുന്ന നിശ്ശബ്ദത!!

അല്ല... മർമ്മഭേദകമായ ഏങ്ങലടികൾ. അതിന്റെ നേർത്ത അലകൾ ഇരുളിന്റെ നിശ്ശബ്ദതയിലേക്ക് ചുരുൾ നിവർത്തുന്നുണ്ടായിരുന്നു.

അപ്പുവിന്റെ അമ്മയായിരിക്കും.

പടി കടന്നപ്പോൾ മുറ്റത്ത് നാട്ടുപ്രമാണികൾ കൂടിനില്ക്കുന്നതു കണ്ടു. ആശ്വസിപ്പിക്കുവാൻ വന്നിരിക്കുന്നവരാണവർ. ഉമ്മറത്തു തൂണുംചാരി അപ്പുവിന്റെ അച്ഛൻ ഉരുണ്ടുകൂടുന്ന ഇരുട്ടിലേക്ക് നിർന്നിമേഷനായി നോക്കിക്കൊണ്ട് നില്പുണ്ടായിരുന്നു. ചുളിവീണു തുടങ്ങിയിരിക്കുന്ന നെറ്റിക്കും നരച്ചു തുടങ്ങിയിരിക്കുന്ന പുരികത്തിനും താഴെ വിടർന്ന് പ്രകാശം നശിച്ചു തുടങ്ങിയ കണ്ണുകളിൽനിന്നും ഓരോതുള്ളി കണ്ണുനീർ കവിളിലൂടെ ഒലിച്ചിറങ്ങിയിരുന്നു.

ഓരോ തുള്ളി കണ്ണുനീർമാത്രം.

അകത്തെത്തളത്തിൽ അപ്പുവിന്റെ അമ്മ ഏങ്ങലടിച്ചു കരയുന്നു. തങ്കത്തെ മാറോടടുക്കിപ്പിടിച്ചുകൊണ്ട് എന്തൊക്കെയോ അവ്യക്തസ്വരത്തിൽ പറയുന്നു. വരണ്ട ചുണ്ടുകൾ വലിച്ചുകോട്ടി പുലമ്പുന്നു...... എന്റെ മോൻ......എന്റെ മോൻ മരിച്ചു മോളെ...... എന്റെ മോൻ...... എന്റെ പൊന്നുമോനെ കൊന്നു മോളെ......

അപരിചിതരായ പലരും ആ മുറിയിലുണ്ടായിരുന്നു. സഹതാപം സ്ഫുരിക്കുന്ന നയനങ്ങളുമായി അവർ വൃദ്ധയെ സമാശ്വസിപ്പിക്കുന്നു. ഒന്നും മനസ്സിലാകാതെ കരവലയത്തിൽ ഒതുങ്ങിനിന്നിരുന്ന തങ്കം അമ്മൂമ്മയുടെ ചുളുക്കവീണുതുടങ്ങിയ കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണുനീർ തുടച്ചുകളഞ്ഞു. അതു കണ്ടുനിന്നവർക്കെല്ലാം സങ്കടം വന്നു മുട്ടിപ്പോയി.

പലരും വന്ന് ആശ്വാസവചനങ്ങൾ ചൊരിഞ്ഞു.

പക്ഷെ അപ്പുവിന്റെ അച്ഛൻ ശൂന്യമായ ഇരുട്ടിലേക്ക് നോക്കിക്കൊണ്ട് തൂണും ചാരിനിന്നു. നേരത്തെ ഒലിച്ചിറങ്ങിയ കണ്ണുനീർ കവിളിൽ ഉണങ്ങി പറ്റിപ്പിടിച്ചിട്ടുണ്ടായിരുന്നു. തന്റെ ഒരേ ഒരു മകന്റെ വീരമൃത്യുവിൽ അഭിമാനം കൊള്ളുകയായിരിക്കുമോ, ആ നിസ്സഹായനായ പിതാവ്?

നൊന്തു പെറ്റ് മടിയിലിരുത്തി വളർത്തിയെടുത്ത ‘പൊന്നുമോനെ’ അതിർത്തിയിലെവിടെയോവച്ച് കൊല ചെയ്തതോർത്ത് നെടുവീർപ്പിടുകയായിരുന്ന മാതാവ്.

ദുഃഖം ഉറഞ്ഞുകൂടി നില്ക്കുന്ന അന്തരീക്ഷത്തിൽ ഉയരുന്ന തേങ്ങലുകൾ!

തേങ്ങലുകൾ മാത്രം!!

ഒരു പിതാവിന്റെ നിസ്സഹായത......

ഒരു മാതാവിന്റെ നെടുവീർപ്പുകൾ......

പലതും വന്നു. ചിലർ അപ്പുക്കുട്ടന്റെ ദേശസ്നേഹവിശാലതയെ പ്രകീർത്തിച്ചു. മററു ചിലർ അപ്പുക്കുട്ടന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തിനു മുന്നിൽ കണ്ണുനീരിൽ കുതിർന്ന ആദരാഞ്ജലികൾ അർപ്പിച്ചു. അവരിൽ കരിഞ്ചന്തക്കാരുണ്ടായിരുന്നു, പൂഴ്ത്തിവയ്പുകാരുണ്ടായിരുന്നു, അഴിമതിക്കാരുണ്ടായിരുന്നു, സ്വജന പക്ഷപാതികളുണ്ടായിരുന്നു, ആയിരം രൂപ ശമ്പളം വാങ്ങി പത്തു രൂപ ഡിഫൻസ് ഫണ്ടിലേക്ക് കൊടുക്കുന്നതിന്റെ ഫോട്ടോ പത്രത്തിലിടിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു.

അവസാനം ആദരാഞ്ജലിക്കാരും അനുശോചനക്കാരും പിരിഞ്ഞുപോയി. പതം പെറുക്കിക്കരയുന്ന വൃദ്ധയുടെ ചുററും കൂടിനിന്നിരുന്ന അയൽവാസികളായ ചില പെണ്ണുങ്ങൾ ഒഴിച്ച്.

അവിടെ അന്ന് അന്തിത്തിരി വച്ചില്ല. പേടിപ്പെടുത്തുന്ന ഇരുട്ടിൽ ഒരു ദുഃഖകഥയിലെ അവസാനത്തെ അദ്ധ്യായംപോലെ വീർപ്പടക്കിപ്പിടിച്ച് ആ വീടു നിന്നു. അതിനുള്ളിൽ അഭിലാഷങ്ങളും വികാരങ്ങളുമുള്ള ഒന്നുരണ്ടു മനുഷ്യാത്മാക്കളുമുണ്ടായിരുന്നു. അവരുടെ അന്തരാത്മാവുകൾ കേഴുകയായിരുന്നു. കൊലചെയ്യപ്പെട്ട മകന്റെ തിരിച്ചുവരവിനായി.

കട്ടപിടിച്ച ഇരുട്ടിൽ കുണ്ടും കുഴിയും നിറഞ്ഞ ഇടവഴിയിലൂടെ ലോഡ്ജിലേയ്ക്കു മടങ്ങുമ്പോൾ മനുഷ്യന്റെ നശിച്ച സാമ്രാജ്യ മോഹത്തിനു മുന്നിൽ തകർന്നുവീണ ആ കൊച്ചുകുടുംബത്തെക്കുറിച്ചുള്ള ദുഃഖം മനസ്സിൽ മുനിഞ്ഞു നിൽക്കുകയായിരുന്നു. ഇതുപോലെ എത്ര കുടുംബങ്ങൾ തകർന്നു വീണിരിക്കുന്നു ? എത്രയെണ്ണം വീണുകൊണ്ടിരിക്കുന്നു ?? ഇനി എത്രയെണ്ണം വീഴാനിരിക്കുന്നു ???

ഓരോ വീട്ടിലും ഓരോ തങ്കമുണ്ടെന്നു സങ്കല്പിച്ചു. മകന്റെ മരണത്തിൽ ഹൃദയം പൊട്ടി വിലപിക്കുന്ന മാതാപിതാക്കളും.

ഗെയിററു കടന്ന്, മുറി തുറക്കുമ്പോൾ യുദ്ധത്തെക്കുറിച്ചായിരുന്നു ചിന്ത മുഴുവൻ. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഏററുമുട്ടൽ ആരംഭിച്ചുവെന്നറിഞ്ഞപ്പോൾ അതിൽ ഒട്ടും വിഷമം തോന്നിയില്ല. ഇന്ത്യയുടെ വിജയത്തിൽ ആഹ്ലാദിക്കുകകൂടി ചെയ്തു.

രണ്ടായിരം പാകിസ്ഥാൻ പട്ടാളക്കാർ മരിച്ചു.

ആയിരം ഇന്ത്യൻ ജവാന്മാർ വീരചരമം പ്രാപിച്ചു.

ആ വാർത്ത കേട്ടപ്പോൾ മരിച്ചവരെപ്രതിയെങ്കിലും ഹൃദയത്തിന്റെ കോണുകളിൽ ദുഃഖം ഉടിച്ചുനിന്നില്ല. മൂവായിരം കുടുംബങ്ങൾ അനാഥമായി എന്നോർത്തു വേദിച്ചില്ല.

അറുനൂറോളം ടാങ്കുകൾ തകർക്കപ്പെട്ടു.

അമ്പതുലക്ഷം രൂപ വിലയുള്ള ഓരോ ടാങ്കുകൾ! കണക്കുകൂട്ടി ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാതെ നരകിക്കുന്ന നിർഭാഗ്യവാന്മാർക്ക് അപ്പവും വെള്ളവും നല്കാൻ ആ രൂപ ഉപയോഗിക്കാമായിരുന്നില്ലേ എന്നു ചോദിച്ചില്ല—സ്വന്തം മനസ്സാക്ഷിയോടുപോലും.

പക്ഷേ ഇന്ന് അതെല്ലാം ചോദിക്കാൻ തോന്നിപ്പോകുന്നു.

എന്റെ മനസ്സാക്ഷിയോടു മാത്രമല്ല. പിന്നെ.........

വിശപ്പു തോന്നിയെങ്കിലും ഊണു കഴിക്കുവാൻ തോന്നിയില്ല. കിടക്ക തട്ടിക്കുടഞ്ഞു കിടന്നു. ലൈററ് അണഞ്ഞപ്പോൾ കടന്നുവന്ന ഇരുട്ടിൽ ഒരു യുദ്ധഭൂമിയുടെ ഭീകരതക്ക് നിറംപിടിപ്പിക്കുകയായിരുന്നു.

പണ്ട് കോളജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ എൻ. സി. കേഡററുകൾ നടത്തിയ 'മോക്ക്‌വാറി'നെക്കുറിച്ചുള്ള സ്മരണകൾ ബോധവിഹായസ്സിൽ പാറി നടപ്പുണ്ടായിരുന്നു.

ടടടടടടർർർർ.........

ടടടടടടർർർർ.........

മനുഷ്യനെ മനുഷ്യൻ വെടി വയ്ക്കുകയാണ്.

വികാരവും വിശപ്പും ഉള്ള മനുഷ്യന്റെ ചൂടുള്ള മാംസത്തിലേക്ക് തുളഞ്ഞുകയറുന്ന ബുള്ളററുകൾ.



ചോര.........

ചൂടുള്ള ചോര.........

ചിന്തിക്കാനും കണ്ടുപിടിക്കാനും കഴിവുള്ള മനുഷ്യന്റെ ചുവന്ന ചോര.

ഭാര്യയും സഹോദരിമാരും മാതാപിതാക്കളും പിഞ്ചുകുഞ്ഞുങ്ങളും ഉള്ള മനുഷ്യൻ.

ചാർർർജ്.........

ചാർർർജ്.........

ബയണററിന്റെ വിഷംതേച്ച കൂർത്ത മുനകൾ മനുഷ്യന്റെ ചൂടുള്ള മാംസത്തിലേക്ക് ചുഴിഞ്ഞു കയറുന്നു.

പ്രപഞ്ചത്തിലെ ഏററവും ബുദ്ധിമാനായ മനുഷ്യൻ പിടഞ്ഞു മരിക്കുന്നു. ഒരു തുള്ളി വെള്ളമോ ഒരാശ്വാസ വചനമോ കേൾക്കാതെ നീറി മരിക്കുന്നു.

ചോര.........

പ്രപഞ്ചത്തിലെ സംസ്കാരസമ്പന്നനായ മനുഷ്യന്റെ ചുവന്ന ചോര......

മനുഷ്യനെ മനുഷ്യൻ കൊല്ലുന്നു.........

ഭാര്യയും സഹോദരിമാരും മാതാപിതാക്കളും പിഞ്ചുകുഞ്ഞുങ്ങളും ഉള്ള മനുഷ്യൻ!

മകന്റെ മരണത്തിൽ ഹൃദയം നൊന്തു വിലപിക്കുന്ന മാതാപിതാക്കൾ......

അവരുടെ കണ്ണുനീർ ഉടയ്ക്കുന്ന പേരക്കിടാങ്ങൾ.

ആദ്യമായി യുദ്ധത്തോടു കഠിനമായ വെറുപ്പു തോന്നി. ആർക്കുവേണ്ടിയാണു യുദ്ധം?

രാജ്യത്തെ ജനങ്ങൾക്കു വേണ്ടിയോ ??

..................

എവിടെയോ വായിച്ചുമറന്ന ഒരു വാചകശകലം ഓർമ്മയിൽ ഒഴുകിവന്നു. ഒരാളെ കൊല്ലുന്നവനു കഴുമരം! ആയിരം പേരെ കൊല്ലുന്നവനു വീരചക്രം !!

വിചാരധാരകൾ എപ്പോൾ അവസാനിച്ചുവെന്നും ഉറക്കത്തിന്റെ വിസ്മൃതിയിലേക്ക് എപ്പോൾ വഴുതിവീണുവെന്നും അറിഞ്ഞില്ല. എങ്കിലും ഏതോ മനോഹര സ്വപ്നം കണ്ടുകൊണ്ട് ഞെട്ടിയുണരുകയാണുണ്ടായത്.

കട്ടപിടിച്ച ഇരുട്ടിൽ നിറഞ്ഞ നിശ്ശബ്ദത.

ചീവീടുകളുടെ സ്വകാര്യംപറച്ചിൽപോലുമില്ല.

അല്പം മുമ്പ് കണ്ടുമറന്ന സ്വപ്നത്തെക്കുറിച്ച് ഓർക്കുകയായിരുന്നു.

എന്തിനെപ്പററിയായിരുന്നു ?

ഓ.........അതു്.........

ഒരു പുതിയ ലോകത്തെക്കുറിച്ചായിരുന്നുവോ ?

മനുഷ്യനെ മനുഷ്യനിൽനിന്നു വേർതിരിച്ച് ശത്രുക്കളാക്കുന്ന രാഷ്ട്രങ്ങൾ ഇല്ലാത്ത ലോകം.

ആ രാജ്യത്തു് യുദ്ധമില്ല!

സൈന്യമില്ല!!

ജനങ്ങൾക്കു തമ്മിൽ ശത്രുതയില്ല !!!

എങ്ങും സന്തോഷത്തിന്റെ മുഖങ്ങൾ...

പട്ടിണിയില്ല......ദുഃഖമില്ല......

വിശന്നു നിലവിളിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളില്ലാത്ത ലോകം!

ലാളിച്ചു വളർത്തിയെടുത്ത മകനെ കൊലചെയ്തതിൽ ദുഃഖിക്കുന്ന മാതാപിതാക്കൾ ഇല്ലാത്ത ലോകം!!

ഒരു നെടുവീർപ്പ് നെഞ്ചിൽനിന്നും ഇഴഞ്ഞു് തൊണ്ടയോളം എത്തി. ഉറങ്ങാൻ വേണ്ടി കണ്ണുകൾ ഇറുക്കി അടയ്ക്കുമ്പോൾ കൺപീലികളിൽ നനവു പറ്റിപ്പിടിച്ചിരുന്നു.

മഞ്ഞുപുതഞ്ഞ ഭൂമിയിലേക്ക് പ്രഭാതം അടുത്തുവരുന്നതും ശ്രദ്ധിച്ചുകിടന്നു. ഉദിക്കുന്ന സൂര്യന്റെ ചുവന്ന വെളിച്ചത്തിൽ ഇരുട്ട് അലിഞ്ഞലിഞ്ഞു് ഇല്ലാതാവുകയാണ്. ഉറക്കം കൺപോളകളിൽ തങ്ങിനിന്നിരുന്നുവെങ്കിലും എഴുന്നേററ ഉടനെ പോയതു് തങ്കത്തിന്റെ വീട്ടിലേക്കായിരുന്നു.

കരഞ്ഞു തളർന്നുറങ്ങുന്ന അമ്മൂമ്മയുടെ അടുത്ത് വിശന്നു തളർന്ന് ചുരുണ്ടുകൂടി കിടക്കുന്നു തങ്കം. അടുത്ത് അവളുടെ അപ്പൂപ്പൻ നൊമ്പരപ്പെട്ടിരിക്കുന്നു. അടുത്തു ചെന്നപ്പോൾ പറഞ്ഞു, അല്ല ആവശ്യപ്പെടുകയാണുണ്ടായത്.

"ഇന്നലെ ഇവിടെ ആരും ഒന്നും കഴിച്ചില്ല. തങ്കം......"

ആ കുഞ്ഞനുജത്തിയെ വാരിയെടുത്ത് നായരുടെ കഫേയിലേക്ക് നടന്നു. ആവി പാറുന്ന ഇഡ്ഡലി ആർത്തിയോടെ തിന്നുന്ന തങ്കത്തിനെ പലരും സഹതാപപൂർവ്വം നോക്കി. അപ്പോൾ എന്തെങ്കിലും വിലപ്പെട്ടതു നഷ്ടപ്പെട്ടുപോയി എന്ന ബോധം അവളുടെ ഒരൊററ അണുവിലെങ്കിലും പ്രതിഫലിച്ചു നില്പില്ലായിരുന്നു.

അല്ലെങ്കിൽ നാലു വയസ്സായ ആ പിഞ്ചു പൈതലിന് തന്റെ നഷ്ടത്തിന്റെ ആഴത്തെക്കുറിച്ച് ആലോചിച്ച് നൊമ്പരപ്പെടാനുള്ള കഴിവുണ്ടോ?

കൈകഴുകിച്ച് വീട്ടിലേക്ക് കൊണ്ടുപോകുമ്പോൾ, മുഖത്തേക്കു നോക്കിക്കൊണ്ട് ഇടറുന്ന സ്വരത്തിൽ തങ്കം ചോദിച്ചു.

"വാസേട്ടാ... ...എന്റെ അച്ഛനെന്തു പററി?"

"........."

"എന്റെ അച്ഛനെ—"

കണ്ണു നിറഞ്ഞതു കാണാതിരിക്കുവാൻ മുഖം തിരിച്ചുകളഞ്ഞു.




നനയുന്നുണ്ടോ? മോനേ!

*By* A. K. Abdul Majeed
1st P. D. C. Group iii



STATE & UNIVERSITY PLAYERS



*Left to Right* :—Valsa John (State Hockey), Mary George (University Athletics), C. A. Saramma (University Volleyball).



Sgt. Soman G.
got selection in the
emergency Commission



Sgt. Skariachen P. J.
attended the All India Summer
Training Camp at Belgaum

SECRETARIES OF COLLEGE HOSTELS



CAPTAINS OF WOMEN'S TEAMS



SECRETARIES OF COLLEGE HOSTELS

*Sitting (Left to Right)*:— P. V. Mariamma (Y. W. C. A.), Dr. P. M. Mathai (Principal), S. Ruthamma (W. H.), Susheela P. George (N. W. H.)

*Standing*:—P. M. Abdul Hakeem (Holland), Mathew Cherian (New), M. M. Chacko (Chacko), C. P. Avirachan (Tagore), Kuruvila Samuel (Skinner).

CAPTAINS OF WOMEN'S TEAMS

*Left to Right*:—C. A. Saramma (Volley ball), Kumari Rachel Mathai (Badminton), Kunjamma Verghese (Tenni Koit), Sumathy Abraham (Athletics), Valsa John (Hockey), Mary George (Basket ball).

# മദ്യപാനവും മനോരോഗവും

THOMAS P. MATHEW (Philo.)



മദ്യവും ലഹരിപദാർത്ഥവും ഉപയോഗിക്കാത്തവരും, അമിതമായി ഉപയോഗിക്കുന്നവരും ചുരുക്കമാണ്— പുരുഷന്മാരുടെ കാര്യത്തിൽ മാത്രമല്ല, സ്ത്രീകളുടെ കാര്യത്തിലും.

അമിതമായ തോതിൽ തുടർച്ചയായി മദ്യപിക്കുന്നവർ കുടിച്ചുകുടിച്ച് ലക്കം ലഗാനമില്ലാതെ റോഡരികിൽ വീണുകിടക്കുന്നതും അസഭ്യങ്ങൾ വിളിച്ചുപറയുന്നതും ചിലപ്പോൾ ഭാര്യമാരെ തല്ലുന്നതും ചിലരെങ്കിലും കണ്ടിരിക്കും. ഇങ്ങനെയുള്ള മദ്യപാനികൾക്ക് കാലക്രമേണ മനോരോഗങ്ങൾ പിടിപെടുവാൻ ഇടയുണ്ട്.

ഏതാണ്ട് ശരാശരി 45 വയസ്സിനോടടുക്കുമ്പോഴാണ് ഇങ്ങനെയുള്ള കുടിയന്മാർ മനോരോഗികളായിത്തീരുന്നത്. പാരമ്പര്യവും സാഹചര്യവുമാണ് മനുഷ്യനെ വഴിനടത്തുന്നതെങ്കിലും പാരമ്പര്യത്തിനു മദ്യപാനവുമായി യാതൊരു ബന്ധവും ഇല്ല. ആശങ്ക, പരാജയങ്ങൾ, അസഹനീയമായ ദുഃഖങ്ങൾ, ചില തരത്തിലുള്ള നൈരാശ്യങ്ങൾ മുതലായവയിൽനിന്നുള്ള ഒരു രക്ഷാമാർഗ്ഗമായാണ് മദ്യം ഉപയോഗിക്കുന്നത്. ഭീരുവിനു ധൈര്യവും തളർന്ന് ആശയറ്റവന് പ്രത്യാശയും, ദുഃഖിതന് സന്തോഷവും, പരാജിതന് വിജയവും പ്രദാനം ചെയ്യുവാൻ മദ്യത്തിനു സാധിക്കുന്നു.

യാഥാർത്ഥ്യങ്ങളിൽനിന്നും അസഹനീയമായ മാനസിക സംഘട്ടനങ്ങളിൽനിന്നും ഉള്ള ഒരു രക്ഷാമാർഗ്ഗമായി മദ്യത്തെ ഉപയോഗിക്കുന്നുവെങ്കിലും അതു വരുത്തിവയ്ക്കുന്ന വിന അവൻ അറിയുന്നില്ല. ഇങ്ങനെ ചിന്തിക്കാനും വികാരങ്ങളെ നിയന്ത്രിക്കാനും കഴിവില്ലാത്തവനായി മദ്യപാനി തീരുന്നു.

തുടർച്ചയായുള്ള മദ്യപാനംകൊണ്ട് മദ്യപാനിയുടെ തലച്ചോറിലെ കോശങ്ങൾക്ക് കേട് സംഭവിക്കുന്നു. ആദ്യമായി മദ്യം തലച്ചോറിലെ ഫ്രോണ്ടൽ തലാമിക്ക് ബന്ധത്തിലെ നാഡികളെ ബാധിക്കുന്നു. ക്രമേണ കോർട്ടെക്സിനേയും മദ്യം ബാധിക്കുന്നു. അങ്ങനെ സംസാരിക്കുവാനും നടക്കുവാനും കഴിയാതെ "ക...ക...ക...ള്ള്......ള്ള്" എന്ന് ആടിയാടി പറയുന്ന സ്ഥിതിയിൽ എത്തുന്നു. തലച്ചോറിലെ സെറിബെല്ലത്തിനെ മദ്യത്തിന്റെ വിഷാംശം ബാധിക്കുന്നതുകൊണ്ടാണ് ചില മുക്കുടിയന്മാർ ബോധമില്ലാതെ റോഡരികിലുംമറ്റും വീണുകിടക്കുന്നത്.

ഇങ്ങനെ കാലക്രമേണ മദ്യപാനംകൊണ്ടുണ്ടാകുന്ന മനോരോഗങ്ങൾ പലതാണ്. ഓരോന്നിനെയും ചുരുക്കമായി വിവരിക്കാം.

### *പതോളജിക്കൽ ഇൻറോക്സിക്കേഷൻ:— (Pathological Intoxication)*

മദ്യപാനംകൊണ്ട് മനോരോഗികളാകുന്നവരിൽ 10 % ഈ തരത്തിൽ ഉള്ളവരായിരിക്കും. കുററങ്ങൾ ചെയ്യുവാനുള്ള പ്രവണതയും ഓർമ്മക്കുറവും ഇവരിൽ കാണാം. അപസ്മാരം, ഹിസ്റ്റീരിയ മുതലായ രോഗമുള്ളവരും, തലച്ചോറിനു കേട് പററി

യിട്ടുള്ളവർക്കും അല്പമായി മദ്യപാനം നടത്തിയാലും ഈ രോഗം ഉണ്ടാകാം. ചില ഹോർമോൺ— Blood sugar കുറവായിരിക്കുന്ന അവസരത്തിലും മദ്യപാനം ചെയ്താൽ ഈ രോഗം ഉണ്ടാകാം.

*ഡെലീരിയം ട്രെമൻസ്:—*

## *(Delirium Tremens)*

5 മുതൽ 10 % വരെയുള്ള മദ്യപാനമനോരോഗികൾ ഈ തരത്തിലുള്ളവരായിരിക്കും. വളരെക്കാലം ഇടതുടർച്ചയായി മദ്യപാനം ചെയ്തതിനുശേഷം പെട്ടെന്നു കുടി നിർത്തുന്നവർക്കുണ്ടാകുന്ന ഒരു രോഗമാണിത്. അസ്വസ്ഥത, ആശങ്ക, ഭയം, ഉറക്കമില്ലായ്മ, തലവേദന, തലചുറ്റൽ, വിക്ഷോഭം മുതലായവ രോഗലക്ഷണങ്ങളാണ്. ഇത്തരത്തിലുള്ള രോഗികൾക്ക് സമയ സ്ഥലഭേദങ്ങളൊന്നുമുണ്ടായിരിക്കുകയില്ല. മിഥ്യാഭാവനകൾ രോഗിയെ വഴിനടത്തുന്നുണ്ടായിരിക്കും. എലി, പാമ്പ്, പട്ടി, ആന, അതുപോലെയുള്ള മറ്റു ജന്തുക്കൾ, ചെറിയ പ്രാണികൾഎന്നിവ തന്നെ ചുറ്റിൽനിന്നും ഉപദ്രവിക്കുവാൻ വരുന്നതായി അയാൾ കാണുന്നു. അതുപോലെ ഭീഷണിശബ്ദങ്ങളും മറ്റും അയാൾ കേൾക്കുന്നുണ്ടായിരിക്കും. ഇങ്ങനെ ഇല്ലാത്ത വസ്തുക്കളെ കാണുകയും പറയാത്ത ശബ്ദങ്ങളെ കേൾക്കുകയും ചെയ്ത് രോഗി ഭയപ്പെടുന്നു. ഈ ഭയം ആത്മഹത്യക്ക് രോഗിയെ പ്രേരിപ്പിച്ചേക്കാം. ഇവർ പൊതു താല്പര്യക്കാരായിരുന്നേക്കാം.

പൂർണ്ണ വിശ്രമവും പോഷകാഹാരവും അത്യാവശ്യമാണ്. ഊർജ്ജശക്തിയുള്ള (caloric) ദ്രവ്യാഹാരവും തണുത്ത കുളിയും നല്ലതാണ്. വിറ്റാമിൻ B complex, കറിയുപ്പ് മുതലായവ നല്ല മരുന്നുകളാണ്. 3 മുതൽ 6 വരെ ദിവസങ്ങളിൽ ഈ രോഗലക്ഷണങ്ങൾ കണ്ടേക്കാം. ദീർഘനേരത്തെ സുഖമായ ഉറക്കത്തിനു ശേഷം രോഗി പൂർണ്ണസന്തോഷവാനും സൗഖ്യവാനുമായി ഉണരുന്നു. ഒരാഴ്ചയ്ക്കകം ഇങ്ങനെ വിമുക്തി ഉണ്ടായില്ലെങ്കിൽ പിന്നീടുള്ള കാര്യം സങ്കടകരമായിരിക്കും.

*കോഴ്സാക്കോവ്സ് സൈക്കോസിസ്:*

## *(Korsakow's Psychosis)*

മദ്യപാന രോഗികളായ പുരുഷന്മാരിൽ 10 % ഈ കൂട്ടത്തിൽ പെടുന്നവരാണ്. 25 വർഷത്തിൽ കൂടുതൽ ഉള്ള മദ്യപാനംകൊണ്ടാണ് സാധാരണ ഈ രോഗം ഉണ്ടാകുന്നത്. തലച്ചോറിലെ സെറിബ്രത്തിനു മുറിവുണ്ടായാലും ഈ രോഗം ഉണ്ടാകാം. ആഹാരപരവും, ദഹനപരവുമായ ഉപദ്രവങ്ങൾ, സൗഹാർദ്ദ സ്നേഹിത ബന്ധങ്ങൾ പുലർത്താനുള്ള പ്രയാസം, വലിയ മറവി ഇവകളാണ് പ്രധാന രോഗലക്ഷണങ്ങൾ.

ഒരേ ഡോക്ടറുടെ അടുക്കൽത്തന്നെ പല പ്രാവശ്യം പോകുന്നു. ആദ്യമായിട്ട് പോകുകയാണെന്നാണ് ഓരോ തവണ പോകുമ്പോഴും രോഗി വിചാരിക്കുന്നത്. കാര്യം മനസ്സിലാക്കാതെ പത്രവും മറ്റും വായിക്കുന്നു; അല്പം കഴിഞ്ഞു വാർത്തകൾ ചോദിച്ചാൽ ഒന്നുമില്ല അവർക്ക് പറയുവാൻ. വയറു നിറയെ ആഹാരം കഴിച്ചാലും പിന്നീട് ഒന്നും കഴിച്ചില്ലെന്ന വിചാരമാണ് അവർക്കുള്ളത്. യാതൊന്നിലും ഒരു സ്ഥിരത കാണുന്നില്ല. വർഷങ്ങളായി രോഗിയായി കിടക്കുന്ന ആളും ഇന്നലെ എവിടെ ആയിരുന്നുവെന്നു ചോദിച്ചാൽ പറയുന്ന ഉത്തരം രസാവഹമാണ്. "ഇന്നലെ രാവിലെ കൂട്ടുകാരുംകൂടി മീറ്റിംഗിനു പോയി; ഊണും അല്പം കുടിയും കഴിഞ്ഞ് മാറ്റിനിയും കണ്ട് ഒരു കറക്കവും കറങ്ങി രാത്രിയിൽ വീട്ടിൽ മടങ്ങിയെത്തി." അങ്ങനെ അവരുടെ വർണ്ണന പോകുന്നു. എന്നാലോ വർഷങ്ങളായിക്കാണും അവർ കട്ടിലിൽകിടന്ന് സിനിമ അഭിനയിക്കുവാൻ തുടങ്ങിയിട്ട്— അത്ര കണ്ട് കിടപ്പിലായിരിക്കും അവർ.

പുറമെയുള്ള അവയവങ്ങൾക്ക് മാറ്റങ്ങൾ സംഭവിക്കുന്നു. കൈകാലുകൾക്ക് വേദനയും, വിറയലും, മരവിപ്പും ഉണ്ടാകുന്നു, ആലോചനാശക്തി നഷ്ടപ്പെടുന്നു. ഇങ്ങനെ രോഗലക്ഷണങ്ങൾ ഒന്നോ, രണ്ടോ മാസം നീണ്ടുനില്ക്കുന്നു.

വിറ്റാമിൻ B' ശാരീരികരക്ഷയ്ക്ക് നല്ലതാണ്. പൂർണ്ണവിശ്രമവും, പോഷകാഹാ



രവും, വിറ്റാമിനുകളും അത്യാവശ്യമാണ്. മദ്യം മേലിൽ കുടിക്കുകയും അരുത്.

*അക്യൂട്ട് ആൽക്കഹോളിക് ഹല്ലൂസിനോസിസ്:—*

## *(Acute Alcoholic Hallucinosis)*

20 മുതൽ 25% വരെയുള്ള മദ്യപാനരോഗികൾ ഇങ്ങനെയുള്ളവരാണ്. ദീർഘകാലത്തെ കുടികൊണ്ടുണ്ടാകുന്നതാണ് ഈ രോഗം. ആശങ്ക, മിഥ്യാബോധങ്ങൾ, ഉറക്കമില്ലായ്മ ഇവയാണ് ഈ രോഗത്തിന്റെയും ലക്ഷണങ്ങൾ. ശ്രവണസംബന്ധമായ മിഥ്യാബോധങ്ങളായിരിക്കും കൂടുതലായുള്ളത്. തന്നെക്കുറിച്ച് മറ്റുള്ളവർ സംസാരിക്കുന്നതായി തോന്നുന്നു, അന്യർ തന്നെ ഭയപ്പെടുത്തുന്നു, സ്നേഹിതന്മാർപോലും തന്നെ പരിഹസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നു—ഇങ്ങനെയുള്ള തെറ്റിദ്ധാരണകൾ അവരെ അലട്ടുന്നു. മറ്റുള്ളവർ തന്നെ കൊല്ലുവാനും ഭയപ്പെടുത്തുവാനും തക്കം നോക്കുന്നുവെന്ന് തോന്നുന്നതിനാൽ അവർ ചിലപ്പോൾ പോലീസ് സഹായം തേടുന്നു. ചിലപ്പോൾ ഭയന്ന് ആത്മഹത്യ ചെയ്യാനും ഒരുമ്പെടുന്നു.

ഈ രോഗികൾ അധികവും മറ്റുള്ളവരുമായി ഒത്തിണങ്ങിപ്പോകാതിരുന്നിട്ടുള്ളവരും മൃദുലഹൃദയന്മാരുമായിരിക്കും. കാര്യമായ പ്രതിവിധി ഒന്നുംതന്നെയില്ല.

*ആൽക്കഹോളിക് ഡിറ്റീരിയൊറേഷൻ:*

## *(Alcoholic Deterioration)*

അമിതമായുള്ള മദ്യപാനം കാലാനുഗതമായി തുടരുന്നതിനാൽ ഇത്തരം രോഗികളുടെ വ്യക്തിത്വം (personality) ശിഥിലീകരിക്കപ്പെട്ടു പോകുന്നു. മദ്യപാനരോഗികളിൽ 25% ഈ തരത്തിൽപെടുന്നവരാണ്. മുൻകോപം, മൃഗീയ ഭാവം, ഓർമ്മസ്ഥിരതയില്ലായ്മ, സംശയദൃഷ്ടി, നിരാശ, മനോധൈര്യം ഇല്ലാതാകുക, സ്വകുടുംബത്തെ വെറുക്കുക, വ്യക്തി പ്രഭാവത്തിൽ മാറ്റം വരുത്തുക, സാമൂഹ്യ ഉത്തരവാദിത്വങ്ങൾ ഇല്ലാതാകുക, മുതലായവയാണ് ഇതിന്റെ ലക്ഷണങ്ങൾ. മുഖവും മൂക്കും കരുവാളിക്കുക, തടിച്ചുവീർക്കുക, ബലക്ഷയമുണ്ടാകുക, കിടുകിടുപ്പുണ്ടാകുക, ശാരീരിക ശക്തി വൈവിധ്യമാകുക പ്രതിരോധശക്തി നശിക്കുക മുതലായവയാണ് ഈ രോഗത്തിന്റെ ശാരീരിക ലക്ഷണങ്ങൾ.

*പ്രതിവിധി:—*

നിസ്സാരവും അതേസമയം അംഗീകാര്യവുമായ ഒരു പ്രതിവിധിയും ഇതിനില്ല. ചികിത്സ ഫലവത്താകുന്നത് രോഗിയേയും രോഗത്തിന്റെ കാഠിന്യത്തേയും അടിസ്ഥാന കാരണങ്ങളേയും ലക്ഷണങ്ങളേയും ഡോക്ടറുടെ (therapist = മനോരോഗവിദഗ്ദ്ധൻ) പാടവത്തേയും ആശ്രയിച്ചാണിരിക്കുന്നത്. രോഗിയുടെ പ്രായവും ഒരു പ്രധാനഘടകമാണ്. ചെറുപ്പത്തിലെയുള്ള മദ്യപാനം കൂടുതൽ നാശകരമാണ്. (നമ്മുടെ ഓരോരുത്തരുടെയും സ്നേഹിതന്മാർക്ക് ഇതിൽനിന്നെല്ലാം വിടുതൽ കിട്ടുമെന്ന് വിചാരിക്കുവാനില്ല.)

കുടിയും പുകവലിയും പെട്ടെന്ന് നിർത്തുവാൻ പ്രയാസമായി തോന്നിയേക്കാമെങ്കിലും പൂർണ്ണമായി നിർത്തുക അവശ്യം ആവശ്യമാണ്

മദ്യത്തിന്റെ വിഷാംശം തലച്ചോറിലെ കോർട്ടെക്സിനെ ബാധിക്കുന്നതിനാൽ വൈദ്യ ശുശ്രൂഷ രോഗിക്ക് അത്യാവശ്യമാണ്.

ഹിപ്നോട്ടിസം മുതലായ (Psycho-analytic treatment) മനോപഗ്രഥന ചികിത്സയാണ് ഏറ്റവും ഫലപ്രദമായിട്ടുള്ളത്.

ഇതിനും പുറമേ കണ്ടീഷൻഡ് റിഫ്ളക്സ് ചികിത്സ (Con litioned reflex Tr atment), ആന്റാബ്യൂസ് (Antabuse) എന്നീ ചികിത്സകളും പ്രയോജനകരമായിട്ടുള്ളതാണ്. Conditioned reflex Treatment-ൽ രോഗിയെ എമിറ്റൈൻ (Emetine) കുത്തിവച്ചതിനുശേഷം അയാളെ നല്ലവണ്ണം മദ്യം കുടിപ്പിക്കുന്നു. അതിന്റെ ഫലമായി രോഗി വളരെനേരം ഛർദ്ദിക്കുകയും, അങ്ങനെ മദ്യത്തിന്റെ രുചിയോടും മണത്തോടും വെറുപ്പ് തോന്നുകയും ചെയ്യുന്നു.

Antabuse ഒരു chemical compound (രാസസമ്മിശ്രം) ആണു്. ഇതു് ഗുളികരൂപത്തിൽ രോഗിക്കു് കൊടുക്കുന്നു. അതിനു ശേഷം മദ്യവും കുടിപ്പിക്കുന്നു. അപ്പോഴും രോഗി വളരെയധികം ഛർദ്ദിക്കുകയും മററും ചെയ്യുന്നു. അങ്ങനെ രോഗി മദ്യത്തെ വെറുക്കുന്നു.

ഈ ചികിത്സകൾ കുറെ നാളുകൾ ക്രമമായി ചെയ്താൽ രോഗിക്കു് രോഗത്തിൽനിന്നും വിടുതൽ കിട്ടും.

രോഗിയിൽ ഒരു മാനസിക പരിവത്തനം വരുത്തേണ്ടതു് അത്യാവശ്യമാണു്. എന്നിരുന്നാലും വീണ്ടും ചിലർ മദ്യസേവയിലേക്കു് തിരിച്ചുവന്നേക്കാം. മനുഷ്യമനസ്സിൻെറ കടിഞ്ഞാണില്ലാത്ത കുതിച്ചുപായലിനെപ്പററി ചിന്തിക്കുവാനും, അതിനെ നിയന്ത്രിക്കുവാനും പ്രയാസമാണല്ലോ.



"......അറപ്പുരവാതിലിൽ ഞാൻ കാത്തിരുന്നു."

BALAKRISHNAN. Sr. P. D. C. Group II



# രാഗലോലം

SREEDEVI V. K. K. M. C. Mampal— Old Student

മധുരിക്കുന്ന നോവിൻെറ
മനോരാജ്യത്തിലാണു ഞാൻ
മുരടിക്കാത്ത സ്വപ്നത്തിൻ
സുഖനിദ്രയിലാണു ഞാൻ !

ഒരു കൺകോൺ കടാക്ഷത്തിൽ
പുതുലോകം ഉറക്കവേ
മായാലോകമതിൽ സ്നേഹ–
സാമ്രാജ്യം തീർത്തു നില്പൂ ഞാൻ :

എന്മനോവേദിയിൽ പീഠ–
മൊന്നൊരുക്കിയിരിപ്പൂ ഞാൻ
ദേവാ ! നിന്നെ പ്രതിഷ്ഠിക്കാ
നാരാധിച്ചു വണങ്ങുവാൻ

ആ രാഗവേദിയിൽ മോഹ–
മോദത്തിൻ കുസുമങ്ങളാൽ
മാണിക്യപ്രഭയോലുന്ന
മലർശയ്യയൊരുക്കി ഞാൻ
...............................

നിന്നിലെത്തുന്നു ഹൃദയം
നീയകന്നു വസിക്കിലും
രാവിൽ കാണുന്ന സ്വപ്നത്തിൽ
പകൽ കാണും കിനാവിലും.

നിന്നെയെന്നുള്ളിലുൾച്ചേർക്കാ–
നതിൽ നിർവൃതി കാണുവാൻ
ആശിച്ചാശിച്ചിരുന്നിട്ടും
നീയെനിക്കിന്നമൂർത്തൻ.

നിനക്കു മാത്രമായ് നൽകാൻ
തീർത്തൊരീമുല്ലമാലയിതാ,
നിറഞ്ഞ കൺകളിൽനിന്നു
കണ്ണുനീരൊട്ടു വീണുപോയ്

മുത്തുപോലെ തിളങ്ങുന്നീ
മിഴിനീരിൻെറ ശുദ്ധിയിൽ
വിശ്വം മുഴുവനൽച്ചേന്ന്
വിശ്വാസാർദ്രത കാണുമോ ?



# വൈകിവന്ന വെളിച്ചം

Thomas P. Varghese Class III Physics



അഞ്ഞൂറു രൂപാ കിട്ടിയിട്ട് പതിനഞ്ചു ദിവസങ്ങൾ കഴിഞ്ഞിട്ടില്ല; "കരഞ്ഞൊഴുകുന്ന കാട്ടാറിന്റെ" റോയൽറ്റിയായി ലഭിച്ചതു് ഒരു ചെക്കാണ്. അഞ്ഞൂറു രൂപയുടെ ഒരു ചെക്ക്! ഹൃദയം ആഹ്ളാദത്തിന്റെ നൃത്തവേദിയിൽ നൃത്തം ചെയ്യുകയാണ്. പുസ്തകത്തിന്റെ പ്രതിഫലമായി ഇത്രയും സംഖ്യ ഒന്നിച്ചിതുവരെ ലഭിച്ചിട്ടില്ല. വാക്കൊന്നിനു മൂന്നും, നാലും ഡോളർ വാങ്ങിയ വിശ്വസാഹിത്യകാരന്മാരുടെ കഥകൾ വായിച്ച് അത്ഭുതപ്പെട്ടിട്ടുണ്ട്.

ഇന്ന് അഞ്ഞൂറു രൂപാ ഒന്നിച്ചു ലഭിച്ചിരിക്കുന്നു. താനൊരു വലിയ സാഹിത്യകാരനാണെന്നു രാജനു തോന്നി. ഉറക്കെ വിളിച്ചുപറയുവാനുള്ള ആവേശമുണ്ടായി.

"ഏയ് മാക്ക് ട്വയിൻ, മിസ്റ്റർ ഷാ, ഞാൻ നിങ്ങളെ വെട്ടിക്കും."

പക്ഷേ വിളിച്ചതു ഭാര്യയേയാണ്.

"ലളിതേ!......ലളിതേ!

"എന്താ കാപ്പി വേണോ? പഞ്ചസാര കഴിഞ്ഞൂന്നാ തോന്നുന്നതു്."

"അതിനു നിന്നോടാരാ കാപ്പിക്കാര്യം പറഞ്ഞതു്? നീയിങ്ങു വന്നേ!" അലസതയോടെയാണു അവൾ അരികിൽ വന്നതു്.

"ഒരെഴുത്തുകാരന്റെ ഭാര്യ ആയതിൽ നീയെപ്പോഴെങ്കിലും ദുഃഖിച്ചിട്ടുണ്ടോ?"

"ങേ ഇതു നല്ല ചോദ്യം" എന്ന ഭാവത്തിൽ അവൾ അമ്പരന്നു നിന്നു. വഴക്കിനുള്ള പശ്ചാത്തലമൊരുക്കലാണെന്നു കരുതി അവൾ ചോദിച്ചു "അതിനിപ്പോൾ എന്തുണ്ടായി"

"എന്നാ മോളു ദുഃഖിക്കേണ്ട, ദേ ഇതു കണ്ടോ?" ചെക്കു രാജൻ അവളുടെ നേക്കു നീട്ടി. അവൾ അപ്പോഴും അമ്പരന്നു നില്ക്കുകയാണ്.

"കഴുതേ! ഇതു അഞ്ഞൂറു രൂപയുടെ ചെക്കാണ്."

"കരഞ്ഞൊഴുകുന്ന കാട്ടാ"റിന്റെ റോയൽറ്റി. ആ കവിളുകളിൽ സന്തോഷത്തിന്റെ ഇതളുകൾ വിടർന്നു.

.............................................

ഷർട്ടും, മുണ്ടും മാറി മുടി ചീകുമ്പോൾ ചോദിച്ചു "നിനക്കെന്തൊക്കെ വേണം?"

"സാരീം, ബ്ളൗസും കീറി. പിന്നെ കൊച്ചുമോനു ഒരു ജോഡി ഷർട്ടിനും ട്രൌസറിനും തുണിയെടുക്കാൻ മറക്കരുതു്:"

"ശരി അവനു രണ്ടു ടർലിൻ റെഡിമെയിഡ്"

"നിങ്ങക്കറിഞ്ഞുകൂടെ ഇവിടത്തെ സ്ഥിതി. വല്ലവരും വന്നാൽ ചോറു കൊടുക്കാനൊരു പാത്രം പോലുമില്ല."

"ആകട്ടെ കുറെ സ്റ്റീൽ പാത്രവും വാങ്ങിച്ചേക്കാം."



രാത്രി തിരിച്ചുവന്നതു ടാക്സി കാറിലാണ്. അടുത്തെത്തിയ ലളിതയുടെ മുഖം വാടി. രാജന്റെ ചുണ്ടിലെ മണം അവളോട് എല്ലാം വിളിച്ചറിയിച്ചു.

"ഉണ്ണുന്നോ!"

"വേണ്ടാ"

മേശപ്പുറത്തിരുന്ന നീണ്ട പൊതിയുടെ പാക്കിംഗ് പൊളിച്ചുകൊണ്ടവൾ ചോദിച്ചു.

"എന്തൊക്കെ വാങ്ങി"

"ഇതു മാത്രം........."

ഇളം മഞ്ഞനിറത്തിലുള്ള ദ്രാവകം നിറഞ്ഞ കുപ്പി കണ്ടപ്പോൾ അവൾ ഒന്നു ഞെട്ടി.

"എടീ ജീവിതത്തിൽ ഒരു രസമൊക്കെ വേണം. ഇന്നും നാളെയുമായി ഒരു കഥ എഴുതിത്തീർക്കണം. അതിനാണിവൻ"

"മോനു ഷർട്ടും ട്രൌസറും വാങ്ങിയില്ലേ?"

"അതു നാളെ വാങ്ങാം"

ഷർട്ട് സ്റ്റാണ്ടിൽ കൊളുത്തിയിടാൻ തെക്കെ മുറിയിലേക്കു കടന്നപ്പോൾ, അമ്മയുടെ പഴയ സാരി മൂടിപ്പുതച്ചു കിടക്കുന്ന മോന്റെ മുഖമാണ് കണ്ടതു്. വാടിയ തളിരുപോലെ അവൻ ഉറങ്ങുന്നു.

ഭാര്യയുടെ ആവശ്യങ്ങളുടെ ലിസ്റ്റും മനസ്സിൽ പതിച്ചുകൊണ്ടു പല പ്രാവശ്യം തിരുവനന്തപുരത്തു വന്നു. പക്ഷേ നാടകകൃത്തും, നടന്മാരൊക്കെയായ കൂട്ടുകാരൊന്നിച്ചു ഹോട്ടൽ മുറിയിൽ കയറി ഇളം ദ്രാവകത്തിന്റെ ലഹരിയിൽ എല്ലാ ആവശ്യങ്ങളും ഒഴുകിപ്പോയി. ടാക്സി കാറിൽ വന്നിറങ്ങുന്ന ഭർത്താവിനെ നോക്കി ലളിത നെടുവീർപ്പിടുക മാത്രം ചെയ്തു.

എല്ലാം കഴിഞ്ഞ സംഭവങ്ങളാണ്. അഞ്ഞൂറു രൂപ കിട്ടിയിട്ടു പതിനഞ്ചു ദിവസമേ ആയിട്ടുള്ളു. ഇന്നു ഒരു പോസ്റ്റു കാർഡു വാങ്ങാൻ പണമില്ല. പ്രസാധകന്റെ കത്തു മേശപ്പുറത്തു കിടക്കുന്നു. "സാമ്പത്തികമായി വളരെ വിഷമമാണ്. അഡ്വാൻസു തരുവാൻ തീരെ നിവൃത്തിയില്ല. മാറ്റർ അയക്കു. ശ്രമിക്കാം."



'മാറ്റർ' അയച്ചാൽ ശ്രമിക്കാമെന്ന് ഒരു വരിപോലും എഴുതുവാൻ വയ്യാത്ത അവസ്ഥയാണ്. അഞ്ചാറുദിവസമായി നെഞ്ചിൽ വല്ലാത്തൊരു വേദന. എന്തോ കത്തിയെരിയുന്നതുപോലെ......

ലളിത നിർബന്ധിച്ചിട്ടാണു ഡോക്ടറെ കാണുവാനിറങ്ങിയതു്. പ്രിസ് ക്രിപ്ഷൻ കയ്യിൽ തന്നു ഡോക്ടർ പറഞ്ഞു.

"പേടിക്കാനൊന്നുമില്ല." ഈ മരുന്നുടനെ വാങ്ങിക്കഴിക്കണം.

മെഡിക്കൽ ഷാപ്പിൽ കയറി പ്രിസ്ക്രിപ്ഷൻ കാണിച്ചു ചോദിച്ചു.

"ഈ മരുന്നുണ്ടോ?"

"ഉണ്ട്."

"എന്താണു വില?"

"പന്ത്രണ്ട് എഴുപത്തഞ്ച്..."

നാളെ വരാമെന്നു പറഞ്ഞു കടലാസ്സ് തിരിച്ചുവാങ്ങി.

ഭാര്യയുമായിരുന്നാലോചിച്ചു. എങ്ങനെ മരുന്നു വാങ്ങാനാണ്?

'വാങ്ങാതിരുന്നാൽ ?'

"കൂട്ടുകാരോടു ചോദിക്യായിരുന്നില്ലേ!?"

"എല്ലാററിനോടും ചോദിച്ചു. അല്ല യാചിച്ചു: ഹൃദയശൂന്യന്മാർ"

"എന്തിനാ അപ്പച്ചനു കാശു്?" സംഭാഷണം കേട്ടുകൊണ്ടിരുന്ന കൊച്ചുമോൻ ചോദിച്ചു.

'മോനെ! അപ്പച്ചനു മരുന്നു വാങ്ങാൻ...' ലളിതയാണു പറഞ്ഞതു്.

"എത്ര കാശു വേണം?"

മോന്റെ ചോദ്യം ലളിത പരിഹസിച്ചു.

"ചോദിക്യാണ്, കേട്ടാ തോന്നും അവന്റെ കയ്യിൽ നിറച്ചു കാശാന്ന്."

"നാ കാണണോ?" അവൻ ചോദിച്ചു. ലളിത നിന്നു ചിരിക്കാൻ തുടങ്ങി.

അവൻ അകത്തേക്കുപോയി മേശ വലിച്ച് ധൃതിയിൽ തുറക്കുന്നതും അടയ്ക്കുന്നതും കേട്ടു. തിരിച്ചുവന്നവൻ അമ്മയുടെ നേരെ ഒരു ചെപ്പു നീട്ടി.

"അമ്മ തുറന്ന നോക്ക്"

ലളിത ലജ്ജിച്ചുപോയി. അവന്റെ തന്റേടത്തിൽ താൻ തോററുപോയില്ലേ!? എണ്ണി നോക്കിയപ്പോൾ പതിന്നാലു രൂപയും കുറച്ചു ചില്ലറയും.

"നിനക്കിതെവിടുന്ന കിട്ടിടാ?" ഒരു പിതാവിന്റെ അധികാര സ്വരത്തിൽ രാജൻ ചോദിച്ചു.

"അപ്പച്ചൻ പലപ്പോഴായി തന്നതാ. പിന്നെ പെരുന്നാളിനു തന്നതുമുണ്ട്."

"ദേ, മോനെക്കണ്ടു പഠിയ്ക്ക്. പത്തും അഞ്ചും കിട്ടിയിട്ട് ഇപ്പോ എന്തെ കാര്യമുണ്ടായതു്?"

അപരാധബോധംകൊണ്ട് രാജൻ തല കുനിച്ചു.

മരുന്നുവാങ്ങി തിരിച്ചുവരുമ്പോൾ ചിന്തിക്കുകയായിരുന്നു കൊച്ചുമോനെപ്പററി. പണം വേണ്ടതിലധികം കിട്ടിയിട്ടുണ്ട്. എല്ലാം ഓട്ടപ്പാത്രത്തിലൊഴിച്ച വെള്ളം പോലെ ആയിരുന്നു. ഓരോ പുസ്തകത്തിന്റെയും റോയൽററി കിട്ടുമ്പോൾ പത്തുറുപ്പികയെങ്കിലും സൂക്ഷിച്ചിരുന്നെങ്കിൽ......!



"തിരുമേനി വീട്ടിൽ വന്നിട്ട് ഒന്നും തരാനില്ലല്ലോ. അതുപോരാ, എന്റെ ഈ പശു അങ്ങക്കിരിയ്ക്കട്ടെ."

"ഓ അതു വേണ്ട.. ...........പിന്നെ പരമുവിനു നിർബ്ബന്ധമാണെങ്കിൽ...........ഈശ്വരനിൽ നിന്നു നിനക്കു കിട്ടേണ്ട പുണ്യത്തിനു് ഞാൻ ഇനി ഒരു തടസ്സക്കാരനായിന്ന വേണ്ടാ!"

## INTER-COLLEGIATE WINNERS

*Sitting* (*Left to Right*) :—Miss Kalyanikutty P. (Physical Directress), Dr. P. M. Mathai (Principal), Kunjamma Verghese (Captain).

*Standing* :—Miss Reemy Jacob, Mr. C. P. Andrews (Physical Director), K. Ambujam.

## HOCKEY TEAM 1965-'66

State championship and inter-collegiate winners

*Sitting 1st Row* (*Left to Right*) :—Miss Mini Andrews, Molly Chacko.

*2nd Row* :—Miss Kalyanikutty P. (Physical Directress), Valsa John (Captain), Dr. P. M. Mathai (Principal), Sumathy Abraham, Mr. C. P. Andrews (Physical Director).

*Standing 1st Row* :—Miss John P. Chinnamma, Indira Devi, Gracey, Elizabeth Thomas, Molly Babu.

*2nd Row* :—Miss Annie Philip, Beena Verghese, Sati Devi, Leelamma Thomas, Molly Philip.





HOCKEY TEAM 1965-66
(State Championship and Inter-Collegiate Winners)



CAPTAINS OF MEN'S TEAMS 1965—66



COLLEGE ATHLETIC TEAM 1965—66



STUDENT CHRISTIAN FELLOWSHIP DRAMATIC CLUB 1965—'66

Staged " [illegible] " on 5-8-1965

*Sitting (Left to Right)*:—M/s K. M. Koshy M. Sc. (staff adviser), Sethunath K., P. A. Alexander, N. C. Chacko M. Sc., M. Madhavankutty M. Sc.

*Standing 1st Row*:—M/s M. Mathew (Best actor), Alex M. Chacko, Parameswaran Namboothiri (Best actor), Reji N. K., N. Somasundaram, T. Thomas John (Convener), Thomas George.

*2nd Row*:—M/s Abraham Peter (President), Varughese George, Raju Varughese (Secretary), K. George John (Convener).

THE STUDENT CHRISTIAN FELLOWSHIP COMMITTEE 1965

*Sitting (Left to Right)*:—Prof. T. B. Thomas, M/s Raju Varughese (Secretary), Abraham Peter (President), Thomas John, K M. Koshy, M. Sc. (Staff adviser).

*Standing 1st Row*:— Mr. Kuruvilla George, Miss Sosamma Philip, Miss Susamma Thomas Miss Elizabeth Lila John, Miss Molly Mathew, Mr. Prasad Punnoose.

*2nd Row*:—M/s George John K., C. Varughese, M. K. Thomas, Jose Koshy, Jacob T. Thomas.

*കവിത:*

# രാഗിണി

അബ്ദുൽ സമദ് (Sr. Pre Degree, Econs.)



അന്തിവിളക്കുകൊളുത്തുവാനമ്പര-
ത്തെത്തിയ സോദരി, നീ തന്നെ രാഗിണി!
സ്വച്ഛന്ദശീതള ചാന്ദ്രികാദീപ്തിക്ക
പശ്ചാത്തലമാരചിക്കുമീ വേളയിൽ
ഏകാന്തതയിലെ നിസ്തുല്യദേവനെ-
പ്പുൽകുവാനെത്തിയ നീതന്നെ രാഗിണി!

മേലോട്ടു കൂമ്പും മിഴിപ്പോളകൾക്കുള്ളി-
ലന്തർഭവിച്ച ചിരന്തനാനന്ദവും,
പൊൽക്കരത്താരിലെ മംഗല ദീപവും
ദിക്കാകെ മുറ്റും പരിവേഷസിദ്ധിയും,
സസ്ത്വാത്മകത്വവും സമ്മോഹനത്വവും
രൂപപ്പെടുത്തിയൊരാ മുഗ്ദ്ധ ഭാവവും,
പാരം വിനീതയായുർവ്വീതലത്തിങ്ക-
ലാദരാലർപ്പിച്ച നിർല്ലോപഭക്തിയും,
ഓർക്കിലന്തരമില്ലതിൽ, കാമുകോ-
പാസിതയാകിയ കൈരളിയാണു നീ.

ചാരുവർണ്ണാങ്കിത മംബരമണ്ഡലം
മേലാപ്പുകെട്ടും സവിത്രിതൻ കോവിലിൽ
സർവ്വവുമർപ്പിച്ച തൃപ്തയായ്ത്തീരിലും
നിർമ്മമയാകുമോ, മണ്ണിന്റെ പുത്രി നീ?

സമ്മോഹനത്വമേ, നിന്നെപ്പരിചയ-
മുണ്ടെനിക്കിന്നലെ നാമ്പിട്ട നാൾമുതൽ,
ജീവസൗന്ദര്യം പരിസ്ഫുരിക്കുന്നൊരെ
ന്നോമൽ കിനാക്കളിലീക്ഷിച്ചു നിന്നെ ഞാൻ.

ഞാനറിയാതെയെന്നന്തരംഗാന്തര
സീമയിൽ മന്ദമുണർന്നൊരു കൊള്ളിമീൻ
ലജ്ജാഭരത്താലൊളിച്ചു, തദീയമാം
ലോലാന്തരാഗവിജൃംഭണമന്നു നീ,
നിന്മിഴിക്കോണിലുതിർന്നവലോകന
ഹാരമവിദഗ്ദ്ധമല്ലൊരു നാളിലും!

ഭീതിദമല്ലന്തരാഗ വിചേഷ്ടകൾ;
ഭീഷണമാവുകില്ലേതൊരു സ്പന്ദവും;
കാലപ്പരപ്പിനെക്കോൾമയിർക്കൊള്ളിച്ച
നിന്മനക്കൂടിയിലെന്നുമലിഞ്ഞിടും!

കുങ്കുമ ലിപ്തമാം ചുണ്ടിണത്താരകൾ
ഭിന്നാഭിരാമമായ്ത്തീരുന്ന വേളയിൽ
ആശാഭിലാഷവിരാജിതസ്വപ്നങ്ങൾ
മന്മാനസത്തിലെവിടെയും തങ്ങിടാം.

അപ്പരിപൂതകടാക്ഷപാദങ്ങളാൽ
ശാന്തിയുമേക നീ, രാഗാർദ്രഹൃത്തിതിൽ;
എന്നുമപഹൃതമാകിയ നീതിരു
ഹൃത്തിലെ സ്വപ്നകവാടനിബന്ധനം
ഓർത്തു പരിക്ഷീണനായുഴലുന്ന ഞാൻ
കാംക്ഷിച്ചിരിക്കുന്നു നിൻ പ്രസാദങ്ങളെ.

# അണുബോംബു പൊട്ടിയാൽ

By

P. BALAKRISHNAN Vettikkattil, Kadayiruppu

സമീപഭാവിയിലെങ്ങും ഇൻഡ്യ അണുബോംബ് നിർമ്മിക്കുകയില്ല. അത്രയും നല്ലതുതന്നെ. പക്ഷേ അണുബോംബു നിർമ്മിക്കുന്ന രാജ്യത്തിനു മാത്രമേ അതു് അഭിമുഖീകരിക്കേണ്ടിവരികയുള്ളു എന്നു കരുതുന്നതു് അബദ്ധമാണു്. ജപ്പാന്റെ അനുഭവംതന്നെ ഇതിനു തെളിവു്. അതുകൊണ്ടു് സമീപത്തെവിടെയെങ്കിലും ഒരു അണുബോംബു പൊട്ടിയാൽ ജീവൻ നിലനിർത്താൻ നാം എന്തൊക്കെ അനുഷ്ഠിക്കേണ്ടതുണ്ടെന്നു് അറിഞ്ഞിരിക്കുന്നതു് കാലോചിതമായ ഒരാവശ്യം മാത്രമാണു്.

കാടും, നാടും, നഗരവും എന്നു വേണ്ട സമസ്തവും അണുബോംബിന്റെ പ്രവർത്തനപരിധിയിൽപെട്ടു തന്നെ. ശാലീനത നിറഞ്ഞ ഒരു താഴ്വരയിലായിരിക്കാം, നിങ്ങളുടെ വീടു്. വ്യവസായ കേന്ദ്രങ്ങളും നിങ്ങളിൽനിന്നു് അനേകശതം നാഴികകൾക്കപ്പുറത്തുമായിരിക്കാം; പക്ഷേ നിങ്ങൾ അപകടത്തിൽനിന്നും തീരെ വിമുക്തരല്ല. കാരണം യുദ്ധകാലങ്ങളിൽ വിശേഷിച്ചു് തമസ്കരണം ഏർപ്പെടുത്തിയിട്ടുള്ള രാത്രികാലങ്ങളിൽ ശത്രുവിമാനങ്ങൾക്കു് വഴിതെററാം. പ്രതിരോധം വളരെയേറെ ശക്തിമത്താണെങ്കിൽ ബോംബു് എവിടെയെങ്കിലും, ക്ഷണത്തിൽ നിക്ഷേപിച്ചു് അവർക്കു് രക്ഷപെടേണ്ടതായും വന്നുകൂടാം. ഇങ്ങനെയൊന്നും സംഭവിക്കുകയില്ലെന്നു വെയ്ക്കുക. എങ്കിൽത്തന്നെയും സ്ഫോടനദിവസം എന്തെങ്കിലും ആവശ്യത്തിനു നിങ്ങൾ പട്ടണത്തിൽ എത്തിക്കൂടായ്കയില്ല. ഇതിൽനിന്നെല്ലാം സിദ്ധിക്കുന്ന ഒരു സംഗതി, അണുവിപത്തിന്റെ അപകടച്ഛായയിൽനിന്നും വിമുക്തരല്ല ലോകത്തിലാരും എന്നും അണുസ്ഫോടനത്തിനെതിരായുള്ള പ്രതിരോധ സജ്ജീകരണങ്ങളിൽ ഓരോ പൗരനും സദാ ജാഗരൂകനായിരിക്കേണ്ടതുണ്ടെന്നും ആണു്.

സാധാരണഗതിയിൽ സ്ഫോടനത്തെ മൂന്നായി തരംതിരിക്കാം. ലക്ഷ്യസ്ഥാനത്തിനു മുകളിൽ വായുമണ്ഡലത്തിൽവച്ചു്, ഭൂതലത്തിൽ ലക്ഷ്യസ്ഥാനത്തുവച്ചു്, അഥവാ ലക്ഷ്യസ്ഥാനത്തിനു സമീപമുള്ള സമുദ്രത്തിൽവച്ചു്. ഇതിലെല്ലാം സ്ഫോടനരംഗവുമായുള്ള സാമീപ്യത്തെ ആശ്രയിച്ചിരിക്കുന്നു നിങ്ങളുടെ നിലനില്പു്. ഭൂതലത്തിൽനിന്നും ഒരു 20000 അടി ഉയരത്തിൽ അന്തരീക്ഷത്തിൽവച്ചു് സ്ഫോടനം നടക്കാനാണു് കൂടുതൽ സാദ്ധ്യതയുള്ളതു്. കാരണം ഈ സ്ഫോടനത്തിന്റെ പരിണതഫലം മററുള്ളവയുടേതിനേക്കാൾ ഭയാനകമായിരിക്കുമെന്നുള്ളതുതന്നെ. പക്ഷേ ഇതു വളരെക്കുറച്ചു് റേഡിയോ പ്രസരമേ ഉളവാക്കുകയുള്ളു.

ആകാശത്തിൽവച്ചു് ഒരു അണുബോംബു പൊട്ടുമ്പോൾ സ്ഫോടനനിമിഷത്തിൽത്തന്നെ അതിഭീകരമായ ഒരു ജ്വാലയുണ്ടാകുന്നു. ഞൊടിയിടയിൽ ഏകദേശം 900 അടി വ്യാസത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു അഗ്നിഗോളം പ്രത്യക്ഷപ്പെടുന്നു. ഈ അഗ്നിഗോളം സൂര്യനേക്കാൾ പതിന്മടങ്ങു് പ്രഭാപൂർണ്ണമാണു്. ഇതിൽനിന്നും നാനാദിക്കുകളിലേക്കും മാരകമായ ചൂടും റേഡിയേഷനും വ്യാപിക്കുന്നു. ഈ അഗ്നിശിഖ രണ്ടുമൈൽവരെ അപകടകാരിയാണു്. പക്ഷേ ശക്തിമത്തായ റേഡിയേഷൻ 4000 അടിക്കു ശേഷം വളരെ വേഗത്തിൽ കുറയും. പ്രഥമനിമിഷത്തിൽത്തന്നെ പകുതി റേഡിയേഷനും പറന്നുപോകും. ചൂടിന്റേയും റേഡിയേഷന്റേയും അടിയന്തിര ഫലം ഇതോടെ അവസാനിക്കുകയും ചെയ്യും.

അഗ്നിഗോളത്തെ അനുഗമിച്ചു് സമീപമുള്ള കടലിൽ ഭയങ്കര കോളിളക്കം അനുഭവപ്പെടുന്നു. തിരമാലകൾ ലക്ഷ്യമററു് അടിച്ചുകയറുന്നു. സ്ഫോടനരംഗത്തുള്ള വായു ചുട്ടുപിടിച്ചു് വികസിക്കുന്നതു മൂലമാണു്



ഇതുണ്ടാകുന്നതു്. ഇതോടൊപ്പം മണിക്കൂറിൽ 800 മൈൽ വേഗതയുള്ള ഒരു കൊടുങ്കാററുണ്ടാകുന്നു. ഒന്നര നാഴിക പിന്നിടുമ്പോഴേയ്ക്കും കാററിന്റെ വേഗത 100മൈൽ കണ്ടുകുറഞ്ഞിരിക്കും. കുറെ നിമിഷങ്ങൾക്കു ശേഷം പുറത്തേക്കടിക്കുന്ന കാററിന്റെ പകുതി ശക്തിയുള്ള ഒരു കാററു് സ്ഫോടനസ്ഥലത്തേക്കു് അടിക്കുന്നു. 10 നിമിഷത്തിനകം സ്ഫോടനത്തിന്റെ താല്ക്കാലിക അപകടം അവസാനിക്കും.

സ്ഫോടനരംഗത്തിനു് മുക്കാൽ മൈലുള്ളിൽ ഭൂതലത്തിലാണു നിങ്ങളെങ്കിൽ, നിങ്ങൾ അവശേഷിക്കുന്ന കാര്യം 100 ശതമാനവും സംശയമാണു്. ഭൂമിക്കടിയിലാണു് നിങ്ങളെങ്കിൽ, സ്ഫോടനകേന്ദ്രത്തിനു നേരെചുവട്ടിലല്ലെങ്കിൽ നിങ്ങൾ രക്ഷപ്പെടാൻ സാദ്ധ്യതയുണ്ടു്.

സ്ഫോടനകേന്ദ്രത്തിനു് അരമൈലുള്ളിൽ സർവ്വസ്വവും നശിക്കും. അരമൈലിനും ഒരുമൈലിനും ഇടയ്ക്കു് കോൺക്രീററു് നിർമ്മിതവും ഉരുക്കുകവചങ്ങളുള്ളതുമായ കെട്ടിടങ്ങൾ മാത്രമേ അവശേഷിക്കുകയുള്ളു. ഒരുമൈലിനും ഒന്നരമൈലിനും ഇടയ്ക്കു് ഉരുക്കുകെട്ടിടങ്ങൾക്കു് സാരമായ നാശം സംഭവിക്കും. അതിനും പുറമേ അന്തരീക്ഷത്തിലൂടെ പറന്നുനടക്കുന്ന പൊട്ടിച്ചിതറിയ ചെറുകഷണങ്ങൾകൊണ്ടു് ഭയങ്കരമായ ആപത്തുണ്ടാകാം. പഴയ കെട്ടിടങ്ങൾ പൂർണ്ണമായി നശിപ്പിക്കപ്പെടും. റേഡിയേഷൻ അത്ര അപകടകാരിയല്ലിവിടെ. പക്ഷേ താപജ്വാലമാരകമല്ലെങ്കിലും അപകടകരമാണു്. ബോംബിന്റെ സ്വാധീനവലയം 8 മൈൽവരെയാണു്. 8 മൈലിനകത്തു് പ്ലാസ്റ്റിക്കും ഗ്ലാസ്സും പൂർണ്ണമായി പൊട്ടിത്തെറിക്കും. സ്ഫോടനം നിമിത്തമുണ്ടാകുന്ന തീപിടുത്തം പരത്താൻ കൊടുങ്കാററു സഹായിക്കുന്നു.

ഭൂതലത്തിലോ വെള്ളത്തിലോവച്ചു് അണുസ്ഫോടനം നടക്കുമ്പോൾ ചൂടും അഗ്നിജ്വാലയും നേരിട്ടുള്ള റേഡിയേഷനും അന്തരീക്ഷ സ്ഫോടനത്തോളം എത്തുന്നില്ല. ജലസ്ഫോടനത്തിൽ വളരെക്കുറച്ചു് ചൂടും റേഡിയേഷനും മാത്രമേ ഉണ്ടാകുകയുള്ളു.

ക്ഷുബ്ധതരംഗങ്ങൾ ഒരു മൈലിൽ കൂടുതൽ എത്തുകയുമില്ല. പക്ഷേ ഈ രണ്ടുതരം സ്ഫോടനങ്ങൾക്കും അന്തരീക്ഷ സ്ഫോടനത്തിനില്ലാത്ത ഒരു ദൂഷ്യമുണ്ടു്. അവ റേഡിയോ പ്രസരമേഘങ്ങളെ ഉണ്ടാക്കുന്നു. ഇവ കാററിലൂടെ പറക്കുകയും മാർഗ്ഗമദ്ധ്യത്തിലുള്ള വസ്തുക്കളെ ബാധിക്കുകയും ചെയ്യും. മനുഷ്യർക്കുതന്നെയും ഇവ അധികമായാൽ വിഷമയമാണു്.

നമ്മുടെ സമീപത്തു് ഇത്തരത്തിലൊരു സ്ഫോടനം നടന്നാൽ എന്തുചെയ്യണമെന്നു നോക്കാം. ശത്രുവിമാനങ്ങൾ കണ്ടുപിടിക്കപ്പെട്ടാൽ പ്രധാന പട്ടണങ്ങളിൽ സൈറൺ മുന്നറിയിപ്പുകൾ നല്കപ്പെടും. കരുതൽ നടപടികൾ മുൻകൂട്ടി സ്വീകരിക്കാൻ ഇതു സഹായകമാണു്. ആക്രമണം അവിചാരിതമാണെങ്കിൽത്തന്നെയും, നിങ്ങളുടെ സമീപത്തു് അഭയസ്ഥാനങ്ങളൊന്നുമില്ലെങ്കിൽപ്പോലും നിങ്ങളുടെ രക്ഷയ്ക്കു് സ്വീകരിക്കാവുന്ന പലേ മാർഗ്ഗങ്ങളുമുണ്ടു്.

നിങ്ങൾക്കു കിട്ടുന്ന ആദ്യത്തെ മുന്നറിവു് സ്ഫോടനത്തിന്റെ അന്ധമായ ജ്വാലയായിരിക്കും. ഇതു വരുമ്പോൾ നിങ്ങൾ എവിടെയായിരുന്നാലും കണ്ണുകൾ അടയ്ക്കുക. തുറന്ന പ്രദേശത്താണെങ്കിൽ മുഖം കീഴ്പ്പോട്ടാക്കി കമിഴ്ന്നു കിടക്കുക. ഒരു കെട്ടിടത്തിനു സമീപത്താണെങ്കിൽ അതിന്റെ ഭിത്തിയോടു് കഴിയുന്നത്ര അടുക്കുക. കെട്ടിടത്തിന്റെ മുകളിൽനിന്നു് കല്ലും, മണ്ണും ചാടാൻ തുടങ്ങുമ്പോൾ ഏററവും സുരക്ഷിതമായസ്ഥാനം ഇതാണു്—അവ ഭിത്തിയുടെ അടിവശത്തിനല്പം അകലെ മാത്രമേ വീഴുകയുള്ളു. കൈകൊണ്ടോ കൈവശമുള്ള എന്തുകൊണ്ടെങ്കിലുമോ തല ഉടൻ മൂടണം.

അഗ്നിജ്വാല പാഞ്ഞെത്തുമ്പോൾ നിങ്ങൾ വാതിൽപ്പടിക്കു സമീപത്താണെങ്കിൽ ഉടൻ അകത്തു കടക്കുക; ഒന്നോ രണ്ടോ ചുവടുകൾ മാത്രം മതിയെങ്കിൽ, അകത്തുകടന്നാലുടൻ പ്രവേശനദ്വാരത്തിന്റെ ഇടത്തോട്ടോ വലത്തോട്ടോ മാറുക. ഉടൻ മുഖവും അനാവൃതമായ ശരീര ഭാഗങ്ങളും ആവരണം ചെയ്യുക. നിങ്ങൾ മുറിക്കുള്ളിലാണെങ്കിൽ (വീട്ടിലോ, ഓഫീസ്സിലോ,

സ്റ്റോറിലോ എവിടെയായിരുന്നാലും) കിടക്കയുടെയോ, മേശ, ഡെസ്ക് ഇവയുടെയോ അടിയിൽ അഭയം തേടുക. പൊട്ടിത്തകരുന്ന സ്ഫടികക്കഷണങ്ങളിൽനിന്നു രക്ഷ നേടുവാനാണിത്. ജനാലകളിൽനിന്നും കഴിയുന്നിടത്തോളം അകന്നിരിക്കണം. ആവരണത്തിന് എന്തും ഉപയോഗിക്കാം; ടൈപ്പ്റൈററർപോലും; അല്ലെങ്കിൽ വെളുത്തതോ നേരിയ നിറമുള്ളതോ ആയ എന്തും ആവാം.

നിങ്ങൾ ഒരു പക്ഷേ പാർക്കിലോ മറേറതെങ്കിലും തുറന്ന സ്ഥലത്തോ ആയിരിക്കാം. അവിടെ ധാരാളം മരങ്ങളുണ്ടായിരിക്കുമല്ലോ? അടുത്തുള്ള മരത്തിന്റെ ചുവട്ടിൽ അഭയം തേടുക. ജ്വാലയ്ക്കെതിരെ തിരിഞ്ഞിരിക്കാൻ മറക്കരുത്. ആവരണത്തിന്റെ കാര്യം പറയാനുമില്ല.

കാറിലോ ബസ്സിലോ യാത്രചെയ്യുകയാണെങ്കിൽ ഉടൻ വാഹനംനിർത്തി പുറത്തുകടന്ന് പററിയ അഭയസ്ഥാനം അന്വേഷിക്കണം. റോഡിൽ വിലങ്ങനെ വാഹനങ്ങൾ നിർത്തുകയുമരുത്. താക്കോൽക്കൂട്ടം കാറിനുള്ളിൽ നിക്ഷേപിക്കുക. അതിന്റെ വാതിലുകളും ജനാലകളും അടയ്ക്കുക. ഇത് റേഡിയോ പ്രസരധൂളികളും ബോംബുധൂളികളും അകററിനിർത്താനുതകും. സ്ഫോടനഫലമായുണ്ടാകുന്ന ഉഗ്രമായ ചൂടും കാററും മൂലം നിങ്ങളുടെ കാറിനു കേടുപററാതിരുന്നാൽ സ്ഫോടനത്തിനു ശേഷം അതോടിച്ചുകൊണ്ടു പോകാം. കാറിനേയും അതിലുള്ള ഇന്ധനത്തേയും സ്ഫോടനം മറെറാരു തരത്തിലും ബാധിക്കുകയില്ല.

ശത്രുവിമാനങ്ങളുടെ ലക്ഷ്യം നിങ്ങൾ താമസിക്കുന്ന സ്ഥലം അല്ലായിരിക്കാം. പക്ഷേ അവ മുകളിലൂടെ കടന്നുപോകുമ്പോൾ ആപൽ സൂചന നൽകപ്പെടും. ഉയർന്നും താഴ്ന്നുമുള്ള ആ സ്വരം കേൾക്കുമ്പോൾ ഉടൻ ജാഗ്രത്താവണം. പക്ഷേ പരിഭ്രമിക്കരുത്, ലൈററ് അണയ്ക്കുക, മെയിൻ ഓഫാക്കുക, അടുപ്പിലുള്ള തീ കെടുത്തുക. ഓയിൽ മിഷ്യനുകളുടെ പ്രവർത്തനംപോലും തത്സമയം നിറുത്തണം. കവാടങ്ങൾ ബന്ധിച്ച് പററിയ അഭയസ്ഥാനം തേടുകയും വേണം.

'ഓൾക്ലിയർ' ശബ്ദം പുറത്തുവരുമ്പോൾ ആകാശസ്ഫോടനമാണ് നടന്നതെങ്കിൽ നിങ്ങൾക്കു പുറത്തുവരാം. അടിയന്തിരഫലം അതിനകം അവസാനിച്ചിരിക്കും. ഇടിഞ്ഞുപൊളിഞ്ഞു വീഴുന്ന സാധനങ്ങൾ ശരീരത്തിലേല്ക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. സ്ഫോടനത്തിനുശേഷമുള്ള ഏററവും വലിയ അപകടം തീയിൽനിന്നാണ്. ഒരു വലിയ തീപിടുത്തത്തിൽ അകപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക. അതേസമയം നിങ്ങളുടെ വീട്ടിൽനിന്നാരംഭിച്ചേക്കാവുന്ന ഏതു ചെറിയ തീയും കെടുത്തിക്കളയുകയും വേണം. അഗ്നിശമനികളും മണ്ണും ഇതിനുപയോഗിക്കാം.

തീപിടുത്തമോ കെട്ടിടത്തിന്റെ തകർച്ചയോ മൂലം ഔദ്യോഗിക മുന്നറിയിപ്പിനു മുമ്പ് നിങ്ങൾ അഭയം തേടിയിട്ടുള്ള കെട്ടിടം ഉപേക്ഷിക്കേണ്ടിവരികയാണെങ്കിൽ—അപ്പോൾ വെളിയിൽ പൊടിപടലങ്ങളും മററുമുണ്ടായിരിക്കും—ഏതെങ്കിലും ഒരു തുണികൊണ്ട്—തുവാലയായാലും മതി—നിങ്ങളുടെ മൂക്കും വായും മൂടണം. റേഡിയോ പ്രസരം ബാധിച്ച വസ്തുക്കളൊന്നും അകത്തുകടക്കാതിരിക്കാനാണിത്.

ആകാശ സ്ഫോടനമായിരിക്കും മിക്കവാറും അനുഭവിക്കേണ്ടിവരിക—നിർഭാഗ്യവശാൽ ഒരു സ്ഫോടനം നടക്കുകയാണെങ്കിൽ. ഇത്തരം സ്ഫോടനം വിനാശകരങ്ങളായ റേഡിയേഷനൊന്നും ബാക്കിവയ്ക്കുകയില്ല. അതുകൊണ്ട് അഗ്നിശമനക്കാർക്കും രക്ഷാപ്രവർത്തകർക്കും ഉടൻ സംഭവസ്ഥലത്തേക്ക് കുതിക്കാം.

സ്ഫോടനം കരയിലോ വെള്ളത്തിലോ ആയിരുന്നുവെന്നറിഞ്ഞാൽ തുറന്നുവച്ചിരുന്ന ഭക്ഷണപാനീയങ്ങളൊന്നും കഴിക്കരുത്. കുപ്പിക്കകത്ത് ഭദ്രമായി അടച്ചുസൂക്ഷിച്ചിട്ടുള്ള പാനീയങ്ങൾ (പാൽ, ചായ, വൈൻ മുതലായവ) സുരക്ഷിതമാണ്. കരജല സ്ഫോടനത്തിനു ശേഷം കഴിവതും വേഗത്തിൽ റേഡിയോ പ്രസരം കണ്ടുപിടിക്കാൻ വിദഗ്ദ്ധന്മാരെ അയക്കുന്നതിന് ഗവണ്മെൻറിനു കഴിയണം. റേഡിയോ പ്രസരം ഏറെയുള്ള സ്ഥലമാണെങ്കിൽ നിങ്ങൾ അവിടെനിന്നും മാറിത്താമസിക്കണം. അങ്ങനെയെങ്കിൽ, ധാരാളം സോപ്പുതേച്ച് ഉടനെ കുളിക്കുകയും റേഡിയോ പ്രസരം ബാധിച്ച വസ്തുങ്ങൾ കുഴിച്ചുമൂടുകയും വേണം.

നിങ്ങൾക്ക് റേഡിയേഷൻ ബാധിച്ചിട്ടുണ്ടോ എന്നറിയാൻ ശരിയായ മാർഗ്ഗമൊന്നുമില്ല. അതു ബാധിക്കുമ്പോൾ പ്രത്യേകിച്ചൊന്നും തോന്നുകയില്ല. കാലക്രമത്തിൽ മാത്രമേ റേഡിയേഷൻകൊണ്ടുള്ള രോഗത്തിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുകയുള്ളൂ. കാലദൈർഘ്യം നിങ്ങളെ എത്രമാത്രം റേഡിയേഷൻ ബാധിച്ചിട്ടുണ്ടെന്നുള്ളതിനെ ആശ്രയിച്ചിരിക്കും. വളരെയധികം ബാധിച്ചിട്ടുണ്ടെങ്കിൽ അല്പം ചില മണിക്കൂറുകൾക്കകം അറിയാറാകും. ആദ്യലക്ഷണങ്ങൾ തലചുററും ഞെട്ടലും ആണ്. അതോടനുബന്ധിച്ച് ഛർദ്ദിയും പനിയും അനുഭവപ്പെടുന്നു. നിങ്ങൾക്ക് വേദനയൊന്നും തോന്നുകയില്ല. പക്ഷേ ആലസ്യം, ക്ഷീണം, മാന്ദ്യം, വല്ലായ്മ ഇവ തോന്നാം. ഇതു് പിന്നീടുമാറാം. വീണ്ടും വരാം. ചിലപ്പോൾ ഇതുമൂലം മരണംതന്നെ സംഭവിക്കാം. പക്ഷേ സാധാരണയായി രോഗലക്ഷണങ്ങൾ വളരെക്കാലത്തേക്ക പ്രത്യക്ഷപ്പെടുകയില്ല. അതുപോലെതന്നെ ശാശ്വതമായി ഒരിക്കലും അപ്രത്യക്ഷപ്പെടുകയുമില്ല.

റേഡിയേഷൻ അസുഖത്തിന്റെ ലക്ഷണങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ ഉടൻ ആസ്പത്രിയിലേക്ക് പോവുക. ബോംബാക്രമണത്തിനു ശേഷമുള്ള പരിതഃസ്ഥിതികൾ പ്രതികൂലമാണെങ്കിൽ, നിങ്ങൾക്ക് വൈദ്യസഹായം ലഭിക്കാൻ താമസം നേരിടുന്നുവെങ്കിൽ, നിങ്ങൾക്കുതന്നെ ചെയ്യാവുന്ന ചില നിസ്സാരസംഗതികൾ പറയാം. ശരീരത്തിന്റെ ഊഷ്മാവ് നിലനിർത്തുക, പൂർണ്ണമായി വിശ്രമിക്കുക, നിവൃത്തിയുണ്ടെങ്കിൽ കിടക്കയിൽ കിടക്കുക, ചൂടുള്ള ഭക്ഷണപാനീയങ്ങൾ മാത്രം കഴിക്കുക, പഞ്ചസാരയും പ്രോട്ടീനും ധാരാളമുള്ള ഭക്ഷണസാധനങ്ങൾ കൂടുതൽ കഴിക്കുക; അതോടൊപ്പം തുറന്നുവച്ചിരുന്ന ഭക്ഷണപാനീയങ്ങൾ വർജ്ജിക്കുക.

ഒരു പക്ഷേ എല്ലാവരും അനുഷ്ഠിക്കേണ്ട പ്രധാനകാര്യം സ്വസ്ഥനായി മററുള്ളവരുടെ രക്ഷയെപ്പററി ചിന്തിക്കുകയാണ്. ആകാശാക്രമണത്തിനുശേഷം രക്ഷാപ്രവർത്തനത്തിനും അഗ്നിശമനത്തിനും അനേകംപേരുടെ സേവനം ആവശ്യമുള്ളപ്പോൾ നിങ്ങളുടെ പങ്ക് നിർവ്വഹിക്കുവാൻ മടിക്കരുത്; മറക്കരുത്. സിവിൽഡിഫൻസ് അധികാരികളെ നിങ്ങളുടെ സേവനസന്നദ്ധത മുൻകൂട്ടി അറിയിക്കുന്നതു് നന്ന്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇതിൽ തുല്യപങ്കാണ് വഹിക്കാനുള്ളത്.

ധൈര്യം, സാമാന്യബുദ്ധി, സഹകരണം ഇവ നാമെല്ലാവരും കാണിക്കണം: ഇത്തരം അടിയന്തിരഘട്ടത്തിൽ മാത്രമല്ല, ആക്രമണത്തെ ചെറുക്കാനുള്ള നീണ്ട പരിശീലനകാലത്തും. ഒരു പക്ഷേ ഇതിലുപരിയായി, ഇത്തരം മാരക സ്ഫോടനങ്ങൾ ഈ ഭൂമുഖത്ത് ഇനി ഒരിക്കലും ഉണ്ടാകാതിരിക്കാൻ, ലോകം ആകാംക്ഷയോടെ ഉററുനോക്കിക്കൊണ്ടിരിക്കുന്ന നിരായുധീകരണമെന്ന ആശയം സാക്ഷാത്കരിക്കപ്പെടാൻ, നാം തോളോടുതോൾ ചേർന്ന് പ്രവർത്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

(ഇംഗ്ലീഷിനോട് കടപ്പാട്)

# സാഹിത്യപഠനം

എൻ. ആർ. പണിക്കർ എം. എ., പത്തിയൂർ

ശാസ്ത്രം മനുഷ്യന്റെ സമ്പദ്‌വ്യവസ്ഥയിൽ ദൂരവ്യാപകങ്ങളായ ഫലങ്ങൾ സൃഷ്ടിക്കുന്നതു് കണ്ടറിഞ്ഞതോടെയാണ്‌ ശാസ്ത്രത്തിന്റെ അത്ഭുതപൂർവ്വമായ നേട്ടങ്ങൾ കണ്ടു കണ്ണു മഞ്ഞളിച്ച ചില ചിന്തകന്മാർ ലോകത്തു് ശാസ്ത്രം മതി, മറ്റെല്ലാം തൂത്തുവാരിയെറിയണമെന്നു വാദിച്ചതു്. തോമസ്സ് ലൗ പീക്കോക്ക് (Thomas Love Peacock Four Ages of "Poetry") അത്തരത്തിലുള്ള ഒരാളാണ്‌. സാഹിത്യവും കലയുമെല്ലാം അപരിഷ്കൃത സമുദായത്തിന്റെ പ്രവണതകളാണെന്നും മനുഷ്യൻ ബുദ്ധിപരമായി വളരുന്നതോടെ അതെല്ലാം ഉപേക്ഷിക്കുമെന്നുമാണ്‌ പീക്കോക്കിന്റെ അഭിപ്രായം. ഷെല്ലിയുടെ "Defence of Poetry" എന്ന ഗ്രന്ഥം പീക്കോക്കിന്റെ വാദമുഖങ്ങളെ നേരിടാൻ എഴുതിയതാണ്‌. ഇന്നും പീക്കോക്കിനെ അനുഗമിക്കുന്ന ചിലർ പാശ്ചാത്യ ലോകത്തിലില്ലാതില്ല—" അല്പം കണക്കും കൂടെ കുറച്ചു സംഗീതവും മതി ലോകത്തിൽ " എന്നു വിശ്വസിക്കുന്നവരായിട്ട്.



ശാസ്ത്രത്തിന്റെ കിരണങ്ങൾ നമ്മുടെ നാട്ടിലേക്കു കടന്നുതുടങ്ങിയിട്ടേയുള്ളൂ. അപ്പോഴേക്കും നമ്മുടെ ആളുകൾ പറഞ്ഞുതുടങ്ങിയിരിക്കുന്നു ശാസ്ത്രം മാത്രം മതിയെന്ന്. ശാസ്ത്രപരമായ വിദ്യാഭ്യാസത്തിനു് സർവ്വപ്രാധാന്യം നല്കിക്കൊണ്ടു് നമ്മുടെ വിദ്യാഭ്യാസം ആകെ ഒന്നു ഉടച്ചുവാർക്കണമെന്ന് ആളുകൾ വാദിച്ചുതുടങ്ങിയിട്ടുണ്ട്. ജനസംഖ്യയിലും പാപ്പരത്വത്തിലും ലോകത്തിലെ മറേറതൊരു രാഷ്ട്രത്തിന്റെയും മുൻപന്തിയിൽ നില്ക്കുന്ന ഭാരതത്തെ ആ ദുഃസ്ഥിതിയിൽനിന്നു കരകയററണമെങ്കിൽ ഭാവി ഭാരതത്തിന്റെ വിധാതാക്കളായി കൂടുതൽ ശാസ്ത്രജ്ഞന്മാരും സാങ്കേതിക വിദഗ്ദ്ധന്മാരും ഉണ്ടാവണമെന്നാണ്‌ അവരുടെ വാദം. ദേശാഭിമാന പ്രോജ്ജ്വലമായ ആ പ്രഭാഷണം നമ്മെ നിഷ്പ്രഭരാക്കുകതന്നെ ചെയ്യും!

ശാസ്ത്രം മനുഷ്യനു നേടിത്തന്ന സുഖൈശ്വര്യങ്ങളെക്കുറിച്ചോ, അവന്റെ മുമ്പിൽ തുറന്നിട്ടിരിക്കുന്ന വിജ്ഞാന ഭണ്ഡാഗാരത്തെക്കുറിച്ചോ, മനുഷ്യരാശിയുടെ പുരോഗതിയിൽ അതു വഹിക്കാനിരിക്കുന്ന പങ്കിനെക്കുറിച്ചോ ആർക്കും പരാതിയില്ല. ഡ്രൈഷർകാറിന്റെയും ജററ്ഫ്രെയിനിന്റെയും യുഗത്തിൽനിന്നു കാളവണ്ടിയുടെ യുഗത്തിലേക്കു തിരിച്ചുപോകണമെന്നു വാദിക്കുന്നവർ തികഞ്ഞ വിഡ്ഢികൾ തന്നെയായിരിക്കും. ഭാരതത്തെ സംബന്ധിച്ച് കൂടുതൽ ശാസ്ത്രജ്ഞന്മാരും സാങ്കേതിക വിദഗ്ദ്ധന്മാരും വേണമെന്ന കാര്യത്തിലും ആർക്കും പക്ഷാന്തരമില്ല. പക്ഷേ ശാസ്ത്രപരമായ വിദ്യാഭ്യാസം സാർവ്വത്രികവും സർവ്വപ്രധാനവുമാക്കണമെന്ന പറയുമ്പോൾ, ഒന്നാം ക്ലാസ്സു മുതൽ ഫിസിക്സും, കെമിസ്ട്രിയുമല്ലാതെ മറെറാന്നും പഠിപ്പിക്കേണ്ട എന്നു വാദിക്കുമ്പോൾ, കലാശാലകളിൽ ഭാഷാവിഷയങ്ങൾ തൊട്ടുതെറിപ്പിക്കുകപോലുംവേണ്ടാ എന്നു മുറവിളി കൂട്ടുമ്പോൾ അല്പം ചിന്തിക്കാതിരിക്കാൻ തോന്നുന്നില്ല.



വിദ്യാഭ്യാസത്തിൽ ചെയ്യുന്ന ഏതൊരു പരീക്ഷണവും അവധാനതയോടെ, ദൂരവ്യാപകങ്ങളായ ഫലങ്ങൾ പരിഗണിച്ചുകൊണ്ട് ചെയ്യേണ്ടതാണ്‌. കാരണം തലമുറകളെ ഒന്നോടെ ബാധിക്കുന്ന ഒന്നാണു വിദ്യാഭ്യാസം. ക്ഷണികവും താല്ക്കാലികവുമായ കാര്യങ്ങൾക്കായിരിക്കരുതു് വിദ്യാഭ്യാസത്തിൽ പ്രാധാന്യം. നിർഭാഗ്യവശാൽ നമ്മുടെ വിദ്യാഭ്യാസം ക്ഷണികവും താല്ക്കാലികവുമായ ഭൗതികനേട്ടങ്ങൾ ലക്ഷ്യമാക്കി അധഃപതിച്ചുപോയി എന്നതു ശരിയാണ്‌. പക്ഷേ അതുകൊണ്ടു് പരീക്ഷണങ്ങൾ മൂലം അത്തരം പ്രവണതകളെ പ്രോത്സാഹിപ്പിക്കുന്നതു് ശരിയാണോ എന്ന് വിദ്യാഭ്യാസ വിചക്ഷണന്മാർ ചിന്തിക്കേണ്ടതാണ്‌.

ഇന്നു ലോകത്തിൽ കാണുന്ന അസ്വസ്ഥതകൾക്കും ധാർമ്മികാധഃപതനത്തിനും അടിസ്ഥാന കാരണം സമതുലിത മനഃസ്ഥിതിയുടെയും (Balanced Mentality) സഹാനുഭൂതിയുടെയും അഭാവമാണ്‌. വ്യക്തികളുടെ കാര്യത്തിൽ മാത്രമല്ല, രാഷ്ട്രങ്ങളുടെ കാര്യത്തിലും ഇതു ശരിയാണ്‌. മറെറാരുവന്റെ ആശയങ്ങളെയും, വികാരങ്ങളെയും—അവ നല്ലതായാലും ചീത്തയായാലും—സഹാനുഭൂതിയോടെ വീക്ഷിക്കാനും, മാനിക്കാനും ആരും തയ്യാറല്ല. ഭിന്നമായി കാണുന്നതിനെയെല്ലാം ശത്രുതയോടെ വീക്ഷിക്കുന്നതു് സമതുലിതബോധത്തിന്റെ അഭാവത്തെയാണു കാണിക്കുന്നതു്. അതുകൊണ്ടാണ്‌ വിദ്വേഷവും, അക്രമവും, സ്വാർത്ഥതയുമെല്ലാം നമ്മുടെ സ്വഭാവാംശങ്ങളായിപ്പോയതു്. ഏതാനും വിഷയങ്ങൾക്കു മാത്രം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു വിദ്യാഭ്യാസത്തിനു് എങ്ങനെ ഒരു സമതുലിത ബോധമുണ്ടാക്കാൻ കഴിയും?

സാഹിത്യാദി കലകളെ വിദ്യാഭ്യാസ മണ്ഡലത്തിൽനിന്നു തുരത്തണമെന്നു വാദിക്കുന്നതു് ശാസ്ത്രപുരോഗതി നമ്മുടെ ജീവിതത്തിന്റെ സകല മണ്ഡലങ്ങളെയും മാററിമറിച്ചു എന്ന മിഥ്യാബോധംകൊണ്ടാണ്‌. വാസ്തവത്തിൽ ശാസ്ത്രത്തിന്റെ കരങ്ങൾ എത്തിച്ചേരാത്ത ഒരു വലിയ മണ്ഡലം ഇന്നും മനുഷ്യജീവിതത്തിലുണ്ട്—മനുഷ്യന്റെ മനോമണ്ഡലം. യുക്തിചിന്തയും, ശാസ്ത്രീയാപഗ്രഥനവീക്ഷണവും ശാസ്ത്രത്തിന്റെ നേട്ടങ്ങളാണെന്നു കഷ്ടിച്ചു പറയാം. പക്ഷേ ഇവയ്ക്കു് എത്ര പേരുടെ ജീവിതത്തിൽ സ്വാധീനമുണ്ട്. ശാസ്ത്രബിരുദധാരികളുടെയും ശാസ്ത്രജ്ഞന്മാരുടെയും ഇടയിൽപ്പോലും അന്ധവിശ്വാസികളും ശാസ്ത്രീയ വീക്ഷണമില്ലാത്തവരും ധാരാളമാണ്‌. നമ്മുടെ നാട്ടിലാകട്ടെ ശാസ്ത്രത്തെക്കുറിച്ചു നല്ലപോലെ അറിഞ്ഞിട്ടോ, ശാസ്ത്രീയാപഗ്രഥന വീക്ഷണം വളർന്നുവന്നിട്ടോ ഒന്നുമല്ല ശാസ്ത്രത്തിനുവേണ്ടി മുറവിളി കൂട്ടുന്നതു്. ശാസ്ത്രബിരുദധാരികൾക്കേ നല്ല വരുമാനമുള്ള ഉദ്യോഗങ്ങൾ ലഭിക്കൂ. ജീവിതസുഖങ്ങൾ നേടാൻ അവർക്കേ കഴിയൂ എന്ന വെറും താഴ്ന്ന സ്വാർത്ഥപരമായ ഉദ്ദേശ്യമാണ്‌ അതിന്റെ പുറകിലുള്ളതു്. കണ്ണിൽച്ചോരയില്ലാത്ത ഡോക്ടറന്മാരെയും, രാഷ്ട്രത്തെപ്പോലും ഒറ്റുകൊടുക്കുന്ന എൻജിനിയറന്മാരെയും മററും നമ്മുടെ വിദ്യാഭ്യാസം 'പടച്ചു'വിടുന്നതിന്റെ കാരണവും മറെറാന്നല്ല.

മനുഷ്യന്റെ വൈകാരികമണ്ഡലവും, വിചാരമണ്ഡലത്തിന്റെ ഒരു വലിയ അംശവും ഇന്നും ശാസ്ത്രപരിധിക്കു പുറത്താണ്‌. സാഹിത്യാദി കലകളാണ്‌ ആ മണ്ഡലങ്ങളെ അടക്കി ഭരിക്കുന്നതു്. മനുഷ്യനുള്ളിടത്തോളം കാലം അങ്ങനെയായിരിക്കുകയും ചെയ്യും. ശ്രീ എസ്‌. ഗുപ്തൻനായർ ഒരു ഉപന്യാസത്തിൽ നർമ്മബോധത്തോടെ പറഞ്ഞതുപോലെ, ജീവിതം യൗവ്വന തീക്ഷ്ണവും സ്വപ്നസുരഭിലവുമായിരിക്കുന്ന യുവതീയുവാക്കന്മാർ ആദ്യദർശനവേളയിൽ "ആറ്റംസ്പ്ലിററു"' ചെയ്യുന്നതിനെക്കുറിച്ചും, പഞ്ചവത്സര പദ്ധതികളെക്കുറിച്ചും ആവേശപൂർവ്വം സംസാരിക്കാതിരിക്കുന്നതുവരെ, അവരുടെ നിസർഗ്ഗ മോഹനമായ അനുരാഗത്തെക്കുറിച്ച് "അവരുടെ ലൈംഗിക പ്രേരണകൾ ലൈംഗികാഭിമുഖമായിത്തീരുകയാൽ, ഇരുവരും തങ്ങളുടെ വ്യക്തിഗതമായ കാമപ്രേരണകളെ ഒരേ കേന്ദ്രത്തിൽ സമ

"നായിച്ചു" എന്നു് ആരും പറയാത്തതുവരെ സാഹിത്യാദികലകൾക്കു മനുഷ്യജീവിതത്തിൽ സ്ഥാനമുണ്ട്.

## വൈകാരിക സംതൃപ്തി (Emotional Satisfaction)

ഇതു പറഞ്ഞതു് അർത്ഥശൂന്യമായിട്ടല്ല. സാഹിത്യാദികലകളുടെ ഒന്നാമത്തെ പ്രയോജനവും ലക്ഷണവും അതു് മനുഷ്യനു് വൈകാരികസംതൃപ്തി നല്കുന്നു എന്നുള്ളതാണ്. വ്യക്തിയുടെ ശാരീരികവും മാനസികവും ആയ പൂർണ്ണ വളർച്ചയും ആരോഗ്യത്തിനും ഈ വൈകാരിക സംതൃപ്തി അത്യന്താപേക്ഷിതമാണെന്നു് മനഃശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു.

സാഹിത്യം, സംഗീതം തുടങ്ങിയ സുകുമാരകലകളുടെ ലക്ഷ്യം "ബ്രഹ്മാനന്ദസോദര"മായ ആനന്ദം പ്രദാനം ചെയ്യുകയാണെന്നാണ് ഭാരതീയ പൂർവ്വാചാര്യന്മാരുടെ മതം. ഹെഗൽ തുടങ്ങിയ പാശ്ചാത്യ തത്വചിന്തകന്മാർക്കും ഇതേ അഭിപ്രായം തന്നെയാണുള്ളതു്. ഹെഡോണിസ്റ്റുകൾ (Hedonists) അഥവാ ആനന്ദവാദികൾ എന്നു് അവരെ വിളിക്കുന്നു. പക്ഷേ ഐ. എ. റിച്ചാർഡ്സ് തുടങ്ങിയ മനഃശാസ്ത്രപഠിതാക്കളായ ആധുനിക സാഹിത്യ നിരൂപകന്മാരാവട്ടെ ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. ചോദനകളുടെ സമഞ്ജസമായ സമതുലനം (Harmonious equilibrium of impulses) ആണു് സാഹിത്യത്തിന്റെ ലക്ഷ്യം എന്നു് അദ്ദേഹം വിശ്വസിക്കുന്നു. ("Principles of Literary Criticism"
I. A. Richards)

മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ മനുഷ്യന്റെ സിരാപടലം തന്നെയാണു് മനസ്സു്. അപ്പോൾ സ്വാഭാവികമായും സിരാപടലങ്ങളെ ഇളക്കിമറിക്കുന്ന വികാരങ്ങൾ ശരീരത്തിന്റെ ആരോഗ്യത്തെ ബാധിക്കുമല്ലോ? ഏതെങ്കിലും ഒരു ബാഹ്യ സംഭവം, അല്ലെങ്കിൽ അനുഭവം നമ്മിൽ വികാരം ഉണർത്തും. കായികമായ ഒരു പ്രവൃത്തിയിലേ ആ വികാരം സാധാരണഗതിയിൽ സംതൃപ്തിയടയൂ. സംതൃപ്തിയടയുന്നതുവരെ നാം തികച്ചും അസ്വസ്ഥരായിരിക്കും.

പരിഷ്കൃതസമുദായത്തിൽ ജീവിക്കുന്ന ഒരു വ്യക്തിക്കു് കായികപ്രവൃത്തിയിലൂടെ എപ്പോഴും വൈകാരികസംതൃപ്തിയടയാൻ സാധ്യമല്ല. അതു സമുദായത്തിന്റെ നിലനില്പിനെത്തന്നെ ബാധിച്ചേക്കും. അപ്പോൾ സ്വാഭാവികമായി, മാനസികവും ശാരീരികവുമായ ആരോഗ്യം നിലനിർത്തുന്നതിനുവേണ്ടി, വൈകാരികസംതൃപ്തിക്കു മറ്റു മാർഗ്ഗങ്ങളാവശ്യമാണ്. സാഹിത്യാദി കലകൾ വൈകാരികനിർമ്മാർജ്ജനത്തിനുള്ള ഉന്നതവും ഉദാത്തവുമായ ഒരു ഉപാധിയായി പ്രവർത്തിക്കുന്നു.

എഫ്. എൽ. ലൂക്കാസ് തന്റെ "മനഃശാസ്ത്രവും സാഹിത്യവും" (Psychology and Literature) എന്ന ഗ്രന്ഥത്തിൽ ഗോയ്ഥേ തിയേറ്ററുകളിൽ സുന്ദരികളായ സ്ത്രീകളെ കാണുമ്പോൾ പോയി കവിതയെഴുതി ആശ്വാസം നേടാറുണ്ടായിരുന്നു എന്നു് എഴുതിയിട്ടുണ്ട്. കലാകാരനെ സംബന്ധിച്ചു് കലാസൃഷ്ടി വൈകാരികനിർമ്മാർജ്ജനത്തിനും തദ്വാരായുള്ള വൈകാരിക സംതൃപ്തിക്കും ഉപാധിയായി വർത്തിക്കുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണിതു്. ആസ്വാദകനെ സംബന്ധിച്ചും നില ഇതുതന്നെയാണ്. കലാസൃഷ്ടി ആസ്വാദകരിൽ വികാരങ്ങളെ തട്ടിയുണർത്തുന്നു. വികാരങ്ങൾ ഉണരുന്നതോടെ അവന്റെ സിരാപടലങ്ങൾ വിജൃംഭിതങ്ങളാകുന്നു. പക്ഷേ ഇങ്ങനെ ഉണർത്തപ്പെടുന്ന വികാരങ്ങൾ പൊട്ടുന്നനെ, ഒരു കായിക പ്രവർത്തനത്തെ ആവശ്യപ്പെടുന്നില്ല. കലാസ്വാദനം പൂർണ്ണമാവുന്നതോടെ കായികപ്രവർത്തനാനപേക്ഷമായ ഒരു വൈകാരിക സംതൃപ്തി അവനു സംജാതമാകുന്നു. ഉദാഹരണങ്ങൾ തേടി അധികമെങ്ങും പോകേണ്ട. 'റൊമാൻസ്'കൾ വായിച്ചും, ചലച്ചിത്രങ്ങൾ കണ്ടും യുവജനങ്ങൾ തങ്ങളുടെ കാമപ്രേരണകൾക്കു സംതൃപ്തിയുണ്ടാക്കുന്നതു് നമ്മുടെ നിത്യാനുഭവമാണല്ലൊ?

ഈ വൈകാരികസംതൃപ്തി നിസ്സാരമായി തള്ളിക്കളയാവുന്ന ഒന്നല്ല. മനുഷ്യൻ കൂട്ട

COLLEGE FOOTBALL TEAM 1965—66

*On the floor (Left to Right)* :—Mathen Varghese. Joy.

*Sitting* :—Sri C. P. Andrews, Dr. P. M. Mathai (Principal), Oommen Kurien (Captain) and Sri C. T. Benjamin (President).

*Standing 1st Row* :—Jacob, Zachariah, Kuriakose, Jacob Thomas, Sathar, Mohammed (Games boy)

*2nd Row* :—Chinnen, Koshy, Philip Itty, Saithu, Mohan.

BASKETBALL TEAM 1965—'66

Winners of the Ernakulam District Inter-collegiate Knock-out Tournaments

*Squatting (Left to Right* :—M/s Mammen Cherian, George T. George.

*Sitting* :—M/s C. P. Andrews (Physical Director), Alex M. Chacko (Captain), Dr. P. M. Mathai (Principal), James V. Cheeran, T B. Thomas (President).

*Standing* :—M/s V. A. Mathen Bose, Thomas John E , Thomas M. David, Varghese George, M. K. Thomas, Itty Philip, Mohammed (Games boy).

COLLEGE FOOTBALL TEAM 1965—66



BASKETBALL TEAM 1965—66

(Winners of the Ernakulam District Inter-Collegiate Knock-out Tournaments)



VOLLEYBALL TEAM 1965—66



HOCKEY TEAM 1965—66
(Winners of Ernakulam District Inter-Collegiate Knock-out Tournaments)



VOLLEYBALL TEAM 1965—'66

*On the floor (Left to Right)* :—M/s George Mathew and P. X. Xavier.

*Sitting* :—Mr. Joyce Mathew M. Sc (President), Dr. P. M. Mathai (Principal), Mr. M. A. Varghese (Captain) and Mr. C. P. Andrews B. A., D. P. E. (Physical Director).

*Standing* :—M/s George John, Vasudeva Menon, Jose Eapen, Joy Varghese, Samuel Varghese and Mohammad (Games boy).

HOCKEY TEAM 1965—'66

(Winners of the Ernakulam District Inter-collegiate Knock-out Tournaments)

*Sitting (Lef. to Righ:)* :— M/s T. M. Mathew (President), Philip Itty, Dr. P. M. Mathai (Principal), V. A. Saidu (Captain),, C. P. Andrews (Physical Director).

*Standing 1st Row* :—M/s Oommen Kurien, C. P. Varghese, Chacko Varghese, George K. George, Thomas Mathew.

*2nd Row* :—M/s V. C. George, Ninan Zachariah, Abraham Thomas, Suku K. John, Mohammed (Games boy).

ൽ പരിഷ്കൃതനായി വരുന്നതോറും, അവന്റെ ജീവിതം കൂടുതൽ സങ്കീർണ്ണമാവുന്നതോറും ഇത്തരത്തിലുള്ള വൈകാരിക നിർമ്മാർജ്ജനം കൂടുതൽ ആവശ്യമാണ്. വിദ്യാസമ്പന്നരായ ജനങ്ങളുടെ ഇടയിൽ ജന്തുസഹജങ്ങളായ വികാരങ്ങൾ ബാഹ്യമായി വളരെ പ്രത്യക്ഷപ്പെടാത്തതിനു കാരണം വൈകാരികസംതൃപ്തി കായിക പ്രവർത്തനാനപേക്ഷമായി ലഭിക്കുന്നു എന്നുള്ളതാണ്.

## വികാരസംസ്കരണം

വൈകാരികോത്തേജനവും സംതൃപ്തിയും കലകളുടെ മുഖ്യസ്വഭാവമാണെങ്കിലും അതു മാത്രമല്ല അവ ചെയ്യുന്നതു്—പ്രത്യേകിച്ച് സാഹിത്യകല വൈകാരികസംതൃപ്തിയോടൊപ്പം വികാരസംസ്കരണവും അവ നിർവ്വഹിക്കുന്നുണ്ട്.

മനുഷ്യനും ഇതരജന്തുക്കൾക്കും അടിസ്ഥാനവികാരങ്ങൾ പതിന്നാലാണെന്നാണ് മാക്ഡൂഗൽ ഇടങ്ങിയ മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. പ്രാചീന മനുഷ്യനെ സംബന്ധിച്ച് ഈ വികാരങ്ങളുടെ സ്വഭാവം സ്ഥൂലമായിരുന്നു. പക്ഷേ മനുഷ്യൻ വളന്നതോടുകൂടി വികാരങ്ങൾ സൂക്ഷ്മങ്ങളും എണ്ണത്തിൽ കൂടുതലും ആയി. അതായതു് വികാരങ്ങൾ സംസ്കരിക്കപ്പെട്ടു. ഈ വികാരസംസ്കരണത്തിനു് ഒരു വലിയ ഉത്തരവാദിത്വം വഹിച്ചതു് സാഹിത്യാദികലകളാണ്.

വികാരസംസ്കരണത്തിന്റെ മറെറാരംശം വികാരവിചാരങ്ങളുടെ സംയോജനമാണ്. മനുഷ്യൻ തന്റെ വികാരങ്ങളെ നിയന്ത്രിക്കുകയും മററുള്ളവന്റെ വികാരങ്ങളെ മാനിക്കുകയും ചെയ്യുമ്പോഴാണല്ലോ അവൻ സംസ്കാരസമ്പന്നനാവുന്നതു്. ഇതിനു് അവൻ സന്നദ്ധനാവണമെങ്കിൽ അവൻ ചിന്താശീലനായിരിക്കണം. വസ്തുനിഷ്ഠവും നിർവ്വിണ്ണവുമായ യുക്തിചിന്തയോ, ശാസ്ത്രീയചിന്തയോ അല്ല ഈ ചിന്തകൊണ്ടുദ്ദേശിക്കുന്നതു്—വൈകാരികമായ ചിന്തയാണ്. (Emotional thinking) അതായതു് വികാരാനുഭവത്തിൽ നിന്നുടലെടുക്കുന്ന ചിന്തയാണ് മനുഷ്യവികാരങ്ങളെ സംസ്കരിക്കുന്നതു്.

വൈകാരികമായ ചിന്ത ഉണർത്താൻ സാഹിത്യകലയ്ക്കാണ് മറേറതു കലയെക്കാളും കൂടുതൽ കഴിയുന്നതു്. ചിത്രം, സംഗീതം തുടങ്ങിയ കലകൾ നമ്മിൽ ഉണർത്തുന്ന വികാരം ക്ഷണനേരത്തേയ്ക്കു മാത്രമാണ്. അവയ്ക്കു് ഒരു ചിന്തയും നമ്മിൽ ഉണർത്താൻ കഴിയുന്നില്ല. മറിച്ച് സാഹിത്യം ഒരു ദീർഘകാലവികാരാനുഭവം നമ്മിലുണർത്തുകയും, അതുവഴി നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മനുഷ്യജീവിതമാണല്ലോ സാഹിത്യം കൈകാര്യം ചെയ്യുന്നതു്. വൈവിധ്യവും വൈരുദ്ധ്യവും നിറഞ്ഞ മനുഷ്യജീവിതത്തിൽ അവനെ ഏററവും കൂടുതൽ അടുപ്പിക്കുന്നതു് വികാരങ്ങളാണ്. വികാരങ്ങൾക്കു് ജാതിയില്ല, മതമില്ല, രാഷ്ട്രമില്ല. സാർവ്വജനീനവും സാർവ്വലൗകികവുമാണവ. മനുഷ്യജീവിതത്തിലെ നാനാത്വത്തിന്റെ പിന്നിൽ ഏകത്വം നമുക്കു് ദർശിക്കാൻ കഴിയുന്നതു് മനുഷ്യവികാരങ്ങളിലാണ്. അപ്പോൾ വികാരം കൈകാര്യം ചെയ്യുന്ന സാഹിത്യാദികലകൾ മറ്റേതൊരു മനുഷ്യനിർമ്മിതമായ സ്ഥാപനത്തെക്കാളും കൂടുതലായി മനുഷ്യനെ അടുപ്പിക്കുന്നതിൽ അത്ഭുതമില്ല. വെറുതെയല്ല വേർഡ്സ്‌വർത്ത് ജാതിക്കും വർഗ്ഗത്തിനും മതത്തിനും എല്ലാം അതീതമായി മനുഷ്യനെ നിർമ്മിക്കുന്ന കനകശൃംഖലയാണ് കവിത എന്നു പറഞ്ഞതു്.

നമുക്കു് തുല്യരായ ആളുകളോടു നമുക്കു് സ്നേഹം തോന്നുന്നതു് അനുഭവസിദ്ധമാണല്ലോ? മനുഷ്യരെല്ലാം അടിസ്ഥാനപരമായി തുല്യരാണെന്ന ബോധം വരുന്നതോടെ മനുഷ്യരെയെല്ലാം നാം സ്നേഹിച്ചുപോകുന്നു. മനുഷ്യവികാരം കൈകാര്യം ചെയ്യുന്ന സാഹിത്യം നമുക്കു തരുന്ന മൂല്യവത്തായ ബോധം ബാഹ്യമായി എന്തെല്ലാം വ്യത്യാസങ്ങളുണ്ടെങ്കിലും മനുഷ്യരെല്ലാം ഒന്നാണെന്നാണ്. ഇംഗ്ലീഷുകാരനായാലും, ഭാരതീയനായാലും, ഹിന്ദുവായാലും, ക്രിസ്ത്യനായാലും, സ്ത്രീയായാലും, പുരുഷനായാലും അവരെല്ലാം കരയുകയും ചിരിക്കുകയും പ്രേമിക്കുകയും അസൂയപ്പെടുകയും ചെയ്യുന്ന കേവല മനുഷ്യരാണ്. ഈ മനുഷ്യരെ നമുക്കു് സ്നേഹിക്കാതിരിക്കാൻ സാദ്ധ്യമല്ല; കാ

ർണം അവർ നാം തന്നെയാണ്. മനുഷ്യസ്നേഹികളായ മഹാകവികൾ നമ്മുടെ മനസ്സിൽ വരച്ചിടുന്ന കേവല മനുഷ്യരുടെ ചിത്രങ്ങൾ നമ്മിൽ സഹാനുഭൂതി ഉണർത്തി നമ്മെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നു; ആ ചിന്ത നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കാനും മററുള്ളവരുടെ വികാരങ്ങളെ മാനിക്കാനും ഉള്ള പ്രേരണ നമ്മിൽ ജനിപ്പിക്കുന്നു; അങ്ങനെ നാം സംസ്കാരസമ്പന്നരാവുന്നു.

സാഹിത്യത്തിന്റെ ധാർമ്മികമൂല്യം ഇതാണ്. പുരാതന ഭാരതീയ ആചാര്യന്മാർ മുതൽ ഇന്നത്തെ സാഹിത്യനിരൂപകർ വരെ ഈ ധാർമ്മികമൂല്യത്തെക്കുറിച്ച് ബോധമുള്ളവരാണ്. സാഹിത്യം പകരുന്ന ധാർമ്മികപ്രവണത ഒരു നിമിഷംകൊണ്ടു പ്രത്യക്ഷപ്പെട്ടു എന്നുവരില്ല. സാഹിത്യാസ്വാദനത്തിലൂടെ നമുക്കനുഭവപ്പെടുന്ന വികാരാനുഭവവും, അതിൽനിന്നുയിരെടുക്കുന്ന വൈകാരികചിന്തയും വളരെക്കാലം ഉപബോധമനസ്സിൽ കിടന്നതിനുശേഷമേ സ്വഭാവംമൂലേന പ്രത്യക്ഷപ്പെടുകയുള്ളൂ. പക്ഷേ സാഹിത്യാസ്വാദനത്തിൽനിന്നു ലഭിക്കുന്ന സംസ്കാരം ജീവിതാനുഭവങ്ങളിൽനിന്നു ലഭിക്കുന്ന സംസ്കാരം പോലെതന്നെ വിലയേറിയതും ശാശ്വതവുമാണ്.

സാഹിത്യാസ്വാദനത്തിന് ഇത്രയേറെ മൂല്യമുള്ളതുകൊണ്ട് സാഹിത്യം പഠിക്കണോ, ആസ്വദിച്ചാൽ പോരേ എന്നൊരു ചോദ്യമുണ്ടാവാം. ചോദ്യം സ്ഥാനത്താണ്. അതിനുള്ള സമാധാനമിതാണ്. സാഹിത്യാസ്വാദനം ഇതരകലാസ്വാദനംപോലെ ക്ഷിപ്രസാദ്ധ്യമല്ല. സാഹിത്യം ഒരു സങ്കീർണ്ണകലയാണ്. ഈ സങ്കീർണ്ണത ഇതര കലകളിൽനിന്ന് സാഹിത്യത്തിനു ഔന്നത്യം നേടിക്കൊടുക്കുന്നതോടൊപ്പം തന്നെ അതിന്റെ ആസ്വാദനം ദുഷ്കരമാക്കുകയും ചെയ്യുന്നു. സാഹിത്യരചനയ്ക്കെന്നപോലെതന്നെ സാഹിത്യാസ്വാദനത്തിനും പ്രതിഭ, വ്യുല്പത്തി, അഭ്യാസം ഇവ ആവശ്യമാണ്. ഒരു കവിയെന്നപോലെതന്നെ സഹൃദയനും ആദ്യമായി പ്രതിഭാസമ്പന്നനായിരിക്കണം. സഹൃദയനെ സംബന്ധിച്ച് പ്രതിഭ പ്രവർത്തിക്കുന്നതു് കലാസൃഷ്ടിയിലെ സൗന്ദര്യം കണ്ടറിയുന്നതിലും ആസ്വദിക്കുന്നതിലുമാണ്. അതു് ഏറെക്കുറെ വാസനാസിദ്ധവുമാണ്. പക്ഷേ വ്യുൽപത്ത്യഭ്യാസങ്ങൾ ജന്മസിദ്ധമായ പ്രതിഭയെ നിശിതമാക്കും. വ്യുൽപത്ത്യഭ്യാസങ്ങൾ ലഭിക്കാത്ത പ്രതിഭ വളരെയും പ്രകാശിക്കുകയില്ല. സാഹിത്യപഠനം ഈ വ്യുൽപത്ത്യഭ്യാസങ്ങൾ നേടിക്കൊടുക്കുന്നു. ജന്മസിദ്ധമായിട്ടുള്ള പ്രതിഭയ്ക്ക് മൂർച്ചകൂട്ടാനും കുറച്ചൊക്കെ പ്രതിഭ ഉണ്ടാക്കിയെടുക്കാനും സാഹിത്യപഠനം സഹായിക്കുന്നു. ഉത്തമകൃതികളിലെ സൗന്ദര്യം കണ്ടറിഞ്ഞു് ആസ്വദിച്ച് സംസ്കാരസമ്പന്നനാകാനാണ് സാഹിത്യപഠനം, മറെറാരു ഭാഷയിൽ പറഞ്ഞാൽ സഹായിക്കുന്നതു്.



ALEXANDER, Class II Phy.





# വേലിയേററം

Andrews Kutty, A. P. Class III Physics



"ഗ്രേസി ഈയിടെ ഇങ്ങോട്ടൊന്നും വരുന്നപോലുമില്ലല്ലോ" ഞാൻ പറയും.

"നിങ്ങളിപ്പറയുന്നപോലെ അവൾക്കെപ്പോഴുമിങ്ങുപോരാൻ പററുമോ? മാത്തുക്കുട്ടി കോളജിൽ പോകുമ്പോൾ വീട്ടിലാരാ ഉള്ളതു്. ഒരുവീട്ടിലെ കാര്യങ്ങൾ നോക്കുന്നവർക്കറിയാം അതെത്രപാടാണെന്നു്." അമ്മാമ്മി ശുണ്ഠി പിടിക്കും.

അമ്മാമ്മിയെ ഞാൻ വിവാഹം കഴിക്കുമ്പോൾ അവൾക്ക് ഇരുപതുവയസ്സേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾക്ക് മൂന്നു സന്താനങ്ങളാണ്. ബാബുവും, ഗ്രേസിയും, രാജനും. ഗ്രേസിയെ ഒരു കോളജധ്യാപകനാണ് വിവാഹം കഴിച്ചിരിക്കുന്നതു്. ബാബു ഇന്നൊരു ഡോക്ടറാണ്, ഭിലായിലാണവനു ജോലി. അവനു് ഭാര്യയും രണ്ടു കുട്ടികളുമായി. രാജൻ ഒരു കോളജ് വിദ്യാർത്ഥിയാണ്. അവനെ ഏതെങ്കിലും നല്ല നിലയിലാക്കണമെന്നാണ് ആഗ്രഹം. അങ്ങനെ, ചുമതലകളുടെ ചുമടുകൾ ചുമന്നിറക്കിയ തൃപ്തിയാണ് എനിക്ക് മിക്കപ്പോഴുമുള്ളതു്.

"എടാ രാജാ..." ഞാൻ വിളിക്കും

"അവനിവിടെയില്ല!" അമ്മാമ്മി വിളിച്ചു പറയും.

"എന്ത്യേ?"

"ഓ, ആ, എനിക്കറിയാമേല; ആ ലൈബ്രറിയിലെങ്ങാൻ പോയിരിക്കും. നിങ്ങളെന്തിനാണവനെ എപ്പോഴുമിങ്ങനെ വിളിക്കുന്നെ" അമ്മാമ്മിയുടെ സ്വരം എപ്പോഴും ശുണ്ഠിപിടിച്ചിട്ടായിരിക്കും. അതു കേട്ടാലെനിക്കൊരു വഴക്കമില്ല. അമ്മാമ്മിയെപ്പോലുള്ള ഒരു സ്ത്രീയെ ജീവിതത്തിൽ പങ്കാളിയായിക്കിട്ടിയതിൽ എനിക്ക് അഭിമാനം തോന്നാറുണ്ട്. മക്കളൊക്കെ എപ്പോഴും അടുത്തുതന്നെയുണ്ടായാൽ ഞാൻ പുതിയ ഒരു മനുഷ്യനാണ്. അവർ വളർന്നപ്പോൾ പല വഴിയ്ക്കായി. ഒരു കാലത്ത് ഞാനും അമ്മാമ്മിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്നും അത്ര മാത്രം. എന്നാൽ ഇതിനിടെ ഞങ്ങളുടെ ജീവിതത്തിനു ജീവൻ കൊടുത്തവരെ കരുതുമ്പോഴും, ഓർക്കുമ്പോഴുമാണ് എനിക്ക് വിഷമം തോന്നാറുള്ളതു്.

"ബാബുവിന്റെ എഴുത്തു വന്നിരുന്നു. അവൻ അടുത്തമാസം വരികയില്ലെന്ന് എഴുതിയിരിക്കുന്നു." ഞാൻ അമ്മാമ്മിയോടു പറഞ്ഞു.

"എന്നാൽ പിന്നത്തെ മാസം വരുമായിരിക്കും. ചോദിക്കുമ്പോഴൊക്കെ അവധി കിട്ടിയെന്നു വരുമോ?" അമ്മാമ്മി ചോദിച്ചു.

ആകെക്കൂടി എനിക്കൊരു വിരസത അനുഭവപ്പെട്ടു. ചിന്തകളാണ് മനസ്സു മുഴുവൻ. ഒരു പിതാവിന്റെ ദുർബ്ബല ഏദ

യത്തെപ്പററി നിങ്ങൾക്കൂഹിക്കാൻ കഴിയുമോ? ഇതു പറഞ്ഞതുകൊണ്ടു് ഞാൻ ഒരു മാനസിക രോഗിയാണെന്നു അഭിപ്രായപ്പെടേണ്ടതില്ല. പക്ഷേ ചിന്തകൾ മനസ്സിൽ ആഞ്ഞടിക്കുമ്പോൾ ഞാൻ ഒരു പ്രത്യേക ജീവിയായി മാറും. അമ്മാമ്മിക്കതു് ശരിക്കറിയാം. അതു മനസ്സിൽ കരുതിയാണു് അവളെന്നോടു് പെരുമാറുന്നതും.

ബാബു എന്റെ മൂത്തമകനല്ലേ? പക്ഷേ അവനെന്റെ കൂടെയില്ല. ഗ്രേസിയെ ഞാൻ എടുത്തുവളർത്തിയതാണു്. അമ്മാമ്മിയേക്കാൾ എന്നോടായിരുന്നു അവൾക്കടുപ്പം. എന്നാൽ ഇന്നു് അവൾ ഒരുവന്റെ ഭാര്യയാണു്. അതുകൊണ്ടു് അവളെന്റെ പുത്രിയല്ലെന്നു വരുമോ? കാണണമെന്നു തോന്നുമ്പോഴൊക്കെ എനിക്കവളെ കാണാനൊക്കുകയില്ലെന്നു വന്നാൽ! ഞാൻ ചിന്തിക്കുന്നതിൽ പാകപ്പിഴ വന്നു പോകുന്നുണ്ടെങ്കിൽ അതെന്റെ കുററമല്ല. ഞാൻ ഈയിടെ ഇത്തരത്തിൽ മാത്രമാണു് ചിന്തിക്കുന്നതു്.

ഞാൻ ഇങ്ങനെ ഓരോ പരാതികൾ അവതരിപ്പിക്കുമ്പോൾ അമ്മാമ്മി പറയും.

"വേറെ തൊഴിലൊന്നുമില്ലെങ്കിൽ ചുമ്മാതിരുന്നുകൂടേ."

എനിക്കു് വെറുതെയിരിക്കാനൊക്കുകയില്ലെന്നു തോന്നുമ്പോഴാണു് ഞാൻ ആരെയെങ്കിലും വിളിക്കുക. എന്റെ സ്വന്തമായവരല്ലേ എനിക്കേററവും പ്രിയം. അവരാണു് ഞാൻ ആവശ്യപ്പെടുന്നതും. യഥാവസരം എനിക്കവ ലഭ്യമാകുന്നുണ്ടോ?

ഒരു ദിവസം അമ്മാമ്മി ചോദിച്ചു.

"എന്താ നിങ്ങൾക്കിയിടെ ഇത്ര ചിന്ത? വയസ്സായപ്പോഴേയ്ക്കും വല്ല ധ്യാനോം വ്രതോം ഒക്കെ തുടങ്ങിയോ?"

"അമ്മാമ്മി, നിനക്കെത്ര വയസ്സായി" എനിക്കു് സംശയമുദിച്ചു.

"നിങ്ങൾക്കറിഞ്ഞുകൂടേ"

"നല്ല ഓർമ്മ തോന്നുന്നില്ല. എനിക്കാണെങ്കിൽ അറുപത്തിരണ്ടു കഴിഞ്ഞു. നിനക്കറുപതായില്ലേ?"

"ഒ്ആ, അത്രയേ ആയുള്ളൂ എന്നാ തോന്നുന്നതു്."

"ഉം" ഞാൻ ഒന്നു മൂളി നിറുത്തി.

"എന്താ ചോദിച്ചതു്"

"വെറുതെ ചോദിച്ചെന്നേയുള്ളൂ."

"അതല്ല"

"ഒരു കാര്യം ഓർത്തു് ചോദിച്ചതാണു് അതെന്താണെന്നു് നീ അറിയേണ്ട അമ്മാമ്മി"

"കാര്യമെന്താണെന്നു പറഞ്ഞാൽ അതെന്താണെന്നു് ഞാനുംകൂടി അറിയാം." അമ്മാമ്മി പറഞ്ഞുതീർക്കാൻ തുടങ്ങി. എനിക്കു് അമ്മാമ്മിയുടെ സ്വഭാവം നന്നായറിയാം. ഞാൻ എന്തെങ്കിലും പറഞ്ഞാൽ അതു കേൾക്കുമെന്നല്ലാതെ കൂടുതൽ ചികഞ്ഞു ചോദിച്ചു് സമയം കളയാൻ അവൾക്കു് ഒട്ടും താല്പര്യമുണ്ടാകാറില്ല. അതു മുൻകൂട്ടി കണ്ടുകൊണ്ടു ഞാൻ ചോദിച്ചു.

"നാം ഇനി എത്രകൊല്ലംകൂടി ജീവിച്ചിരിക്കും അമ്മാമ്മി?"

"ഇതാണോ നിങ്ങളോർത്ത കാര്യം" അമ്മാമ്മി ചിരി തുടങ്ങി. "ഞാൻ മൗനമവലംബിച്ചുതന്നെ ചെയ്യും." കുറച്ചു കഴിഞ്ഞു് അമ്മാമ്മി പറഞ്ഞു.

"അതു പറയാൻ ഞാൻ ദൈവമൊന്നുമല്ല. ഏതായാലും എന്നെങ്കിലും മരിക്കുമെന്നറിയാം." നിസ്സാരമാക്കിക്കളഞ്ഞതുമാതിരിയുള്ള പ്രസ്താവന!

എന്തായാലും ഷഷ്ടിപൂർത്തിക്കുശേഷം എന്നെ ഏററവും ഗ്രസിച്ചിട്ടുള്ള ഒരു ചിന്ത 'മരണത്തെപ്പററിയാണു്. 'എന്തിനു മരിക്കണം?' എന്നു ചിന്തിക്കാൻ തുടങ്ങിയതുമുതൽ എനിക്കു് ഒരു വിഭ്രാന്തിയാണു്. അമ്മാമ്മി, 'മരിക്കും,' 'മരിക്കണം' എന്നൊക്കെ എന്നോടു് പറയുമ്പോൾ 'എന്തിനു്?' എന്നു് ഒരായിരം പ്രാവശ്യം ചോദിക്കാനാണു് എനിക്കു തോന്നുക. ഈ ചിന്തയാണു് എന്നെക്കൊണ്ടു് അമ്മാമ്മിയെപ്പോലും വിസ്മയിപ്പിച്ച ഒരു കാര്യം ചെയ്യിച്ചതു്.

* * *



അന്നൊരു ഞായറാഴ്ചയായിരുന്നു. പള്ളിയിൽ കുർബ്ബാന കഴിഞ്ഞു് പതിവുപോലെ ഞാൻ ശവക്കോട്ടയിലേക്കു് നടന്നു. ചെറുപ്പകാലത്തു് എന്റെ പിതാവു് എന്നോടു് പറയുമായിരുന്നു.

"മോനേ, നമ്മളെല്ലാം വന്നുകിടക്കേണ്ട സ്ഥലമാണിവി ശവക്കോട്ട" എന്നു്.

"ഇതെന്തിനാണപ്പച്ചാ ശവക്കോട്ടയ്ക്കു് വലിയ മതിലുകൾ?" അന്നും എനിക്കു് നിരവധി സംശയങ്ങളുണ്ടായിരുന്നു.

"ശവക്കോട്ടയെ മററു സ്ഥലങ്ങളിൽനിന്നും വേർതിരിക്കാൻ." അപ്പച്ചൻ പറഞ്ഞുതന്നു.

അതു പറഞ്ഞ അപ്പച്ചനിന്നില്ല. അദ്ദേഹം ഈ കിടപ്പാടത്തിലായിട്ടു് വർഷങ്ങൾ കഴിഞ്ഞു. ഇന്നു് എന്റെ പിതാവിന്റെ ഓർമ്മ നിലനിറുത്താൻ ഒരു മൺകൂന മാത്രമേ അവിടെയുള്ളൂ. എല്ലാ ഞായറാഴ്ചയും ഞാൻ അതിനടുത്തു ചെന്നു നിന്നു് പ്രാർത്ഥിക്കും. ആ മൺകൂന കാണുമ്പോഴൊക്കെ ഞാൻ ഓർക്കും.

"കുറച്ചു വർഷങ്ങൾക്കകം ഞാനും ഇതുപോലെ ഒരു മൺകൂന ആയിത്തീരും." ആ ചിന്ത ഒരു കൊടുങ്കാററായി മാറി. അതു് എന്റെ ഹൃദയഭിത്തികൾക്കുള്ളിൽ കിടന്നു് ചുഴറിയടിച്ചു.

"ദൈവമേ, ഞാനൊരിക്കലും മരിക്കരുതേ" എന്റെ പ്രാർത്ഥന ഹൃദയംഗമമായിരുന്നു.

അന്നു പള്ളിയിൽനിന്നും മടങ്ങുമ്പോഴാണു് എനിക്കു് ഒരു പുതിയ ആശയം തോന്നിയതു്. ഞാൻ മരിക്കുമ്പോൾ എന്നെ സംസ്കരിക്കാനുള്ള കല്ലറ മുൻകൂട്ടി തയ്യാറാക്കാൻ ഞാൻ തീരുമാനിച്ചു. ഞാൻ വളർത്തിയ മക്കൾക്കു് ഇന്നു് എന്നെപ്പററി നല്ല ഓർമ്മയില്ലെന്നാണു് എനിക്കു തോന്നാറുള്ളതു്. ഇപ്പോൾ ഞാൻ ജീവിച്ചിരിക്കുന്നു. ഞാൻ മരിക്കുമ്പോഴോ? തീർച്ചയായും അവരെന്നെ മറക്കാതിരിക്കയില്ലേ? ഞാൻ ഇന്നും എന്റെ പിതാവിനെ ഓർക്കുന്നു. എന്നാൽ എന്റെ മക്കൾ എന്നെ ഓർക്കുമോ?

അന്നു രാത്രി അമ്മാമ്മിയോടു് ഞാൻ എന്റെ ഉദ്ദേശ്യം പറയുകതന്നെ ചെയ്തു.

"അമ്മാമ്മി, ഞാൻ ഒരു കല്ലറ പണിയാൻ പോവുകയാണു്".

"അപ്പച്ചന്റെ കല്ലറയായിരിക്കും പണിയുന്നതു്."

"അല്ലല്ല; എന്നെ സംസ്കരിക്കാനുള്ള കല്ലറ"

"മുൻകൂട്ടി തയ്യാറാക്കുകയായിരിക്കും. എന്തു ചെയ്താലും വേണ്ടില്ല."

"അതു മുൻകൂട്ടി തയ്യാറാക്കണം, എന്റെ ആഗ്രഹമാണതു്."

"ഉം" അമ്മാമ്മിക്കധികമൊന്നും പറയാനില്ലാത്തതുപോലെ തോന്നി.

അടുത്ത ദിവസംതന്നെ വികാരിയച്ചനോടു് ഞാൻ കാര്യം പറഞ്ഞു.

"ഇപ്പോഴതിന്റെ ആവശ്യമുണ്ടോ?" വികാരിയച്ചൻ ചോദിച്ചു.

"ഉണ്ടച്ചോ ഉണ്ടു്; എനിക്കു് ഞാൻ മരിക്കുന്നതിനു മുമ്പുതന്നെ എന്നെ സംസ്കരിക്കുന്ന കല്ലറയൊന്നു കാണണം."

"ശരി, ചിലർക്കൊക്കെ അതൊരാവശ്യമായി തോന്നാം."

"അപ്പോൾ ഞാൻ അതു പണിതോട്ടേയച്ചോ?"

"ആയിക്കോളൂ സന്തോഷമേയുള്ളൂ."

അങ്ങനെയാണു് കല്ലറ പണിയാൻ തുടങ്ങിയതു്. ഒന്നുരണ്ടു ദിവസം മുഴുവൻ ഞാൻ ആ ശവക്കോട്ടയിൽ ഉണ്ടായിരുന്നു. ആ ദിവസങ്ങൾകൊണ്ടു് ആ ശവപ്പറമ്പിന്റെ കോണും മൂലയും ഞാൻ നോക്കിക്കാണാതിരുന്നില്ല. എലിമാളങ്ങളാണെവിടെയും. ആദ്യത്തെ ദിവസംതന്നെ എന്റെ പിതാവിന്റെ ശവകുടീരത്തിൽ ഒരു എലി മാളമിട്ടിരിക്കുന്നതു് ഞാൻ കണ്ടുപിടിച്ചു. അതു മണ്ണു തുളച്ചു് ശവക്കുഴിയിലേക്കു് ഇറങ്ങിയിരിക്കുന്നു; എന്റെ പിതാവിനെ സംസ്കരിച്ചിരിക്കുന്നിടത്തേക്കു്... എനിക്കു വിഷമം തോന്നി.... അന്നുച്ചയ്ക്കു് വീട്ടിൽനിന്നും ഊണുകഴിഞ്ഞു പോരുമ്പോൾ അല്പം എലിവിഷം ഞാൻ കരുതി. അതു് ഒരു മരച്ചീനിക്കഷണത്തിലാക്കി എലിമാളത്തിൽവച്ചു. "എന്റെ അപ്പച്ചന്റെ ശവകുടീരത്തിൽ മാളമുണ്ടാക്കിയ

"എലി ഇനി ജീവിച്ചിരുന്നുകൂടാ" ഞാൻ നിശ്ചയിച്ചു.

മൂന്നു ദിവസംകൊണ്ട് ഒരു കല്ലറ പണിതുണ്ടാക്കി. എനിക്കതിഷ്ടപ്പെടുകയും ചെയ്തു. പ്രത്യേകമായി സമ്പാദിച്ച ഒരു മാർബിൾ ശിലയിൽ ലിഖിതങ്ങൾ ചാർത്തി കല്ലറയുടെ തലയ്ക്കൽ പ്രതിഷ്ഠിച്ചു. അതിൽ കുടുംബപ്പേരും മററും ചാർത്തിച്ചു. പണി തീർന്ന ദിവസം ഞാൻ അമ്മാമ്മിയോട് ചോദിച്ചു.

"അമ്മാമ്മി, വരുന്നില്ലേ കല്ലറ കാണാൻ ?"

"അത് ഞാൻ ഞായറാഴ്ച പള്ളിയിൽ വരുമ്പോൾ കണ്ടുകൊള്ളാം, എവിടെയായിട്ടാ അതുണ്ടാക്കിയിരിക്കുന്നത്."

"അപ്പച്ചന്റെയടുത്തുതന്നെ"

"ങ്ഹാം"

"എന്താ അമ്മാമ്മി"

"ഒന്നുമില്ല, ഒന്നുമില്ല......പിള്ളേരെന്തു പറയുമെന്നോർക്കുകയായിരുന്നു."

"അവരെന്തുതന്നെ പറയട്ടെ, ഞാനതു കാര്യമാക്കുന്നില്ല."

പിള്ളേരു പറയുന്നത് ഞാൻ എന്തിനു കേൾക്കണം ? അവരെന്റെ അടുത്തില്ലല്ലോ. പിന്നെ, ഉള്ളത് രാജനാണ്. അവൻ കൊച്ചുകുട്ടിയും. പിന്നെയെന്തിനാണ് മക്കളെപ്പററി ഓർക്കുന്നത് ? ഞാൻ മരിച്ചുകഴിഞ്ഞാൽ പിന്നെ എനിക്കു മക്കളുണ്ടോ ? മക്കൾക്ക് അപ്പനായി ഞാനുണ്ടോ? ഞാൻ എന്തിനുവേണ്ടി സമ്പാദിച്ചു. എന്താണതിന്റെ ആവശ്യം ? ഞാൻ സ്വയം ചിന്തിച്ചു. മക്കൾക്കുവേണ്ടി ഒരു പിതാവ് കഷ്ടപ്പെടുന്നത് എനിക്കു മനസ്സിലാകാത്ത ഒരു മഹാമന്ത്രമായി തോന്നി. ഞാൻ മക്കൾക്കുവേണ്ടി സമ്പാദിച്ചത് വിഡ്ഢിത്തം തന്നെ എന്നും തോന്നിപ്പോയി.

"അമ്മാമ്മി..." ഞാൻ വിളിച്ചു. "നാം എന്തിനാ മക്കൾക്കുവേണ്ടി സമ്പാദിക്കുന്നതും വിഷമിക്കുന്നതും ? നാം മരിച്ചാൽ പിന്നെ അവരും നാമുമായി എന്തു ബന്ധം ? എന്നാമെന്നും ഒന്നിച്ചു ജീവിച്ചാലല്ലേ ബന്ധം നിലനില്ക്കുന്നുള്ളു."

"നിങ്ങൾക്കെന്തോ കുഴപ്പമാണെന്നാ തോന്നുന്നത്. ഞാൻ ഇന്നുതന്നെ ബാബുവിനെഴുതുന്നുണ്ട്; അവൻ വന്നുനോക്കട്ടെ."

"എന്തിന്? അതിനെനിക്ക് അസുഖമൊന്നുമില്ലല്ലോ."

"എന്നു നിങ്ങൾ പറഞ്ഞാൽ മതിയോ?"

അമ്മാമ്മി ബാബുവിന് എഴുതിക്കാണണം. പിറേറ ഞായറാഴ്ച ഞാൻ പള്ളിയിൽ ചെന്നു. കുർബ്ബാന കഴിഞ്ഞ് ശവക്കോട്ടയിലേക്കു നടന്നു. എന്റെ കല്ലറ വെയിലത്തു വെട്ടിത്തിളങ്ങുന്നു! അതെന്നെ മാടി വിളിക്കുന്നോ എന്നു തോന്നി. പള്ളിയിൽ വന്നവരെല്ലാം അതു കണ്ടു കാണണം. "കാണട്ടെ, എന്നായാലും കാണാനുള്ളതല്ലേ." ഞാൻ പിറുപിറുത്തു.

ആളുകൾ പോയിക്കഴിഞ്ഞപ്പോൾ ഞാൻ അമ്മാമ്മിയെ വിളിച്ച് കല്ലറ കാണിച്ചു. അമ്മാമ്മി ഒന്നും പറഞ്ഞില്ല. തിരിച്ചുപോരാൻ തുടങ്ങിയപ്പോഴാണ് ഞാനതു കണ്ടത്. എന്റെ പിതാവിന്റെ ശവകുടീരം എലി വീണ്ടും മാളമാക്കിയിരിക്കുന്നു.

"ഛെ; ആ എലി ചത്തില്ലേ? അതു വിഷം എടുത്തില്ലായിരിക്കാം. ഒന്നുകൂടി ശ്രമിക്കുകതന്നെ." ഞങ്ങൾ വീട്ടിലേക്ക് മടങ്ങി, ഞാൻ മുമ്പേയും അമ്മാമ്മി പിറകേയും. വീട്ടിലെത്തുന്നവരെയും അമ്മാമ്മി ഒന്നും മിണ്ടിയില്ല, ഞാനും.

ആഴ്ചയ്ക്കകം ബാബുവും ഭാര്യയും കുട്ടികളും ഭിലായിയിൽനിന്നും വന്നു. അവർ വന്നതോടെ വീട്ടിലൊരനക്കം വീണു. ബാബു വന്നതറിഞ്ഞ് ഗ്രേസിയും വന്നു. അക്കൂടി എനിക്ക് സന്തോഷമായി. എല്ലാവരും വളരെനേരം വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു. വൈകുന്നേരം ആരുമറിയാതെ ഞാൻ പള്ളിയിൽ പോയി ശവക്കോട്ടയിൽ ചെന്ന് എലിമാളത്തിൽ വിഷംവച്ചിട്ടു പോന്നു. വീട്ടിൽ തിരിച്ചെത്തിയപ്പോഴേക്കും ഇരുട്ടിത്തുടങ്ങിയിരുന്നു.



"അച്ചായനെങ്ങുപോയിരുന്നു ?" ബാബു ചോദിച്ചു.

"വെറുതെ ഒന്നു നടക്കാനിറങ്ങി"

വർത്തമാനംകേട്ട് ഗ്രേസി കുഞ്ഞിനെ എടുത്തുകൊണ്ട് പുറത്തേക്കു വന്നു. അമ്മാമ്മി അടുക്കളയിൽതന്നെ ഉണ്ടായിരുന്നിരിക്കണം.

"അച്ചായൻ കല്ലറ പണിതെന്നു കേട്ടല്ലോ" ഗ്രേസി തുടങ്ങി.

"എന്തിനാണ് അച്ചായാ അതുണ്ടാക്കിയത്" ബാബു.

"വെറുതെ. അതെങ്ങനെയിരിക്കുമെന്നു കാണാൻവേണ്ടി മാത്രം"

"അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. എന്നാൽ അച്ചായന് വല്ല്യേപ്പച്ചന്റെ കല്ലറയൊന്നു പണിക്കരുതായിരുന്നോ ?"

"അതെങ്ങനാ ? അച്ചായനിപ്പോൾ എല്ലാം തലതിരിഞ്ഞല്ലേ" രാജനും അവന്റെ അഭിപ്രായം പറഞ്ഞു.

ഞാനൊന്നും മിണ്ടിയില്ല. ബാബു ചിന്താധീനനായി കാണപ്പെട്ടു. ബാബുവിന്റെ ഇളയകുട്ടി പിച്ചവച്ചു നടന്നുവരുന്നു...ഞാനവനെയെടുത്ത് മടിയിലിരുത്തി. കുഞ്ഞുങ്ങളുമായി കഴിഞ്ഞുകൂടാൻ എനിക്ക് ഒരു പ്രത്യേക സുഖം തോന്നി. പിറേറ ഞായറാഴ്ച ബാബുവും ഗ്രേസിയുമൊക്കെ ആ കല്ലറ കണ്ടുകാണണം. അവരൊന്നും അതെപ്പററി പിന്നീട് എന്നോടൊന്നും മിണ്ടിയിട്ടില്ല.

കുട്ടികളുമായി ഇടപഴകിയതോടെ എനിക്ക് ജീവൻ മാറിവീണു. മരണത്തെപ്പററി ചിന്തിക്കാതെയായി. ബാബു ഇനി തിരിച്ചുപോകുന്നില്ലത്രെ. നാട്ടിൽ പ്രാക്ടീസ് ഇടണമെന്നാണ് തീരുമാനം.

"സന്തോഷമായി കുഞ്ഞുങ്ങളെന്നും എന്റെകൂടെയുണ്ടാകുമല്ലോ" ഞാൻ പറഞ്ഞു.

"നിങ്ങൾ ഉടനെ ചാവാൻ പോകയല്ലേ?" അമ്മാമ്മി ഗൗരവത്തോടെയാണതു പറഞ്ഞത്. ഗ്രേസി അതു കേട്ട് പൊട്ടിച്ചിരിച്ചു. എനിക്ക് ചിരിക്കാൻ തോന്നിയില്ല. നിർവികാരനായി ഇരുന്നു...മരിച്ചവനെപ്പോലെ.

കുഞ്ഞുങ്ങളെ കളിപ്പിച്ചുകൊണ്ട് ഞാനിരിക്കും. അവർ പറയുന്നതും പ്രവർത്തിക്കുന്നതുമൊക്കെ കാണാൻ ഒരു പ്രത്യേകരസം തോന്നി. അങ്ങനെ ജീവിതം ചലനാത്മകമായതോടെ മരിക്കാനിനിയും വളരെനാൾ കഴിയേണ്ടിയിരിക്കുന്നു എന്നായി ചിന്ത. "ഒരു പത്തിരുപതു വർഷം എന്നു പറഞ്ഞാൽ വളരെ നീണ്ട ഒരു കാലഘട്ടമല്ലേ?" അതെ. അത് നീണ്ട ഒരു കാലഘട്ടംതന്നെ. ഇപ്പോഴേ മരണത്തെപ്പററി ചിന്തിച്ചിട്ടാവശ്യമൊന്നുമില്ല. യാഥാർത്ഥ്യത്തിന്റെ കരുത്തുററ കൊമ്പിൽ പിടികിട്ടിയപോലെ എനിക്കു തോന്നി.

അന്നുരാത്രി എനിക്ക് ഉറക്കം വന്നില്ല. പാതിരാവായപ്പോൾ ഒന്നു മയങ്ങി. കുറച്ചു കഴിഞ്ഞ് ഉണർന്നു...മണി രണ്ടര...എല്ലാവരും ഉറങ്ങുകയാണ്. ഞാനെഴുന്നേററിരുന്നു.

"അതു ചെയ്യണം" ഞാൻ പിറുപിറുത്തു.

ഉടനെ എഴുന്നേററു നടന്നു, പള്ളിയിലേക്ക്. പള്ളിമുറിയിൽ വികാരിയച്ചനുണ്ടായിരിക്കണം. ഞാൻ നേരേ ശവക്കോട്ടയിലേക്ക് നടന്നു. എന്റെ ഹൃദയം ശക്തമായി സ്പന്ദിക്കുന്നുണ്ടായിരുന്നു. എന്റെ കല്ലറ നിലാവുതട്ടി വെട്ടിത്തിളങ്ങുന്നു! അതിനകത്താണ് എനിക്കു കിടക്കേണ്ടത്. എന്റെ കിടപ്പാടം!!...

എനിക്കു സഹിച്ചില്ല. പള്ളിമുറിയുടെ ചായ്പ്പോളം ഞാൻ ഓടി...കുഴിവെട്ടായുധങ്ങൾ എടുത്തുകൊണ്ട് തിരിച്ചെത്തി. ഒരു കൊലയാളിയുടെ ഉദ്വേഗത്തോടെ ഞാൻ ആ കല്ലറ കുത്തിപ്പൊളിച്ചു; കിളച്ചു നിരത്തി. ഒററശ്വാസത്തിനു ഞാൻ അതു പൂർത്തിയാക്കി. ദീർഘമായി ശ്വസിച്ചുകൊണ്ട് ഞാൻ ഒന്നു നിവർന്നുനിന്നു. അങ്ങനെ എത്രനേരം നിന്നുവെന്നോർമ്മയില്ല. നേരം വെളുക്കാറായപ്പോൾ പള്ളിയിൽ പ്രാർത്ഥനയ്ക്കുള്ള മണിനാദം മുഴങ്ങി. അതു കേട്ടപ്പോൾ ഞാൻ ഞെട്ടിയുണർന്നു; തിരിച്ചു പോകണം.

*വിനോദഭാവന :*

# 'വരനെ ആവശ്യമുണ്ട്'

പി. എ. അലക്സാണ്ടർ II ബി. എ.

ജനസംഖ്യയെടുക്കാൻ മാസങ്ങൾക്കു മുമ്പ് ഒരുദ്യോഗസ്ഥൻ വീട്ടിൽ വന്നു. പേരും വയസ്സുമെല്ലാമന്വേഷിച്ചു, ഒരു മടിയുംകൂടാതെ ഞാൻ മറുപടി കൊടുത്തു. അപ്പോഴാണ് ആ ചെകുത്താന്റെ ഒരു ചോദ്യം



'എന്താ ജോലി?' പെട്ടെന്നുത്തരം പറയാനൊക്കുമോ? അമ്മയടുത്തില്ലായിരുന്നെങ്കിൽ കോളജ്‌ലക്‌ചററാണെന്ന് തട്ടിവിടാമായിരുന്നു. ഗ്രഹപ്പിഴയ്ക്ക് ഒരു തവിയും പിടിച്ചുകൊണ്ട് അമ്മ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് ഓടിയെത്തിയിരിക്കുകയാണ്. അമ്മയുടെ മുഖത്തേക്കു ഞാൻ ദയനീയമായൊന്നു നോക്കി. വിചാരിച്ച ഫലം കിട്ടിയില്ല. എലിയെ പിടിച്ചു രസിക്കുന്ന പൂച്ചയെപ്പോലെയാണ് അമ്മയുടെ നോട്ടം. അതു മാത്രമോ, അമ്മ പറയുകയാണ്

'എന്തിനാ ഇരുന്നു മിഴിക്കുന്നേ, വിദ്യാഭ്യാസമാണെന്നു പറഞ്ഞേര്. കൂടെ പഠിച്ചവർ കളക്ടറുമാരുവരെയായില്ലേ?'

അതുകൊണ്ടും തീർന്നില്ല, എനിക്കൊരനുജനുണ്ട്. എന്നെക്കാൾ മൂന്നു വയസ്സിനു താഴെയാണു പ്രായം. അവന്റെയും പേരും നാളുമൊക്കെ ചോദിച്ചു. അതൊക്കെ സഹിക്കാം, ആ കുരുത്തംകെട്ടവന്റെ ജോലിയാണ് എന്നെ ചമ്മിപ്പിച്ചുകളഞ്ഞത്.

അവനൊരു അസിസ്റ്റൻറ് സർജനാണ് പോലെ. എലിപ്പാഷാണമല്ല, ടിക് 20 വരെ കഴിക്കണമെന്നു തോന്നിപ്പോയി. അതൊക്കെ വിട്ടുകാര്യം.

തൊഴിലുള്ള കൂട്ടുകാർ കണ്ടാൽ കുശലം ചോദിക്കും 'നിനക്കിതുവരെ ജോലിയായില്ലേ?' ഇവന്റെയൊക്കെ ഒരനുകമ്പ. 'അല്പം തിടുക്കമുണ്ട്' ഞാൻ പറയും, പിന്നിട്ടു തിരിഞ്ഞുനോക്കാതെ സ്ഥലം വിടും.

---

"ഹൊ, എന്തൊരു ദുർഗ്ഗന്ധം" ഞാൻ ചുററും നോക്കി. എന്റെ പിതാവിന്റെ ശവകുടീരത്തിനടുത്തുതന്നെ ഒരു പൊണ്ണൻ എലി ചത്തുകിടക്കുന്നു. ഞാൻ വച്ചിരുന്ന വിഷം തിന്നു കാണണം. ഞാൻ അതിനെ വാലിൽ തൂക്കിയെടുത്ത് എന്റെ കല്ലറ പണിതിടത്ത് കഴിച്ചിട്ടു... തുമ്പാ മണ്ണു കളഞ്ഞു് പള്ളിച്ചായ്പിൽ കൊണ്ടുവച്ചു.

നെററിയിൽ വിയർപ്പുതുള്ളികൾ ഉരുമ്പി നിന്നിരുന്നു. നേരേ പള്ളീനടയിറങ്ങി വീട്ടിലേക്കു നടന്നു. കിഴക്കു വെള്ള കീറിയിട്ടേയുള്ളൂ. പള്ളിയകത്തുനിന്നും വികാരിയച്ചന്റെ പ്രാർത്ഥനാസ്വരം അവ്യക്തമായി കേൾക്കാമായിരുന്നു.



പരീക്ഷ കഴിഞ്ഞു വീട്ടിലെത്തിയപ്പോൾ അമ്മ ചോദിച്ചു "ജയിക്കുമോടാ." "മിക്കവാറും" ഞാൻ പറഞ്ഞു. പക്ഷെ അമ്മ ക്കറിയാം അതെന്റെ പഴയ പല്ലവിയാണെന്ന്. തോററുതോററു തുന്നംപാടിയിട്ടും ഞാൻ ഇതുവരെ തോല്ക്കുമെന്നു പറഞ്ഞിട്ടില്ല.

രണ്ടു മാസത്തിനു ശേഷം പരീക്ഷാഫലം വന്നു. ഞാൻ പാസ്സായി. "ഈശ്വരോ രക്ഷതു." അങ്ങനെ ഞാൻ ജയിച്ചു. എന്റെ വിജയത്തിൽ നാട്ടുകാരും സന്തോഷിച്ചു.

തൊഴിലില്ലാതെ വീട്ടിലിരിക്കാൻ ഒരു രസവുമില്ല. കാലത്തെ കുളികഴിഞ്ഞ് തിപ്പെട്ടിക്കൊള്ളി കത്തിച്ച് മീശയും കറപ്പിച്ച് അടുത്തുള്ള 'മിനക്കേട്ടുമുക്കിലെത്തും.' 'ഒരു ചെറുചായ' കുടിച്ചുകഴിഞ്ഞ്, അന്നത്തെ 'മനോരമ' എടുത്തു നിവർത്തും. ആദ്യം നോക്കുന്നത് പരസ്യങ്ങളാണ്. പല ജോലികൾക്കും ഞാനപേക്ഷിച്ചു. ജോലി കിട്ടിയില്ലെന്നു മാത്രമല്ല, മറുപടിപോലും ലഭിച്ചില്ല. 'ഈശ്വരോ, ഇങ്ങനേമുണ്ടോ ഒരു ലോകം' എന്നു ഞാൻ പലതവണ പറഞ്ഞിട്ടുണ്ട്. വർഷങ്ങൾ അതിവേഗം പൊയ്ക്കൊണ്ടിരുന്നു ഇപ്പോഴും പത്രം വന്നാൽ ഞാൻ ആദ്യം നോക്കുന്നതു പരസ്യങ്ങളാണ്, കാർ ഫോർ സെയിലും, ഇന്നത്തെ സിനിമയും ഒന്നുമെനിക്കിപ്പോൾ പ്രശ്നമല്ല. പൂച്ചയ്ക്കു പൊന്നുരുക്കുന്നിടത്ത് എന്തു കാര്യം? സത്യം പറഞ്ഞാൽ വിവാഹപ്പരസ്യമെവിടെയാണെന്നാ എന്റെ നോട്ടം. അതിലും വലിയ രക്ഷ കാണാനില്ല. ഇംഗ്ലീഷിൽ പരസ്യം ചെയ്യുന്ന പെൺപിള്ളേർക്കൊക്കെ എഞ്ചിനിയറേയോ, ഡോക്ടറേയോ മതി. അതല്ല എന്നെക്കെട്ടണമെന്നു പറയാൻ പററുമോ? എനിക്കാകെയുള്ളത് ഒരു ബി. എ. സർട്ടിഫിക്കററാ. അതിലും വലിയ രക്ഷ കാണാനില്ല. പെണ്ണിന്റെ ക്വാളിഫിക്കേഷൻസിതൊക്കെയായിരിക്കും, ഹൈലി എഡ്യുക്കേററഡ്, ബ്യൂട്ടിഫുൾ, അവസാനം ചെറിയ അക്ഷരത്തിൽ എയ്ജ്ഡ് 38. എനിക്കാകെയുള്ളത് ഒരു ബി. എ. സർട്ടിഫിക്കററാണ്. ഒരു ജോലിയുമില്ല. ഒററ നോട്ടത്തിൽ ചാൻസില്ല. ഇതെല്ലാം 'മാട്രിമോണിയലിന്റെ' കാര്യമാണ്. ഇനി അല്ലെങ്കിലും ആശയ്ക്കു വകയുള്ളത് മലയാളത്തിലുള്ള വിവാഹപ്പരസ്യങ്ങൾക്കാണ്. പക്ഷേ അതു കണ്ടുപിടിക്കുവാൻ വലിയ ബുദ്ധിമുട്ടാണ്. പാലാഴി കടയാതെ അമൃതു കിട്ടുമോ? അറിഞ്ഞും അറിയാതെയും പലതും വായിക്കേണ്ടിവരും. ആദ്യത്തേത് ആക്കം വീട്ടിലിരുന്ന് എം. എ. പാസ്സാകാം!! എന്താ പോരേ? വീട്ടിലിരുന്നാൽ എം. എ. പാസ്സാക്കിത്തരും. പ്രോസ്പെക്ടസ്സിന് 50 പൈസ മാത്രം അയച്ചുകൊടുത്താൽ മതി. സ്വന്തം പിതാവുപോലും ചെയ്യാൻ മടിക്കുന്ന കാര്യം!! അതു കഴിഞ്ഞാൽ പിന്നെ 6 കാശ്ക് വാച്ചും, 15 കാശ്ക് റേഡിയോയുമാണ്. വളരെ ചീപ്പ്. മാത്രമല്ല, 5 കൊല്ലത്തെ ഗ്യാരണ്ടി, നൂറുകണക്കിനു രൂപകൊടുത്ത് വാച്ചും, റേഡിയോയും വാങ്ങുന്നവർ വെറും കഴുതകൾ! വല്ലപ്പോഴുമൊക്കെ പേപ്പറൊന്നു വായിക്കണം!

അതു കഴിഞ്ഞാൽപിന്നെ വൈദ്യശാലക്കാരുടെ ഒരു നീണ്ട പട്ടിക കാണാം!! ആയുർവ്വേദം, അലോപ്പതി, പ്രകൃതിചികിത്സ, ഇങ്ങനെ പോകും. അതു മാത്രമോ നിങ്ങളുടെ സംതൃപ്തി ഞങ്ങളുടെ മുദ്രാവാക്യം, പൊററതള്ളുമ്പോലും കാണില്ല ഇത്ര കരുത്തു സേവന മനഃസ്ഥിതി! എല്ലാ ഔഷധങ്ങളും വിദഗ്ദ്ധ മേൽനോട്ടത്തിൽ തയ്യാർ ചെയ്തിട്ടുള്ളതാണ്. നമ്മളൊക്കെ വാങ്ങാതിരിക്കുന്നതു ശരിയാണോ? ഈ അടിയന്തിരാവസ്ഥയിൽ തടിയെങ്കിലും ഒന്നു നന്നായിക്കിട്ടുമല്ലോ? ഇങ്ങനെ മനുഷ്യരെ സേവിക്കുന്ന വൈദ്യർകൾക്കൊക്കെ ഭാരതശ്രീ കൊടുത്ത് അഭിനന്ദിക്കണം. അങ്ങനെവരവേ എന്റെ കണ്ണ് ഒരു വിവാഹപ്പരസ്യത്തിൽ ചെന്നുപെട്ടു.

'സുന്ദരിയും, സുശീലയും ഉദ്യോഗസ്ഥയുമായ ഒരു നായർയുവതിക്ക് ഒരു വരനെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ ഇന്നുതന്നെ എഴുതുക, P. B. 1525. *N. B.* കത്തിടപാടുകൾ രഹസ്യത്തിൽ സൂക്ഷിക്കുന്നതാണ്.' ഞാനൊരിക്കൽക്കൂടി വായിച്ചു. സുന്ദരി, സുശീല, ഉദ്യോഗസ്ഥ, മാത്രമല്ല ജാതിപ്പൊരുത്തവും. ഈശ്വരനു സ്തുതി. ഉടൻതന്നെ കണ്ണാടിയിൽ ഞാനൊന്നു നോക്കി.

പാസ്സ്മാക്കു കിട്ടും. മുടിയല്ലം കൊഴിഞ്ഞിട്ടുണ്ട്. സാരമില്ല, എണ്ണ മാറിത്തേച്ചതാണെന്നു പറയാം.

ഞാൻ ഉടൻതന്നെ പോയി P. B. 1525 ൽ എഴുതാൻതന്നെ തീരുമാനിച്ചു. എന്റെയഴുതണം— അതൊരു കീറാമുട്ടിയായിരുന്നു. വല്ല കുരുത്തക്കേടുമെഴുതിയാൽ കല്യാണം മാറിപ്പോയാലോ. എന്നെപ്പററിയുള്ള പൂർണ്ണ വിവരം ഒരു വെള്ളക്കടലാസിൽ എഴുതി ഞാൻ അവൾക്കയച്ചുകൊടുത്തു. കയ്യക്ഷരം കണ്ടാൽത്തന്നെ അവൾ കറങ്ങും തീർച്ച!

കുറച്ചു ദിവസത്തേക്കു പോസ്റ്റ്മാൻ വരുന്നതും കാത്തിരിപ്പായി. എന്തെങ്കിലും പ്രതീക്ഷിച്ചിരുന്നാൽ ആ ഇരുപ്പിനൊരു സുഖമുണ്ടല്ലോ. അവസാനം പോസ്റ്റ്മാൻ ഒരു കവർകൊണ്ട് കൈയിൽതന്നു. ഞാനതു പൊട്ടിച്ചു. എഴുത്തു മാത്രമല്ല, ഫോട്ടോയുമുണ്ട്. കോളടിച്ചുപോയി. പക്ഷേ ഒന്നേ നോക്കിയുള്ളു. തലയാകെ കറങ്ങുന്നതുപോലെ ഒരു തോന്നൽ. അടുത്തുനിന്ന തൂണിൽ പ്രാണരക്ഷാർത്ഥം പിടിച്ചു. രക്ഷയില്ല, വെട്ടിയിട്ട മരംപോലെ ഞാൻ മലർന്നടിച്ചു വീണു! ആ കിടപ്പിൽ ഫോട്ടോയിലേക്കൊന്നുകൂടി നോക്കി. ആരാ എന്റെ വധു, ഞങ്ങടെ അടുത്ത വീട്ടിലെ ലക്ഷ്മിയുടെ പ്രായമുള്ള ഒരു തൈക്കിളവി. കരിമണ്ണിന്റെ നിറവും, ആട്ടുകല്ലിന്റെ പൊക്കവും, ഉള്ള ഒരു ശൂർപ്പണഖ. കരയാൻ തോന്നിപ്പോയി. എങ്ങനെ കരയാതിരിക്കും. ആ രൂപം കൂടെക്കൂടെ തെളിഞ്ഞുവരുന്നു. ഒരു യക്ഷിയെപ്പോലെ ഞാൻ പേടിച്ചു കരയാൻ ഇടങ്ങി. ഡും—ഡും...ഡും...വാതിലിൽ ആരോ മുട്ടുന്ന ശബ്ദം. ഞാൻ ഓടിച്ചെന്നു വാതിൽ തുറന്നു. സാറെ ഇതെന്തുറക്കമാ, നേരം ഏഴുമണിയായല്ലോ? എന്റെ വീട്ടിലെ ജോലിക്കാരൻ പുരുഷൻ ബെഡ് കോഫിയുമായി മുമ്പിൽ നില്ക്കുന്നു. ആ ചൂടു കാപ്പി കുടിച്ചപ്പോൾ തലക്ക് ഒരു സുഖം തോന്നി. ഞാൻ എനിക്കു പററിയ അമളിയെപ്പററി ആരോടും ഇതേവരെ പറഞ്ഞിട്ടില്ല.

---



എന്തു പറയാനാ ചങ്ങാതീ.....,അവന്മാരു വന്യമൃഗസംരക്ഷണവാരം ആഘോഷിച്ചിരിക്കുകയാ . ...



# ഒരുണർത്തുപാട്ട്

കെ. വി. മണി എം. എ.



യുഗാന്തരങ്ങൾതൻ–താരാട്ടുതൊട്ടിലിൽ–
ഉറങ്ങിക്കിടന്നൊരു–സർഗ്ഗചൈതന്യമേ
ഉണർന്നെണീൽക്കൂ–നവകർമ്മശക്തിതൻ
ഉണർത്തുപാട്ടുകൾ–ഉയരുന്നൂദൂരെ......

നവഭാരതശില്പികളേ
ഒരു നവയുഗശക്തികളേ
ഒരു സുഖമയ സ്വർഗ്ഗം മന്നിൽ
വിരിയട്ടേ–ഉണരുക നിങ്ങൾ—
നവഭാരതശില്പികളേ...

ഉയരട്ടേ കുടിലുകൾ മാറിയനശ്വരമോഹന സൗധങ്ങൾ
ഉതിരട്ടേ വീഥികൾതോറും വൈദ്യുതദീപ തരംഗങ്ങൾ
അകലട്ടേ വയലേലകളുടെയന്തർദ്ദാഹമതെന്നെന്നും
അണിയട്ടേ താരും തളിരുമൊരുജ്ജ്വല ജീവിത–
മെങ്ങെങ്ങും—നവഭാരതശില്പികളേ...

നിറവും തൊഴിലും ഭാഷയുമെല്ലാം–
മറന്നിടേണം നമ്മൾ–
മതങ്ങൾ കെട്ടിയ മതിലുകൾ തകർത്തു–
മനുഷ്യരൊന്നാകേണം
കലയുടെയഭിനവപനിനീർപ്പൂവുകൾ–
വിരിയട്ടേയീമണ്ണിൽ–
കരയും മാനവമനസ്സിനു മധുരം–
പകരും കലയുടെ പൂക്കൾ— നവഭാരതശില്പികളേ...

മഹിതാശയസുമദലവിരചിതമൊരു
മനോജ്ഞപാതയിതാ–
വിശ്വവന്ദ്യവിശാലമനസ്കൻ
ബാപ്പുജി കാട്ടിയ പാത–
നമുക്കു പോകാമിതിലേ–നമുക്കു പോകാമിതിലേ

രാഷ്ട്രശില്പിയാം ജവഹരിലാൽജി–
നമ്മെ നയിച്ചൊരു പാത–
സ്വാതന്ത്ര്യഭാരതഭദ്രതകാത്തൊരു
ശാസ്ത്രിജികാട്ടിയ പാത–
നമുക്കുപോകാമിതിലേ–നമുക്കുപോകാമിതിലേ

ചെറുകഥ

# മുന്തിരിച്ചാറിൽ കുറെ വേദനകൾ

R. SREENIVASA BHAT M. A. (Lecturer in Hindi)

സജീവമായിക്കിടന്ന സ്റ്റേഷൻ, വണ്ടി പോയപ്പോൾ നിർജ്ജീവമായി. പോർട്ടറന്മാർ അങ്ങിങ്ങായി ചടഞ്ഞുകൂടി. അയാൾ തന്റെ വാച്ചിലേക്ക് നോക്കി, മണി അഞ്ചര. നീണ്ടുകിടക്കുന്ന പാളങ്ങളിലേക്ക് ഉററുനോക്കി; അങ്ങകലെ തീവണ്ടി മറയുന്നു. അന്തിച്ചോപ്പിൽ അങ്ങ് അകലെ വണ്ടി തുപ്പിക്കളഞ്ഞ കറുത്ത പുക പൊങ്ങുന്നു. അതുപോലെ തന്റെ മനസ്സിലും, ജീവിതത്തിൽ സ്നേഹിക്കുകയും, സ്നേഹിക്കപ്പെടുകയും ചെയ്തവൾ, കുറെ മധുരക്കിനാവുകളും അതിലേറെ വേദനകളും തന്നുകൊണ്ട് ആ വണ്ടിയിലാണ് പോയി മറഞ്ഞത്.



"പ്രിയപ്പെട്ട ഓമനേ! നിനക്ക് നന്മവരട്ടെ" അയാൾ മനസ്സിൽ പ്രാർത്ഥിച്ചു.

X X X X X

നല്ല മനുഷ്യനായ മേനോന്റെ വീട്ടിൽ താമസമായപ്പോൾ ആഫീസിലെ സ്നേഹിതന്മാർ പറഞ്ഞു. "ഗോപി, ഭാഗ്യവാൻ തന്നെ, ഒന്നുമില്ലെങ്കിലും ഹോട്ടലിലെ ചപ്പും ചവറും കഴിക്കേണ്ടല്ലോ." അതെ, താൻ ഭാഗ്യവാൻ തന്നെ!

ശാന്തമായി ഒഴുകുന്ന അരുവിയുടെ താളത്തിനൊത്ത്, മുളിപ്പാട്ടിന്റെ ഈരടികൾ പോലെ പെട്ടെന്നാണ് ഓമന തന്റെ ജീവിതത്തിൽ കടന്നുവന്നത്. കുസൃതിപ്പെണ്കുട്ടി! വിടർന്ന കണ്ണുകളിൽ കുസൃതിത്തരം എപ്പോഴുമുണ്ടായിരിക്കും. അതു തന്നെ

ജനകോടികളൊററക്കെട്ടായ്
അലമാലകളിളകുംപോലെ—
നമുക്കു പോകാമിതിലേ—നമുക്കുപോകാമിതിലേ

നവഭാരതശില്പികളേ—
ഒരു നവയുഗശക്തികളേ
ഒരു സുഖമയസ്വർഗ്ഗം മന്നിൽ—
വിരിയട്ടേയുണരുകനിങ്ങൾ

ഒരുനവജീവിതകാഹളമൂതും
വസന്ത ഗായകർ നമ്മൾ—
നവയുഗകലയുടെ പുളകം പകരും
വസന്തഗായകർ നമ്മൾ,— നവ ഭാരതശില്പികളേ……



യായിരിക്കണം തന്നെ അവളിലേക്ക് ആകർഷിച്ചത്. പക്ഷേ അവൾ തന്നിലേയ്ക്ക് അടുത്തത്? ശൂന്യമായ ചോദ്യം.

കടലലകളുടെ മൂളിപ്പാട്ടാണ് അയാളെ കടപ്പുറത്തെത്തിയ വിവരം അറിയിച്ചത്. അയാൾ ചിന്തയിൽനിന്നുണർന്നു. ചുററും കണ്ണോടിച്ചുനോക്കി. മങ്ങിയ നിലാവെളിച്ചം പ്രശാന്തമായിക്കിടന്ന കടലിനെയും മണൽപ്പുറത്തെയും തഴുകിക്കൊണ്ടിരുന്നു. കടലലകളെ നോക്കി, അയാൾ മണൽപ്പുറത്ത് ഇരുന്നു. എന്നാലും മനസ്സിന്റെ മാറാമ്പൽ മാറുന്നില്ല. എത്രയെത്ര കടലലകൾ വരുന്നു, പോകുന്നു. ആരാണ് അവയെ ഗൌനിക്കുന്നത്. എന്നാലോ അവയില്ലെങ്കിലോ? കടൽ കടലല്ല. അയാൾ തന്റെ ചിന്തകളെ വേറെവഴിക്ക് തിരിക്കുവാൻ നോക്കി. ആഫീസ് കാര്യങ്ങളെപ്പററി ആലോചിച്ചു. പക്ഷേ തിരിഞ്ഞുമറിഞ്ഞു് ഓമനതന്നെ, മനസ്സിന്റെ കണ്ണാടിയിൽ തെളിയുന്നു. കുസൃതിപ്പെണ്ണ്! അവൾക്ക് ചിലന്തിവലയുടെ മനോഹാരിതയുണ്ട്. പക്ഷേ നശിക്കുന്നു. നശിപ്പിക്കപ്പെടുന്നു.

കടലലകളുടെ മൂളിപ്പാട്ട്………

ഇന്നലെ ഇതേസമയത്ത്, അവളും താനും ഇവിടെയുണ്ടായിരുന്നു. അവളുടെ മുടിയിൽ തിരുകിയിരുന്ന മുല്ലപ്പൂക്കളുടെ മണം, ഈ അന്തരീക്ഷത്തിൽ തങ്ങിനിന്നിരുന്നു. ഇന്നോ, താനും അർത്ഥമില്ലാതെ ശബ്ദിക്കുന്ന കടലലകളും, ഹൃദയവും അതുപോലെ. വിട്ടുപിരിയേണ്ടിവരുമെന്ന് തീർച്ചയായപ്പോൾ വികൃതിത്തരത്തിന് ഒരു വിഷാദത്തിന്റെ ഛായയുണ്ടായി, അവളുടെ വർത്തമാനത്തിന്. തനിക്കോ, ഒരുതരം നാടകീയത. പക്ഷേ അത് രണ്ടുപേരും അറിഞ്ഞു്. വാക്കുകൾക്ക് സ്വാഭാവികത വരുത്തുവാൻ നോക്കി. ഫലം പരാജയം. എന്നാലും ദൂരെയെങ്ങോ നോക്കിക്കൊണ്ടിരുന്ന തന്നോട് അവൾ ചോദിച്ചു.

"എന്താ ചേട്ടാ, ആലോചിക്കുന്നത്"

"ഓ……ഒന്നുമില്ല"

"കഥയാണോ"

"അല്ല……"

"പിന്നെ"

"ഒന്നുമില്ല"

തീരുന്ന വാക്കുകൾ. അവ കിട്ടാതെ രണ്ടുപേരും തപ്പിത്തടഞ്ഞു, വിങ്ങുന്ന ഹൃദയങ്ങളോടെ. എന്നാലും താൻതന്നെ സംസാരം തുടർന്നു. മിനുമിനുത്ത അവളുടെ കൈത്തലം, പരുപരുത്ത തന്റെ കൈക്കുള്ളിൽ പിടിച്ചുകൊണ്ട് പറഞ്ഞു.

"നിന്നെപ്പററി"

"എന്തൊന്ന്"

"കവിതയും, കഥയും"

"എന്നെപ്പററി ഒന്നും എഴുതേണ്ട"

"ഞാൻ എഴുതും" ഉറപ്പിച്ചു താൻ പറഞ്ഞു. നീലിമനിറഞ്ഞ അവളുടെ മിഴികളിൽ പളുങ്കുമണികൾ പൊടിഞ്ഞോ, അതോ മണൽത്തരി വീണോ? അവൾ പറഞ്ഞു.

"വേണ്ടാ എന്നെപ്പററിയൊന്നും എഴുതേണ്ടാ"

"ഇല്ല, ഞാൻ എഴുതും"

"ഞാൻ വേദനിക്കും ചേട്ട"

"എന്നാൽ……എഴുതുന്നില്ല." കുററബോധത്തോടെ താൻ പറഞ്ഞു. പക്ഷേ അവൾ തന്നെ പറഞ്ഞു.

"ചേട്ടന് ഇഷ്ടമാണെങ്കിൽ എഴുതു"

"ഇല്ല…ഓമനയ്ക്കു് ഇഷ്ടമല്ലല്ലോ"

"ഇഷ്ടമാണ്…എഴുതാമോ"

"…………"

"പറയൂ…ചേട്ടാ, എഴുതാമെന്ന്." അത് അവളുടെ യാചികലായിരുന്നു.

"നിനക്ക് വേദനയല്ലെ

"അല്ല"

"അപ്പോൾ ആദ്യം പറഞ്ഞത്"

"വെറുതെ പറഞ്ഞതല്ലെ"

"സന്തോഷമാണോ……ഓമനെ?"

"അതെ…"

"എന്നാൽ എഴുതാം." പോകാനായി അവൾ എണീററപ്പോഴാണ്, അവളുടെ കൈത്തലം തന്റെ പരുപരുത്ത കൈക്കുള്ളിലാണെന്ന് മനസ്സിലായത്.

"പോകാം ചേട്ടാ…നേരം വൈകി"

"ഓമനെ…"

"ഉം..."

"ഇരിക്കൂ...ഓമനെ." അനുസരണയുള്ള മാൻപേടയെപ്പോലെ അവൾ തന്റെ അരികെയിരുന്നു, അനുസരിക്കുവാൻ തയ്യാറായി.

"ആ പാട്ടൊന്ന് പാടൂ...ഓമനെ" പ്രതീക്ഷിച്ചിരുന്നവണ്ണം, അവൾ ഏററവും നന്നായി പാടി. തനിക്കുവേണ്ടി മാത്രം.

"വാസന്തരാവിലെ പൂക്കളെ
വാടുവതെന്തിനു ഈരാവിൽ..."

ഇന്നോ, അതിന്റെ മാറെറാലി മാത്രം, പിന്നെ ഈ താനും, അർത്ഥമില്ലാതെ ശബ്ദിക്കുന്ന കടലലകളും.

കാററത്ത് ഉലയുന്ന ചിലന്തിവലകൾപോലെ അയാളുടെ ചിന്തകൾ, അങ്ങുമിങ്ങും ഉലയുവാൻ തുടങ്ങി.

സാമാന്യം ധനസ്ഥിതിയുള്ള കുടുംബത്തിലെ ഏക പെൺസന്താനമാണ് ഓമന. വേനൽ ഒഴിവു അമ്മാവന്റെകൂടെ കഴിക്കുവാൻ വന്നു. പക്ഷേ ആഫീസ് ആവശ്യങ്ങൾക്കായി മേനോൻ സഞ്ചാരത്തിലായിരുന്നു അധികവും. താനും അവളും അടുക്കുവാൻവേണ്ടി, ദൈവം വിധിച്ചപോലെ. അവളെ ആദ്യമായി കണ്ടദിവസം അയാൾ ഓർത്തു...

അന്നും പതിവുപോലെ വൈകുന്നേരം, വീട്ടിൽ വന്നപ്പോൾ തന്റെ മുറിയിൽ മണിനാദംപോലെ വർത്തമാനം കേട്ടു. ശ്രദ്ധിക്കാതെ ഇരിക്കുവാൻ കഴിഞ്ഞില്ല. വെളുത്തനിറവും, വിടർന്ന കണ്ണുകളും, ആരെയും കൂസാത്ത നോട്ടവും—അതെ ഓമനയെ—താൻ ഇഷ്ടപ്പെട്ടിരിക്കണം. നീണ്ടതല്ലെങ്കിലും സമൃദ്ധമായി വളരുന്ന തലമുടി രണ്ടായി പിന്നിയിട്ടിരുന്നു. അതിൽ ചുവന്ന ഒരു റോസാപ്പൂവും. വളരെ പ്രത്യേകത തോന്നാത്ത വസ്ത്രങ്ങളും, ഉത്തരങ്ങൾ തനിക്കു തന്നെ ആവശ്യമില്ലാത്ത അവളുടെ ചോദ്യങ്ങളും. പക്ഷേ അവൾ തന്നെയും കുടുക്കി. അവൾ മുറിയിൽ ഒററയ്ക്കായപ്പോൾ, താൻ പെട്ടെന്ന് മുറിയിൽ കയറി. പെട്ടെന്ന് അവളുടെ ചോദ്യമാണ് എതിരേററത്.

"ഗോപി എന്നല്ലെ പേര്." അതേയെന്ന് പറയേണ്ടിവന്നു.

"അമ്മായിയെല്ലാം പറഞ്ഞു. എന്റെ പേര് ഓമനയെന്നാ." ഒന്നും പറയാതെ സ്തംഭിച്ചുനിന്നു. പക്ഷേ അവൾ തുടർന്നു.

"ബി. എസ്സ്സി. സെക്കണ്ടിയറിന് പഠിക്കുന്നു. ഒഴിവു കഴിച്ച് ഇവിടെ താമസിക്കുവാനായി വന്നു." ശ്രദ്ധിക്കാണ്ട് ഒഴുക്കൻ മട്ടിൽനിന്ന് മൂളിയപ്പോൾ പെട്ടെന്ന് ഒരു ചോദ്യം.

"എന്താ പിടിച്ചില്ലെ." തലയ്ക്കിട്ടു ഒന്നു കൊടുക്കുവാനാണ് തോന്നിയത്. പക്ഷേ പറഞ്ഞത് പിടിച്ചെന്നു മാത്രം. എന്നാലും അവളുടെ സംശയങ്ങൾ നിറഞ്ഞ ചോദ്യങ്ങൾ തുടർന്നു.

അതായിരുന്നു ആദ്യത്തെ പരിചയപ്പെടൽ. അവിടെനിന്ന് ഇങ്ങോട്ട്, പിണക്കത്തിന്റെയും ഇണക്കത്തിന്റെയും ദിവസങ്ങളായിരുന്നു. അതിൽ സ്നേഹത്തിന്റെ തെളിനീരുറവകൾ ഉണ്ടായിരുന്നു. പക്ഷെ പ്രതീക്ഷകൾ ഇല്ലായിരുന്നു. ഒരുദിവസം അവൾ ആശ്ചര്യത്തോടെ ചോദിച്ചു.

"ചേട്ടൻ കഥകൾ എഴുതാറുണ്ടോ?" ഒരിക്കലും പൂർണ്ണതയിൽ എത്താത്ത കഥകളുടെ കടലാസുകൾ. തന്റെ മുറിയിൽ വന്ന് അവൾ നോക്കിയിരിക്കണം. ഒന്നും പറയുവാൻ പോയില്ല. ഒഴിഞ്ഞുമാറുവാൻ നോക്കി. പക്ഷേ അവൾ വിട്ടില്ല.

"എന്താ കേട്ടില്ലെ. ...?" ദേഷ്യമാണ് തോന്നിയത്. പക്ഷേ നിഷ്കളങ്കത നിറഞ്ഞ മുഖത്തുനോക്കി ഒന്നും പറഞ്ഞില്ല. എഴുതാറില്ലെന്നുതന്നെ പറഞ്ഞു. എന്നാൽ സത്യം അറിയുന്ന അവൾ മുറിവിട്ടിറങ്ങി. പരിചയിച്ചിട്ട് രണ്ടാഴ്ചയോളമാകാത്ത എന്നോട് പിന്നെ രണ്ടു ദിവസത്തോളം വേണ്ടിവന്നു പിണക്കം മാറുവാൻ.

കടലലകളുടെ മൂളലുകൾക്ക് അയാളുടെ ചിന്തകളെ തെററിക്കുവാൻ കഴിഞ്ഞില്ല.

താൻ എന്തിനാണ് അവളുമായി ഇത്രകണ്ട് അടുത്തത്. അവളോട് ഇത്രകണ്ട് അടുക്കേണ്ടിയില്ലായിരുന്നു. എല്ലാം തന്റെ തെററുതന്നെ. അതോ ആ തെററ് സ്വാഭാ-



വികമോ? ആയിരിക്കാം. എന്നാൽ എന്തിനാണ് ഇത്രകണ്ട് നൊമ്പരം കൊള്ളുന്നത്. വേദനയാണോ? അല്ല. പിന്നെ താൻതന്നെ അറിയാത്ത എന്തോ ഒന്ന്! തന്നിൽ അസാധാരണമായി വല്ലതും ഉണ്ടായിരുന്നോ അവൾ തന്നിലേക്ക് അടുക്കുവാൻ? ഇല്ല, തീർച്ച. എന്നാൽ തനിക്ക് വല്ലതും ഉറപ്പിച്ച് പറയാമായിരുന്നു. പക്ഷേ ജീവിതത്തിലെ കടപ്പാടുകൾതന്നെ നിസ്സഹായനാക്കി. എന്നാൽ അവൾക്കോ? വികൃതിപ്പെൺകുട്ടി!

ഒരിക്കൽ, താൻ എഴുതിയതെന്തോ ഒന്ന് വായിച്ചുകഴിഞ്ഞ് ഒരു വിമർശകയെപ്പോലെ പറഞ്ഞു—"ചേട്ടന്റെ കഥകളിലെല്ലാം ഒരുതരം വല്ലായ്മയും, നിരാശയും കുറെയധികമുണ്ട്." കഥകളെല്ലാം കുറെ ഭാവനകളാണെന്നും, യഥാർത്ഥത്തിൽ തനിക്ക് അവയുമായി ബന്ധമൊന്നുമില്ലെന്നും പറഞ്ഞ് ഒഴിഞ്ഞുമാറി. അതിന്റേതായ ഫലം താൻ ഇപ്പോൾ അനുഭവിക്കുകയായിരിക്കാം. ഭാവനകൾ മാത്രമായിരുന്നുവെങ്കിൽ എന്ന് അയാൾ ആശിച്ചു. അങ്ങനെ താൻ ആദ്യം ധരിച്ചിരുന്നുവെങ്കിൽ, ഇത്രകണ്ട്, നൊമ്പരപ്പെടുകയില്ലായിരുന്നു. പക്ഷേ അവളോ തന്നോട് ഉറപ്പിച്ചൊന്നും പറഞ്ഞില്ലല്ലോ. എന്നാലോ, ഹൃദയത്തിന്റെ ഭാഷയെക്കാൾ വേറെ ഒരു ഉറപ്പുവേണോ? വെറും അവളുടെ ഒഴിവുകാലത്തിന്റെ മണിക്കൂറുകളിലും, ദിവസങ്ങളിലും താൻ ഒരു പങ്കാളിയായി. അത് അവൾക്ക് ഇഷ്ടമായിരുന്നു. തനിക്കും അതുപോലെ. പക്ഷേ ആ മണിക്കൂറുകൾ, മാസങ്ങളായി മാറിയത് രണ്ടുപേരും അറിഞ്ഞില്ല. കോളേജ് തുറന്നു. അവളെ യാത്രയാക്കാൻ താൻ സ്റ്റേഷൻ വരെ പോയി. വിധിയുടെ വിഷപ്പല്ലുപോലെ വണ്ടി അവളെ—ആ വികൃതിപ്പെണ്ണിനെ—ഏററിക്കൊണ്ട് ഓടിമറഞ്ഞു. നീലിമനിറഞ്ഞ അവളുടെ നീണ്ട കണ്ണുകളിൽ കണ്ണുനീർ പൊടിഞ്ഞോ? സൂക്ഷിച്ചില്ല. അവൾ ചോദിച്ചു.

"ഇനിയെന്ന് കാണും ചേട്ടാ......"

"ഇനിയും കാണാം ഓമനെ......" വരണ്ടപുഞ്ചിരിയോടെ പറഞ്ഞു. അത് അവൾക്ക് മനസ്സിലായോ? ആവോ.

"എന്നെ മറക്കുമോ." ഓർക്കുകയില്ലെന്ന് പറയുവാൻ കഴിഞ്ഞില്ല. എന്തോ പറഞ്ഞു. വിതുമ്പുന്നഭാഷയിൽ!

"എനിക്കുവേണ്ടിയെങ്കിലും എഴുതു ചേട്ടാ..." അത് അവളുടെ യാചിക്കലായിരുന്നു. തീർച്ചയായും, ഓമനയ്ക്കുവേണ്ടിയെഴുതുമെന്ന് പറഞ്ഞപ്പോൾ, വേർപാടിന്റെ നൊമ്പരത്തേക്കാൾ നന്ദിയുടെ പളുങ്കുമണികളാണ് അവളുടെ കണ്ണുകളിൽ പൊടിഞ്ഞത്. അപ്പോൾ താന്തോന്നിത്തം പറയുന്ന ഒരു പെണ്ണിനെയല്ല, പ്രതീക്ഷയോടെ വേർപെടുന്ന ഒരു പെൺകുട്ടിയെയാണ് അവളിൽ കണ്ടത്. പക്ഷേ ഇതൊന്നും കാണാണ്ട്, അന്തരീക്ഷത്തിൽ മലിനമായ പുക തുപ്പിക്കൊണ്ട് വണ്ടി ഓടിമറഞ്ഞു. എന്തൊരു രംഗമായിരുന്നു! ആയിരമായിരം കാര്യങ്ങൾ സംസാരിക്കണമെന്നുണ്ടായിരുന്നു; രണ്ടു ഹൃദയങ്ങളിലും...വാക്കുകൾ കിട്ടാതെ രണ്ടുമൂന്നു വാക്കുകളിൽ ഒതുക്കേണ്ടിവന്നു. അതുതന്നെ വേദനിക്കുന്ന രണ്ടുഹൃദയങ്ങളുടെ ചിത്രീകരണമായിരുന്നു.

ജീവിതത്തിന്റെ രണ്ടു ധ്രുവങ്ങളിൽ നിന്നു വന്നു, പെട്ടെന്ന് അടുത്തു. പെട്ടെന്ന് പിരിഞ്ഞു. മിന്നിമറയുന്ന മിന്നൽപോലെ, അതിന് ഭംഗിയുണ്ടായിരുന്നു. പക്ഷെ പുറകെ വന്ന ഇടിമുഴക്കത്തെപ്പററി ഓർത്തില്ല. വേദന!

* * * *

ചിന്നിച്ചിതറിവരുന്ന മഴത്തുള്ളികൾ, അയാളെ യഥാർത്ഥ ലോകത്തിൽ എത്തിച്ചു. ആർത്തിരമ്പുന്ന കടലലകൾ, മുററിനിൽക്കുന്ന പാറക്കൂട്ടത്തിന്മേൽ അടിച്ച് ചിന്നിച്ചിതറി. അയാൾ തന്റെ വാച്ചിൽ നോക്കി. മണി പത്ത്. പിടഞ്ഞെണീററ് തിരക്കേറിയ റോഡിൽനിന്ന് വന്ന അയാൾ, തിരക്കൊഴിഞ്ഞ റോഡിൽകൂടി വീട്ടിലേക്ക് നടന്നു. വേഗം നടന്നാൽ നനയാതെ കഴിയാം. എന്ന വിശ്വാസത്തോടെ. പാവം ആ സ്ത്രീ—അമ്മയെന്നുതന്നെ വിളിക്കട്ടെ—തന്നെയും കാത്തിരിക്കുകയായിരിക്കും. എന്നാലും ഓമന അയാളുടെ മനസ്സിന്റെ കണ്ണാടിയിൽ തെളിഞ്ഞു നിന്നിരുന്നു. മനോഹരമായ സ്വപ്നം പോലെ.

# പോകുന്നുഞാൻ.........

ശിവോള്ളി നാരായണൻ, Class iii Economics

പോറുകയാണിക്കലാലയം വിട്ടുഞാൻ
ഭാവിയിലേയ്ക്കിതാ നീറും മനസ്സുമായ്
ഇന്നലെയോളവും ഞാനോമനിച്ചതാം
സുന്ദരചിത്രങ്ങളിന്നിതാ മാട്ടുയായ്
ഇന്നലെയോളവും വാത്സല്യഭാവമോ-
ടെന്നെ ലാളിച്ചതാം നിന്നെ പിരികയായ്
സന്താപ സിന്ധുവിലന്ധമായ്‌വീഴ്കയോ
ചിന്താ പരിക്ലാന്തമന്തരംഗം സദാ
നിന്നെപിരിയുന്ന നേരമെൻ ജീവിത-
ത്തിനു നീ തന്നസംഭാവനയോജിപ്പുഞാൻ.
സംസ്കാരമാകും ചെടികളുഴതെൻെറ
ഹൃത്തടശ്ശുദ്ധിയ്ക്കു നട്ടവളർത്തി നീ
ഭാവുക ജീവിതമാനയിച്ചിട്ടവാൻ
ഭാവിയിലേക്കൊരു പാതനിർമ്മിച്ചുനീ
ജീവിതപ്പോരിലപജയം പററാതെ
ജീവിപ്പതിനൊരു മാർഗ്ഗം തെളിച്ചുനീ
നിന്നെപ്പിരിയുന്ന നേരമോർക്കുന്നുഞാൻ
എന്നുടെ ഹൃത്തിലാസുന്ദരഭാവന,
നിന്നെപ്പിരിയുന്ന നേരമോർക്കുന്നുഞാൻ
എന്നും ഭവതിയമായ സംഭാവന.

*   *   *   *

ഓമൽപ്രതീക്ഷാശതങ്ങളാലെന്നുടെ
കോമളഹൃത്തിൽഞാൻ നിർമ്മിച്ച പൂവനം
നാളെക്കിനാക്കളായ് വാടിക്കൊഴി-
ഞ്ഞിടാൻ
നിളെ വിരിഞ്ഞ മലരുകൾ കണ്ടുഞാൻ
ഉല്ലാസചിത്തനായാനന്ദമഗ്നനായ്
തെല്ലാശ്വസിച്ചൊന്നു വിശ്രമിച്ചീടവേ.
മാറിയെഴുതുകയായി വിധിയതിൽ
ക്രൂററു നില്ലും പ്രകൃതിപിണങ്ങയായ്
അംബരവീഥിയിലെങ്ങും നിറഞ്ഞൊരു



സുന്ദരതാരങ്ങളെങ്ങോ മറഞ്ഞുപോയ്
ഭീതിദമാമന്ധകാരം പരന്നുപോയ്
കോരിച്ചൊരിഞ്ഞു മഹാമാരി നിർഭരം.
ലോകത്തിലാനന്ദമൊട്ടു ലഭിക്കവാ-
നേകനായ് നിന്നെത്ര യാതനയേല്ക്കണം
ഒന്നു ചിരിച്ചാൽ മതി, തൻെറ കാലത്തി-
ലെന്നും കരയുവാൻ, കണ്ണീർപൊഴിയ്ക്കുവാൻ.
നല്ലിളംതെന്നലിലാടിക്കളിയ്ക്കുമുൽ-
ഫുല്ലമാമോമനപ്പൂക്കളിറുക്കവാൻ
തെല്ലുകഴിഞ്ഞില്ലെനിയ്ക്കിതാ തീരാപോ-
യല്ലലറിയാത്ത ധന്യമാം ജീവിതം.
ഓർക്കാതിരിപ്പാനസാദ്ധ്യമജ്ജീവിതം
കോരിത്തരിയ്ക്കുകയാണെൻ കരളിനെ.



# പരീക്ഷണശാലയിൽ

എൻ. കെ. ദേശം (പൂർവ്വവിദ്യാർത്ഥി)

കാലത്തിന്നൊരു മഞ്ഞക്കിളിയെ-
ക്കാണാൻതരമാ, യെന്നാലും
ഇങ്ങനെ നീറയും മധുരിമ ജീവനി-
ലെന്നാനിനച്ചിലണപോലും.

പുലിവാലാണ്, കെമിസ്ട്രിയെനിയ്ക്കൊരു
തലവേദനയായ് തോന്നകിലും.
മുത്തച്ഛന്മാർ നെട്ടനാൾനേടിയ
മുജ്ജന്മാന്തര സുകൃതത്താൽ
വങ്കനെനിയ്ക്കു തരപ്പെട്ടു, നിൻ
പങ്കാളിത്തം, സഹകരണം.
കുപ്പിയിലല്ലവു, മൊരുതിപ്പെട്ടിയു-
മല്ലം ലവണവുമെന്നരികിൽ
നീയുമിണങ്ങുകി, ലിയുള്ളവനൊരു
വെയ്യാം; ഇവിടം മമസ്വർഗ്ഗം!

ഇന്നൊരു പുതിയ പരീക്ഷണമത്രെ
വന്നതു നമ്മുടെയുഴത്തിൽ:
'പരത്നിർമ്മാണ '–മെനിക്കറിവില്ലാ-
ഷ്പണി; മുൻപരിചയമില്ലല്ലോ.
എൻകരമശ്രീകര,മതുതൊട്ടാ-
ലെന്തും മലിന, മലങ്കോലം.
(നേടിയതില്ല കനത്ത കരുത്ത-
ക്കേടല്ലാതെ.) നിനക്കെന്നാൽ
എന്തൊരുസുലളിത നൈപുണ്യം, കൈ-
ഷ്പണ്യം, മുദാത്തകലാബോധം!

തവ ശുശ്രൂഷയിലങ്ങനെ, നാനാ-
ലവണാമ്ലങ്ങൾ തിളച്ചുരുകി.
പലവർണ്ണങ്ങളിൽ നരിയിട്ടയതം
പതയും നുരയും കുമിളുകളും
ഉത്തംവെച്ചു പതുക്കെച്ചെറുനറ-
മുത്തുകൾ തെളിയും ക്രൂസിബിളിൽ
അന്നുത വികസിത ലോചന മഗ്നി-
ച്ഛദ്ധസമാധിയിൽ നീ നിൽക്കെ,
താവക മാദക താരുണ്യത്തിൻ
ധാരാളിത്തമളന്നേൻ ഞാൻ:
തളിരധരങ്ങളി, ലളകച്ചുരുളുകൾ
കളിയാടും പൂങ്കവിളുകളിൽ,
ശ്വാസവികാസ വികമ്പിത ശ്വാസോ-
ച്ഛ്വാസോച്ചളമൃദുവക്ഷസ്സിൽ,
സ്നിഗ്ദ്ധമനോഹര നഗ്നകൃശോദര-
വിദ്യുദ്രേഖാ വലയത്തിൽ.
(ശീലയിലുള്ള മികച്ച മിതവ്യയ-
ശീലമിതിനിയും വളരാവു!)
–എന്തിനു ക്രൂരത? ലടിമുടി പാഞ്ഞു
നിൻ തനുലതികയിലെന്മിഴികൾ
ചതുരം, വാനരചപലം, കൗതുക-
ചട്ടുലം നീയതറിഞ്ഞപ്പോൾ
വീർത്തും കേറി നിന, ക്കഭിമാനിനി
നീയൊരു മയിലിൻ മദമോടെ.
പരിഭവലജ്ജാവ്യഞ്ജകൾ, വളയും
പുരികക്കൊടികളിൽ വെളിവാക്കി,
തല വെട്ടിച്ചതിരില്ലെ, പ്പിലി-
ത്തഴതൊഴമഴകാം കുനു കുഴലാൽ
ഉൗക്കിലൊരടിയെൻ കരണത്തേല്പി-
ച്ചോക്കാ, തറിയാ, തരത്തൊടിയിൽ
തട്ടിയെറിഞ്ഞു ക്രൂസിബി, ളുടനതു
പൊട്ടിച്ചിതറി പതിനാറായ്.

നീയപരാധിനിയെൻനേർക്കുവശം
നീളും നീരണി മിഴിയോടെ,
ഉരിയാടാനൊരു വാക്കും കിട്ടാ-
തുഴറി വിതുമ്പും ചൊടിയോടെ,
ഭയസങ്കോച വിഷാദപരിഭ്രമ-
ഭരിതം നിന്നു പരുങ്ങുമ്പോൾ,
ദൈവം വന്നു ശിപായികുമാരൻ-
തൻ വടിവാ, ർന്നൊരു ചിരിയോടെ.
എട്ടണ തപ്പിയെടുത്തുടനടി ഞാൻ
ദക്ഷിണ നൽകി: പ്പിഴ മുഴവൻ
ഏററുപറഞ്ഞു: പൊടിപ്പും തൊങ്ങലു-
മേച്ചതൊട്ടുള്ള കഴിവതുപോൽ.
(ലാഭമതത്രേ–ബ്രേക്കേജൊന്നര
രൂപാ കൊട്ടക്കണമല്ലെങ്കിൽ.)
അക്കഥ്യാന ഫലിച്ചു: നമ്മുടെ
ഡെസ്ക്ക് ഇടച്ചു വെടിപ്പാക്കി
കരുണാമയനാപ്പുതുദൈവം ത-
ന്നരുളിയ പുത്തൻക്രൂസിബിളിൽ
നമ്മൾ പരീക്ഷണമാവർത്തിപ്പൂ
നന്ദിനിറഞ്ഞ മനസ്സോടെ.

നിയുഖമാതിരനാളിലെ വെൺകളി–
രമ്പിളിപോലെ തെളിഞ്ഞല്ലോ.
ഇപ്പുരൽ നിർമ്മിതി കൈപ്പിഴ മൂലമൊ–
രിത്തിരി വൈകിപ്പോയാലും,
ഈ രസതന്ത്ര പരീക്ഷണശാലയി–
ലീ പിടിച്ചു മടുത്താലും.
ചൂടും പുകയും വിഷമയമാം കെട്ട–
ച്ചൂരും ചുറ്റുമുയർന്നാലും,
ഇല്ല പരാതിയെനി, ജ്ജീവിതപുഷ്പസു–
ദുർല്ലഭ ശുഭദിനമാണല്ലോ.
ഉത്സവമല്ലോ മമ ഹൃദയത്തിന്ന
മത്സഖി, ത്വത്സുഖസന്നിധിയിൽ.
എൻ ചുമൽ മട്ടിയുതിർത്തിയിട്ടുടെ
നിൻ ചുടു വീർപ്പുകൾ തഴുകുമ്പോൾ
വട്ടം വീശി വിടന്ന വതന്നെൻ
ചുറ്റും പരിമള വലയങ്ങൾ;
മായാമയമൊരു മധുരാസ്വാസ്ഥ്യം
പായുകയാണെൻ ധമനികളിൽ;
വെമ്പി വിളമ്പും ഹൃത്സ്പന്ദങ്ങളിൽ
മുമ്പില്ലാത്തൊരു താളലയം,

പാളിപ്പുളയും പൊന്മയമൊരു തി–
നാളം പോലെ തെളിഞ്ഞരികിൽ
നീ നില്ക്കുമ്പൊഴതെൻ കരളിൻ ചെറു–
ചിന്നക്കളിമൺ ചഷകത്തിൽ
എത്ര കിനാവുകൾ, നോവുകൾ, നിനവുക–
ളെത്രനവാശയ കല്പനകൾ
ഉരുകിമറിഞ്ഞു തിളയ്ക്കുന്നു, ഞതി–
ലയതരം ധൂസര ധൂമികയിൽ
വിരിയുന്നു മഴവില്ലുക, ളുൽബണ–
പരിമള ധാരകൾ, പുലരൊളികൾ.
ഹാ, സഖി, നീയറിവീലെൻ മാനസ–
രാസപ്രക്രിയ, യെന്നാലും
മന്ദാക്ഷാർദ്രകലിത മനോഹര–
മന്ദസ്മിത മചിരാനന നീ
അഞ്ജന ലേപന മഞ്ജു ദൃഗഞ്ചല
ചഞ്ചല നീല ശലാകകളാൽ
മൽക്കരളിന്റെ യഗാധതലങ്ങളി–
ലിക്കിളിയാക്കിയിളക്കുമ്പോൾ
ഏതോ പരലുകൾ–പേരറിവില്ലാ–
വേർതിരിയുന്നുണ്ടതിനടിയിൽ !



# यह भारत देश हमारा है!

(K. Alexander, Class II Phy.)

आज गाँव के एक खेत में–
खडा होकर मैं देख रहा हूँ
सारी दुनिया में दीप फैलाकर
आते हुए इस सूर्य देव को।

सागर से अब शीतल समिरन
खोले फूल को चूम चूम कर,
होंठों में एक गीत के साथ
आकर देते शीतल तन को।

घास के ऊपर होते जलकण,
देख पडा है मोती जैसे।
नीचे बहते यह नाला सागर,
होते है इस गाँव का अनुग्रह।

आ गयी है खेत में अब,
किसानों का एक समूह,
अन्न पूर्ण के इस दफ्तर में
करने काम अनथक होकर।

पेड पर बैंठ एक कोयल अब,
गाने लगा एक सुन्दर गीत
मेरे मन में भी अब आता,
सुन्दर मधुरिम संगीत एक।

धीर जवान की और वीर पुत्र की
वीरता का इतिहास होते,
यह भारत देश हमारा है।
यह हिन्दुस्थान हमारा है॥

# राजी हो

(B. Parameswaran, III Physics)

पूर्ण है प्रकृति सुन्दरता से यह भारत।
सुलभ है स्वर्गतुल्य सौख्य यहाँ
तीन ओर इसके है सागर,
उत्तर में किरीट तुल्य शोभित है हिमालय।
बहती हैं गंगा यमुना आदि नदियाँ,
और बनाती है उपजाऊ इस पुण्य देश को॥



B. Parameswaran

पैदा हुए बडे बडे ज्ञानी यहाँ
कपिल, गोतम पांतजली जैसे,
व्यास ने अपनी रचनावों से,
जगाया है अखिल विश्व को॥

जन्मी है सीता जैसी आदर्श नारी,
और हनुमान जैसे आदर्श नर,
पैदा हुए यहीं पर
श्रीकृष्ण जैसे विद्वान, वीर, योगी, गुरु
और यहीं हुआ भगवतगीता का उपदेश।

जन्म लिया इसी पुण्य भू पर
हरिश्चन्द्र दधीची, कर्ण जैसे दानी बडे
वाल्मीकी, व्यास, कालिसे से कवि भी
औ' अशोक जैसे राजनीतिज्ञ॥

फैला इस पुण्य भूमि पर
गान्धीजी का सत्य औ' अहिंसा सिद्धान्त
यहीं पर नेहरु की जवाहर ज्योति चमकी है
जो कभी बुझेगा नहीं इस देश में॥

भारत माता का दुलारा लाल
बहादुर मातृभूमि का
लोहे सा कठोर कोमल नवनीत सा
शान्ति दूत धरती का
जो शान्ति केलिये जिया मरा
मरते मरते दे गया ताशकंद का करार
देश वासी जिसके रहेंगे सदा कृतज्ञ॥

स्वतन्त्र हैं हम भारतीय आज
दो सौ साल के गुलामी से
अहिंसा और पंचशील पावन सिद्धान्तों से
कोशिश करते हैं हम उन्नत बनने को॥



लगी है इस देश पर
दृष्टि दुष्ट दुश्मनों की
आक्रमण करके हम पर
डराना चाहते हैं धमकियों घुडकियों से॥

उनको एक कण धूल भी न देना इस देश की
यही रहे हर एक भारतीय का रट॥

जवान हैं हमारी सीमा के रक्षक।
किसान हमारे अन्नदाता,
मजदूर हैं इस सबल जाति का धन,
और एकता ही है हमारी शक्ति॥

जवानों को धैर्य और साहस देने को,
राष्ट्र को करने को प्रदान शक्ति,
भारत की स्वतंत्रता रखने को अक्षुण्ण
उदात हो बलिदान करने को सब कुछ॥

राष्ट्र है जीवन से महत्तर!
अतः राजी हो, भारतीयो राजी हो

जय जवान!
जय किसान!!
जय हिन्द!!!

# उनके जीवन से

(अशोक एम मेनोन)

(Pre-Degree 1st year IInd Group)

इस युग के दो महान पुरुष थे, महात्मा गान्धीजी और पं० जवाहरलाल नेहरु। उन दोनों ने भारतीय जनता की भलाई और कल्याण केलिये कठिन परिश्रम किया था। महात्माजी ने भारत में स्वतन्त्रता का दीपक जला दिया और दूसरेने अपनी मृत्यु तक भारत को उन्नति से उन्नति की ओर अग्रसर किया। दोनों जन्म से महान थे। दोनों हम जैसे साधारण लडके थे। ये दोनों अपने कठिन सतत प्रयत्न से महान बन गये।

गान्धीजी अपने लडकपन में एक खराब लडका था। अपने एक संबन्धी के सहवास में उसको सिगरेट पीने का शौक हुआ। पैसे तो उनके पास नहीं थे। उनमें से किसी को सिगरेट पीने का कोई फायदा मालूम नहीं था। गान्धीजी के चाचाजी को सिगरेट पीने की आदत थी। पैसे न होने के कारण वे चाचाजी के पीकर फेंके सिगरेटके टुकडों को चोरीमें लेकर पीते थे। पर उनसे ज्यादा धुआँ न निकलता था। इसलिये वे नौकरों के पैसे चुराने लगे। एक तरहके पौधेका डंडल सिगरेट की तरह जलता है, किसी मित्रने गान्धीजीसे यह बात बतायी। तब गान्धीजीने वह पौधा लाकर धुआँ उडाना शुरु किया। अपनी आत्मकथामें वे लिखते हैं "पर हमें संताप न हुवा। अपनी पराधीनता हमें खलने लगी। यह बडा कष्टदायक जान पडा कि बडोंकी आज्ञाके बिना कुछ भी न हो सके। हम बहुत परेशान हो गये। अंत को आत्महत्या करनेका निश्चय किया"। उन्होंने सुना था कि किसी वृक्षके बीज खानेसे मनुष्यकी मृत्यु होती है। इसलिये कहींसे बीज लाकर शामको वे एकान्तमें चले गये, पर ज़हर खाने की हिम्मत न हुई। तब उन्होंने समझ लिया कि आत्महत्या का विचार करना सरल है, पर आत्महत्या करना नहीं।

नेहरुजीके बचपन की एक घटना बहुत दिलचस्प है। अपनी आत्मकथा में वे लिखते हैं.... कोई पाँच छः वर्ष की मेरी आयु रही होगी। एक रोज़ मैंने पिताजी के मेज़ पर दो 'फाउन्टेन पेन' पडे देखे। मेरा जी ललचाया। मैंने दिलमें कहा... पिताजी एक साथ दो पेनों का क्या करेंगे। एक मैंने अपनी जेब में डाल दिया। बाद में बडी जोर की तलाश हुई कि पेन कहाँ चला गया? तब तो मैं घबराया। मगर मैंने बताया नहीं। पेन मिल गया और मैं गुनहगार करार दिया गया। पिताजी बहुत नाराज हुए और मेरी खूब मरम्मत हुई......"